
പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

മെയ് 2024





ഇരിങ്ങാലക്കുട കാറളം കൈനില പിഷാരത്ത് പത്മിനിയുടെ
ഷഷ്ട്യബ്ദപൂർത്തിയോടനുബന്ധിച്ച് കുടുംബം ഈ ലക്കം സമർപ്പിക്കുന്നു.

# Pisharody's

CATERING | AUDITORIUM | HERITAGE
RESTAURANTS | EVENT MANAGEMENT




**PISHARODYS VEG.RESTUARANT**
Nandikkara,Near paliyekkara
toll plaza, Mob : 9544276600



**PISHARODYS CONVERSATION CENTRE**
Near SDAHS, Kanniyampuram,Ottapalam
Mob : 9744477766




**PISHARODYS VEG. RESTUARANT**
Melemanjalungal,pattambi,
Mob : 9544906600





**PISHARODYS VEG.RESTUARANT**
Near police station,Guruvayoor
Mob : 9544256600



**PISHARODYS HERITAGE**
26th Mile, Kavalappara,
Mob : 9544796600




**PISHARODYS RESTUARANT**
Centre Square Mall, M.G.Road,
Kochi, Mob : 9544456600




**PISHARODYS RESTUARANT**
Kuruppam Road, Thrissur,
Mob : 9544466611

*Plan all your events under one roof !*

Kavalappara, Shornur

97 444 777 66, 95 446 06 600 pisharodyrsunu@gmail.com

"അകലെ വസിയ്ക്കുമ്പോഴും
അകമലരിൽ കരുതേണം
അമ്പലമണിതൻ നാദം
'തുളസീദള' സൌരഭ്യം"

# തുളസീദളം


പിഷാരോടി സമാജം പ്രസിദ്ധീകരണം

**2024 മെയ്**

**പുഷ്പം 45 / ദളം 2**

**1199 മേടം-എടവം**



## പത്രാധിപസമിതി

ചീഫ് എഡിറ്റർ:
**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ: **ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:
**ശ്രീ. സുരേഷ് ബാബു വിളയിൽ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**
**ശ്രീ. മുരളി മാന്നന്നൂർ**
**ശ്രീ. കെ.എൻ. വിജയൻ**
**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**
**ശ്രീ. വി.പി. മുരളീധരൻ**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

ഇല്ലസ്ട്രേഷൻ:
**ശ്രീമതി രാജി പിഷാരസ്യാർ**



Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
Ph : 0487-2384597
e-mail : mail@pisharodysamajam.com

Visit our website :
www.pisharodysamajam.com



വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ


## ദളസുഗന്ധം


**പത്രാധിപക്കുറിപ്പ്**....................................4

**പ്രതിഫലനം – വൈശാഖം**...........................6
എ.പി. സരസ്വതി

**തറവാടുകളുടെ ചരിത്രം – അപ്പംകളം തറവാട്**........8
ദേവി അപ്പംകളം

**കവിത – മിഴികളിൽ നിറഞ്ഞുനിൽക്കുന്ന സ്നേഹമൊഴികൾ**..................................12
നാരായണൻ പൊറ്റയിൽ

**ലേഖനം – രണ്ടു പ്രഹസനങ്ങൾ**......................15
അരവിന്ദാക്ഷൻ സേലം

**പൈതൃകപ്പഴമ – വിളയിൽ ചെന്താമര പിഷാരോടി**....17
സുരേഷ്ബാബു വിളയിൽ

**നമുക്കിടയിലെ വേറിട്ട വ്യക്തിത്വങ്ങൾ – ആൾക്കൂട്ടത്തിൽ തനിയെ**............................21
ഗോപൻ പഴുവിൽ

**ചെറുകഥ – ടേബിൾ ഫാൻ**...........................29
ഗിരിജാദേവി കെ.പി.

**ലേഖനം– ധൃതരാഷ്ട്ര ഉവാച**.......................31
മധുസൂദനൻ, മണക്കുളങ്ങര പിഷാരം

**ലേഖനം – ഈ വയസ്സായ കാലത്ത് എന്തിന്റെ കേടാ**...32
ഗോപിക നാരായണൻ

**ചരിത്രത്തിലൂടെ – അഖില കേരള പിഷാരോടി സമാജം റിപ്പോർട്ട്**.......33
സമ്പാ: അരവിന്ദാക്ഷൻ സേലം

**ഭക്തിയാത്ര – തിരുവണ്ണാമല, മുതുമല, ഉതുമല**......35
ഇന്ദിരാ ഗോപാലകൃഷ്ണൻ, ഷൊർണ്ണൂർ

**വൈവാഹികം**.......................................37

**ശാഖാവാർത്തകൾ**..................................41

**ആദരാഞ്ജലികൾ**..................................48


**മുഖചിത്രം:– പഴയ അപ്പംകളം തറവാടിന്റെ രൂപം ലേഖികയുടെ ഓർമ്മയിൽ നിന്നും ചിത്രകാരനിലൂടെ യാഥാർത്ഥ്യമാക്കിയത്.**

# നമ്മളോർക്കണം നമ്മളെങ്ങനെ നമ്മളായെന്ന്...

**ക**വി കടമ്മനിട്ട എഴുതി നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്... ഇവിടെ നമുക്ക് ഇങ്ങനെ ആവർത്തിക്കാം, നമ്മളോർക്കണം നമ്മളെങ്ങനെ നമ്മളായെന്ന്.

വ്യാകരണ സിദ്ധാന്ത പ്രകാരം നിങ്ങൾ എന്നത് ബഹു വചനമാണെങ്കിലും പ്രയോഗത്തിൽ പലപ്പോഴും അത് ഏക വചനമായി മാറുന്നു. നമ്മൾ എന്ന വാക്കിനും ചിലപ്പോൾ ഈ അവസ്ഥ ഉണ്ടാകുന്നുണ്ട്. അങ്ങനെ ഞാനും നമ്മളും ഒരേ സാരത്തിൽ എത്തുന്ന അപൂർവ്വ സന്ദർഭങ്ങളിൽ ഏറ്റവും പ്രധാനം നമ്മളറിയാതെ നമ്മിൽ പരുവപ്പെട്ട സ്വത്വമാണ്. അതിനെ സഹായിച്ചതാവട്ടെ പൈതൃകവും സംസ്കാരവും ചിലപ്പോഴെങ്കിലും നമ്മൾ ഇഷ്ടപ്പെടാത്ത, മറക്കാൻ ആഗ്രഹിക്കുന്ന പാരമ്പര്യവുമാണ്. കാര്യത്തിലേക്ക് വരാം.

എഴുപത്തി അഞ്ചു വയസ്സുള്ള ഒരു പിഷാരസ്യാർ. മക്കൾ രണ്ട് പേർ. ഒരാൾ മകൻ. മറ്റെയാൾ മകൾ. രണ്ടു പേരും കുടുംബസമേതം വിദേശത്ത് വളരെ നല്ല നിലയിൽ. നാട്ടിൽ ഇവർ മാത്രം. സഹായത്തിനു പുറത്ത് നിന്ന് ഒരു സ്ത്രീ ഉണ്ട്.

കഴിഞ്ഞ ഒഴിവ്കാലത്ത് രണ്ട് പേരും അവരുടെ കുടുംബത്തോട് കൂടി നാട്ടിൽ എത്തുന്നു. തുടർന്ന് ഗൃഹ നാഥ ആയ ഇവരെയും ചേർത്ത് ഒരാഴ്ച്ച നീണ്ടു നിന്ന ഗംഭീര വിനോദ യാത്ര. യാത്ര കഴിഞ്ഞ് എത്തിയ ശേഷം യാത്ര സമ്മാനിച്ച അമൂല്യങ്ങളായ കാഴ്ച്ചകളെപ്പറ്റി എല്ലാവരും ചേർന്ന് വിശദമായ ചർച്ച. പക്ഷെ നമ്മുടെ ഷാരസ്യാർ മാത്രം ചർച്ച കൗതുകത്തോടെ ശ്രദ്ധിക്കുന്നതല്ലാതെ ഒന്നും മിണ്ടുന്നില്ല. അപ്പോൾ മകൻ ചോദിക്കുന്നു.

'അമ്മയ്ക്കൊന്നും പറയാനില്ലേ..'

'ഞാൻ എന്ത് പറയാനാ മോനെ. എല്ലാം വളരെ ഗംഭീരമായി.'

'അങ്ങനെ പറഞ്ഞു ഒഴിഞ്ഞാൽ പറ്റില്ല. അമ്മക്ക് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലം ഏതായിരുന്നു?..'

'നിങ്ങൾക്ക് ഇഷപ്പെട്ടതൊക്കെ അമ്മയ്ക്കും ഇഷ്ടമല്ലേ..?'

'അത് അമ്മയുടെ സ്ഥിരം സുഖിപ്പിക്കൽ മറുപടിയാണ്. അത് വേണ്ട. അമ്മയുടെ മനസ്സിൽ ഏറ്റവും ഇഷ്ടം തോന്നിയ കാഴ്ച്ച എവിടെയായിരുന്നു... പറഞ്ഞേ പറ്റൂ..' അത് പറഞ്ഞത് മകൾ.

'നമ്മളേ ഈ മൂന്നാറോക്കെ കഴിഞ്ഞ് കൊറച്ചിങ്ങോട്ട് പോന്നപ്പോ വഴിയരികിൽ നിന്നിരുന്ന ഒരു കൂവളം കണ്ടോ? എത്ര എലയാ... അപ്പോ ഞാൻ നമ്മടെ പരമശിവനെ മനസ്സിൽ കണ്ടു...' അമ്മ വാചാലയായി.

'പഷ്ട്. ഇത്രേം ദിവസത്തെ ടൂറിൽ അമ്മ കണ്ടത് കൂവളം മാത്രം...' – മകൾ.

'അല്ല... പല ഭാഗത്തും കാട് പോലെ നിന്നിരുന്ന കൃഷ്ണ തുളസി. ആരും വെള്ളമൊഴിക്കുന്നില്ല. എന്നിട്ടും തഴച്ച് നിറഞ്ഞു നിൽക്കുന്ന ഇല കണ്ടോ? കൊതിയായി.. ഇറങ്ങി കൊറേ പൊട്ടിച്ചാലോ എന്ന് തോന്നിയതാ..'

'ഇനി അമ്മ കണ്ട അടുത്ത കാഴ്ച്ച എന്താന്ന് ഞാൻ പറയാം. തല പോയതും കുലച്ചു നിൽക്കുന്നതുമായ വാഴകൾ.... നാരിന് പറ്റിയ അതിന്റെ പിണ്ടിപ്പോളകൾ...' ഉയർന്ന പൊട്ടിച്ചിരികളിൽ മകൾ അമ്മയുടെ മറുപടി മുഴുവനാക്കി.

വലിയൊരു അപരാധം പറഞ്ഞോ എന്ന ആശങ്കയിൽ നിൽക്കുന്ന അമ്മയെ കെട്ടിപ്പിടിച്ചു കൊണ്ട് മകൻ പറഞ്ഞു.

'അമ്മ വിഷമിക്കണ്ട. അമ്മയെ ഇഷ്ടപ്പെടുത്തുന്ന ഏറ്റവും വലിയ കാഴ്ച്ച അത് തന്നെയാകും എന്നെനിക്കറിയില്ലേ...? വിദേശത്താണെങ്കിലും എന്റെ ഉള്ളിലും ഒരു അമ്പലവാസിയുണ്ട്. ചെത്തിയും മന്ദാരവും തുളസിയും കൂവളവും വല്ലപ്പോഴും സ്വപ്നത്തിൽ എത്താറുണ്ട്. അച്ഛനുമമ്മയും കെട്ടിയ മാ

ലപ്പൂക്കളുടെ മണവും നിവേദ്യച്ചോറും അല്ലേ ഞങ്ങളെ ഞങ്ങളാക്കിയത്. മക്കളോടും ഞങ്ങൾ ഇതൊക്കെ പറഞ്ഞു കൊടുത്തിട്ടുണ്ട്'

അതേ. അമ്പലവാസിയുടെ പഴയ തലമുറയുടെ സാമ്രാജ്യം അമ്പലം തന്നെയായിരുന്നു. ചക്രവർത്തി ശ്രീകോവിലിലെ ദേവീ ദേവനും. കഴകം അവർക്ക് വെറും തൊഴിൽ ആയിരുന്നില്ല. ആരാധന കൂടി ആയിരുന്നു. മനസ്സുകൾ യാതൊരു ഇൻഫെക്ഷനും ഏശാത്ത തുളസിയായിരുന്നു. സർവ്വ വിഷങ്ങളെയും ഒരു വിരൽപ്പാട് അകലെ നിർത്തിയ കൂവളത്തിലകളായിരുന്നു. നിഷ്ക്കളങ്കതയുടെ നിറവും മണവുമുള്ള നറു പുഷ്പങ്ങളായിരുന്നു.

കവി വള്ളത്തോൾ എഴുതിയ വരികൾ, ഏത് വിദേശത്ത് പോന്നു വസിച്ചാലും ഏകാംബ പുത്രരാം കേരളീയർ എന്നത് സന്ദർഭാനുസരണം അമ്പലവാസികൾ എന്നോ ഷാരടികൾ എന്നോ കൂടി മാറ്റിച്ചേർക്കാവുന്നതാണ്.

ഞാൻ ഒരു ഷാരടിയാണ് എന്ന് പറയുന്നത് അപമാനമായി തോന്നുകയും താൻ ജനിച്ച ജാതിയെ പരിഹാസത്തോടെ മാത്രം കാണുകയും ചെയ്യുന്ന അപഹാസ്യമായ അപകർഷതകളോട് പറയാനുള്ളതും ഈ കവിതാ വരികൾ മാത്രം.നിങ്ങളുടെ പിതാമഹന്മാരുടെ മുറ്റത്തും സുഗന്ധ വാഹിയായ ഒരു തുളസിത്തറ ഉണ്ടായിരുന്നു. തൊട്ടടുത്ത ക്ഷേത്രത്തിലെ ചൈതന്യത്തിനു മുന്നിൽ അതിന്റെ ഒരു ഇലയെങ്കിലും അർച്ചിക്കപ്പെട്ടിരുന്നു. ആ ഇലയ്ക്ക് ഒരു അമ്മയുടെ ഭക്തിയും സ്നേഹവും പ്രതീക്ഷയും നിറഞ്ഞ മണമായിരുന്നു. ആ മാതൃത്വത്തെ, കാരണമായ പൈതൃകത്തെ നെഞ്ചോട് ചേർക്കുമ്പോൾ മാത്രമാണ് നമ്മൾ നമ്മളാകുന്നത്. നമ്മൾ എത്ര ഉന്നതങ്ങളിൽ എത്തിയാലും നമ്മുടെ നെഞ്ചിൽ ഏതെങ്കിലും ക്ഷേത്രത്തിലെ ഒരു ചന്ദനത്തിരി എരിയുന്നുണ്ടെന്ന് നമ്മൾ തിരിച്ചറിയണം.

പിഷാരോടിമാരുടെ പൈതൃകവും പാരമ്പര്യവും സംസ്കാരവും ഉരുത്തിരിഞ്ഞ പഴയകാല തറവാടുകളെപ്പറ്റി തുളസീദളവും വെബ് സൈറ്റും വളരെ കൗതുകത്തോടെ അന്വേഷിക്കുകയാണ്. അപ്പംകളം പിഷാരത്ത് നിന്ന് ആരംഭിക്കാം. നിങ്ങൾക്ക് അറിയുന്ന തറവാടുകളെപ്പറ്റി ഞങ്ങളെ അറിയിക്കണം. അങ്ങനെ നമുക്കെല്ലാം ചേർന്ന് നമ്മുടെ വേരുകൾ കണ്ടെത്താം. വേരറിഞ്ഞ് വേണമല്ലോ വെള്ളവും വളവും ചേർക്കാൻ.

കേരളത്തിലെ ഉത്സവക്കാലം സമാപ്തിയിലേക്കടുക്കുകയാണ്. ഇപ്രാവശ്യത്തെ തൃശൂർ പൂരം വേദന കൂടി തന്നു എന്ന് പറയാതിരിക്കാൻ ആവില്ല. അന്തരീക്ഷത്തിലെ ചൂട് എല്ലാ അതിർ വരമ്പുകളെയും ഭേദിച്ചിരിക്കുന്നു.

എങ്കിലും മെയ് മാറ്റം കൊണ്ടുവരും എന്ന് ആശിക്കാം. തണുപ്പും കുളിരും കൈകുമ്പിളിൽ എത്തിച്ചു തരും എന്ന് മോഹിക്കാം.

മെയ് അവസാനം കേന്ദ്ര വാർഷികം നടക്കുകയാണ്. നമുക്കെല്ലാവർക്കും ചേർന്ന് വാർഷികം ഗംഭീരമാക്കാം.

ആശംസകളോടെ,

**പത്രാധിപസമിതി**

# സിവിൽ സർവീസ് പരീക്ഷയിൽ റാങ്കുമായി പിഷാരോടി



**എ**റണാകുളം, തൃപ്പൂണിത്തുറ കോട്ടക്കകം റോഡിൽ താമസിക്കുന്ന മുടവന്നൂർ പിഷാരത്ത് സുജയുടെയും പരേതനായ ഡോ. രവി പിഷാരോടിയുടെയും രണ്ടാമത്തെ മകൻ ഭരത് കൃഷ്ണ പിഷാരോടിക്ക് ഈ വർഷത്തെ സിവിൽ സർവീസ് പരീക്ഷയിൽ 347-ാം റാങ്ക് ലഭിച്ചു.

ഐ.എ.എസ്. ആണ് തന്റെ ലക്ഷ്യമെന്ന് ഭരത് പറയുന്നു. സഹോദരൻ ഡോ. ആദിത്യ പിഷാരോടി ഇന്ത്യൻ നേവിയിൽ ലഫ്റ്റനൻറ് കമാണ്ടർ ആണ്.

ഭരത് കൃഷ്ണ പിഷാരോടിക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

പ്രതിഫലനം

# വൈശാഖം



**എ.പി. സരസ്വതി**

**കീ**ർത്തിമാനെന്ന രാജാവ് പ്രജാവത്സലനായിരുന്നു. ജനങ്ങൾക്കു നന്മ വരുന്ന കാര്യങ്ങൾ രാജ്യത്ത് തടസ്സം കൂടാതെ നടത്തണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ഒരിക്കൽ നായാട്ടിനായി കാട്ടിലെത്തിയ അദ്ദേഹം വസിഷ്ഠമഹർഷിയുടെ ആശ്രമത്തിനടുത്തെത്തിയപ്പോൾ അവിടെയെങ്ങും കണ്ട പല സന്നാഹങ്ങളും കണ്ട് അത്ഭുതപ്പെട്ടു. യാത്രക്കാർക്കു വിശ്രമിക്കാനുള്ള തണൽപ്പന്തലുകൾ, തണ്ണീർപ്പന്തലുകൾ, പാചകപ്പുരകൾ, അന്നദാന ശാലകൾ എന്നിവയൊക്കെ കണ്ട് ആശ്ചര്യപ്പെട്ട് അവിടെയുള്ള മുനീശ്വരന്മാരോട് എന്താഘോഷമാണിവിടെ നടക്കുന്നതെന്നന്വേഷിച്ചു. എല്ലാ കാലത്തും പ്രത്യേകിച്ച് വൈശാഖമാസത്തിലനുഷ്ഠിക്കേണ്ട ധർമ്മങ്ങളാണിതെല്ലാം. കൂടുതലറിയാൻ ഗുരുവായ വസിഷ്ഠനോടുതന്നെ ചോദിക്കൂ എന്ന് അവർ നിർദ്ദേശിച്ചു. അതനുസരിച്ച് രാജാവ് വൈശാഖ ധർമ്മാനുഷ്ഠാനങ്ങൾ ഉപദേശിക്കണമെന്ന് വസിഷ്ഠമഹർഷിയോട് നേരിട്ടഭ്യർത്ഥിച്ചു.

പ്രാർത്ഥന, ജപം, ധ്യാനം, വേദോച്ചാരണം, സപ്താഹയജ്ഞം, സത്സംഗം, തീർത്ഥയാത്ര, അന്നദാനം, വസ്ത്രദാനം തുടങ്ങിയ ഈശ്വരീയ സേവകളൊക്കെ മനസ്സറിഞ്ഞു ചെയ്യേണ്ട ഏറ്റവും നല്ല സമയമാണ് വൈശാഖകാലം. ഇരട്ടി ഫലം ലഭിക്കുന്ന കാലം! ഗുരുപദേശമനുസരിച്ച് പറ്റാവുന്നത്ര നല്ല കാര്യങ്ങൾ സ്വന്തം രാജ്യത്ത് നടപ്പാക്കാൻ രാജാവിനോടൊപ്പം പ്രജകളും പിഴവുകൂടാതെ ഉത്സാഹിച്ചു. അതുകൊണ്ടെന്തായി? യമരാജാവിനു ജോലി കുറഞ്ഞു. എല്ലാവരും നേരെ വൈകുണ്ഠത്തിലേക്കുപോയി. യമന് സ്വധർമ്മമനുഷ്ഠിക്കാൻ അവസരമില്ലാതായി. യമപുരിയിലേക്ക് ആരുമെത്താതായി. അതുകൊണ്ടു തന്നെ അദ്ദേഹത്തിന് രാജാവിനോട് വൈരാഗ്യം തോന്നി. മാത്രമല്ല, രാജാവിനുനേരെ യുദ്ധത്തിനു ചെന്നു. രാജാവാകട്ടെ ഭയലേശം കൂടാതെ യമസൈന്യത്തോടെതിരിട്ടു. വൈശാഖ ധർമ്മമനുഷ്ഠിക്കുന്ന തന്റെ ഭക്തനായ രാജാവിനെ സഹായിക്കാൻ മഹാവിഷ്ണു സുദർശനചക്രത്തെ അയച്ചു. തന്റെ നേരെ വരുന്ന സുദർശനത്തെക്കണ്ട് ഭയപ്പെട്ടു നിൽക്കുന്ന യമനോട് ക്ഷമിക്കണേയെന്ന രാജാവിന്റെ പ്രാർത്ഥന കേട്ട് ചക്രം അപ്രത്യക്ഷമായി. വൈശാഖധർമ്മാനുഷ്ഠാനംകൊണ്ട് ശത്രുവിനോടുപോലും ദയാദാക്ഷിണ്യം കാണിക്കാനുള്ള മനോഭാവം രാജാവിനു കൈവന്നിരുന്നു. യമനാകട്ടെ ലജ്ജിതനായി ബ്രഹ്മാവിനെ സമീപിച്ച് തന്റെ ജോലിയിൽ വന്ന പ്രതിബന്ധത്തെക്കുറിച്ചറിയിച്ചു. എല്ലാവരും നേരെ വൈകുണ്ഠത്തിലേക്കു പോയാൽ തനിക്കെന്താണ് പണി എന്ന് സങ്കടപ്പെട്ട യമനേയും കൂട്ടി ബ്രഹ്മാവ് വിഷ്ണുവിനെ സമീപിച്ച് കാര്യം പറഞ്ഞു. മഹാവിഷ്ണു പുഞ്ചിരിച്ചു കൊണ്ട് യമനെ സമാധാനിപ്പിച്ചു. "ഇനി വരുന്ന രാജാക്കന്മാർ കീർത്തിമാനെപ്പോലെയാകില്ല. അങ്ങേക്കു ജോലി വർദ്ധിക്കും. ഭയപ്പെടേണ്ട. വൈശാഖ ധർമ്മാനുഷ്ഠാനങ്ങളിൽ യമപൂജ കൂടി ഉൾപ്പെടുത്തുകയും ചെയ്യാം." യമധർമ്മന് ആശ്വാസമായി. വൈശാഖമാസത്തിൽ യമപൂജ നിർബ്ബന്ധമാണത്രെ.

ഇക്കൊല്ലം മെയ് 9 മുതൽ ജൂൺ 6 വരെയാണ് വൈശാഖമാസം. ഇക്കാലത്ത് ഏറ്റവും നല്ല കാര്യങ്ങൾ ചെയ്യാൻ നമുക്കും സാധിക്കട്ടെ! വൈശാഖകാലത്തു മാത്രമല്ല, ആ ഒരു പരിശീലനത്തിലൂടെ എല്ലാ കാലത്തും അങ്ങനെത്തന്നെയാവട്ടെ!

## PET - 2000 സംഭാവന

കുമാരി നവിക അജയ് പിഷാരോടി, പറളി പെൻഷൻ ഫണ്ടിലേക്ക് 2000 രൂപ സംഭാവന നൽകിയിരിക്കുന്നു.

നന്ദി അറിയിക്കുന്നു.

സെക്രട്ടറി, PE & WS

# തുളസീദളം കെ.പി. നാരായണ പിഷാരോടി
## പ്രഥമ സാഹിത്യ പുരസ്കാരം പ്രശസ്ത സാഹിത്യകാരൻ ശ്രീ. സി. രാധാകൃഷ്ണന്



പിഷാരോടി സമാജത്തിന്റെ മുഖപത്രമായ തുളസീദളം മാസിക ഏർപ്പെടുത്തിയ പ്രഥമ **തുളസീദളം കെ.പി. നാരായണ പിഷാരോടി പുരസ്കാരം** പ്രശസ്ത സാഹിത്യകാരനായ **ശ്രീ. സി. രാധാകൃഷ്ണന്** സമർപ്പിക്കുന്നു. 11,111 രൂപയും പ്രശസ്തിപത്രവും ഫലകവുമാണ് പുരസ്കാരം.





അതോടൊപ്പം 2023-24 വർഷത്തിൽ തുളസീദളത്തിൽ പ്രസിദ്ധീകരിച്ചവയിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ട രചനകളുടെ സ്യഷ്ടാക്കൾക്കുള്ള **തുളസീദളം സർഗ്ഗ പ്രതിഭാ പുരസ്കാരം** പ്രശസ്ത എഴുത്തുകാരി **ശ്രീമതി രമ പ്രസന്ന പിഷാരോടിക്കും** **തുളസീദളം നവമുകുളം പുരസ്കാരം വിഷ്ണുദത്തിനും** നൽകുന്നതാണ്.

2024 ജൂൺ 2 ഞായറാഴ്ച ഉച്ചതിരിഞ്ഞു 3.30ന് തൃശൂർ പിഷാരടി സമാജം ആസ്ഥാനമന്ദിരത്തിൽ വെച്ച് നടക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ വെച്ച് പുരസ്കാരങ്ങൾ നൽകുന്നതാണ്. എല്ലാവരുടെയും സാന്നിദ്ധ്യ സഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നന്ദിയോടെ,
**കെ.പി. ഗോപകുമാർ**
ജനറൽ സെക്രട്ടറി)

# രമ പിഷാരോടിക്ക് അഴീക്കോട് തത്വമസി പുരസ്കാരം



**ഈ** വർഷത്തെ സുകുമാർ അഴീക്കോട് തത്വമസി പുരസ്കാരത്തിൽ കവിത വിഭാഗത്തിനുള്ള പുരസ്കാരം രമാ പിഷാരടിക്ക് ലഭിച്ചു. ഗൂഢം, വാക്കിലൊതുങ്ങാത്ത മൗനം എന്നീ കൃതികൾ പരിഗണിച്ചാണ് പുരസ്കാരം.

റിട്ടയർഡ് ജസ്റ്റീസ് കെമാൽ പാഷ (രക്ഷാധികാരി), ടി.ജി. വിജയകുമാർ (ചെയർമാൻ), അയ്മനം ജോൺ, കുരീപ്പുഴ ശ്രീകുമാർ, പ്രൊഫ. ബി. ജയലക്ഷ്മി, ബി. രാമചന്ദ്രൻ നായർ, പ്രസന്നൻ ആനിക്കാട്, ജി. പ്രകാശ്, അനിത കെ.ആർ., ബിജു കുഴിമുള്ളിൽ തത്ത്വമസി സാംസ്കാരിക അക്കാദമിയുടെ 12 പേരടങ്ങുന്ന അഡ്മിൻ പാനൽ എന്നിവർ ചേർന്നാണ് ജേതാക്കളെ തിരഞ്ഞെടുത്തത്.

മെയ് 12-ന് മലപ്പുറത്ത് വെച്ചു നടക്കുന്ന 'തത്ത്വമസി' സാഹിത്യോത്സവത്തിൽ വെച്ച് പുരസ്കാരങ്ങൾ നൽകും.

ശ്രീമതി രമ പിഷാരോടിക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

കഴിഞ്ഞലക്കം തുടർച്ച

# അപ്പംകളം തറവാട്



## പാങ്ങ് – കുറുവ ഗ്രാമപഞ്ചായത്ത്

**ദേവി അപ്പംകളം**
ഫോൺ: 9497811623



## അപ്പംകളം തറവാട് ചരിത്രം

### വള്ളുവനാട്ടിലെ പിഷാരങ്ങൾ

വള്ളുവനാട്ടിലെ പ്രഗൽഭരായ മൂസ്സതുമാരെപ്പോലെ വളരെ പ്രാചീനമാകുന്നു വള്ളുവനാട്ടിലെ പിഷാരടിമാരും. 'പിടാരക തിരുവടികൾ' എന്ന വാക്കിൽനിന്നാണ് 'പിഷാരടി' എന്ന വാക്കുണ്ടായത് എന്ന് പറയപ്പെടുന്നു.

വള്ളുവനാട്ടിലെ ആദ്യകാല പിഷാരങ്ങൾ ഇവയാണ്.

1) ആനായത്ത് --- തിരുവേഗപ്പുറ
2) ആണ്ടാള --- തിരുവേഗപ്പുറ
3) ആമയൂർ --- പട്ടാമ്പി - ആമയൂർ
4) ചെറുകാട് --- ഏലംകുളം

ഈ നാലു പിഷാരങ്ങൾക്കു പുറമെ രണ്ടു വീടുകളുമുണ്ട്.

5) മേലീട്ടിൽ (മേൽവീട്ടിൽ)
6) കീഴീട്ടിൽ (കീഴ്‌വീട്ടിൽ)

ഈ ആറ് പിഷാരങ്ങൾക്കു പുറമെ വള്ളുവക്കോനാതിരിയുടെ രണ്ടു സ്ഥാനികളും

7) ചെറുകര പിഷാരടി
8) അപ്പംകളം പിഷാരടി

അവസാനം പറഞ്ഞ രണ്ടു പിഷാരങ്ങളും വള്ളുവനാട്ടിലെ പതിനാറു സ്വരൂപികളിൽ പെട്ടവരാകുന്നു. ഇന്ന് വള്ളുവനാട്ടിൽ കാണുന്ന പിഷാരങ്ങളൊക്കെ ഈ നാലു പിഷാരങ്ങളിൽനിന്നും, രണ്ടു വീടുകളിൽനിന്നും, രണ്ടു സ്വരൂപങ്ങളിൽ നിന്നും വേർപിരിഞ്ഞതാകുന്നു.

(കടപ്പാട്: രാജേന്ദു, വള്ളുവനാട് ചരിത്രം)

### അപ്പംകളം – പേരു വന്ന വഴി

അപ്പംകളം തറവാടിന്റെ ചരിത്രം പരിശോധിച്ചാൽ പൂർവ്വികരുടെ ആസ്ഥാനം അങ്ങാടിപ്പുറത്തുനിന്ന് നാലു നാഴിക പടിഞ്ഞാറ് 'മാലാപറമ്പ്' എന്ന വനപ്രദേശത്തുള്ള 'പാലൂർകോട്ട'യിലെ 'അയ്യപ്പക്ഷേത്ര'ത്തിനടുത്തായിരുന്നു എന്ന് കാണുന്നു.

മൂത്ത പിഷാരടിയെ 'ഗോവിന്ദപുരം' എന്നുകൂടി ഭവനപ്പേരുള്ള അപ്പംകളത്തിൽ 'കിട്ടൻ' എന്ന ചെന്താമരപിഷാരടി എന്നായിരുന്നു പറഞ്ഞിരുന്നത്. ഇതിൽനിന്ന് 'അപ്പംകളം' എന്നത് ഇവരുടെ ഗൃഹത്തിന് പിന്നീട് വന്ന പേരാണെന്ന് വ്യ

ക്തമാണ്. കിട്ടൻ എന്നത് 'കൃഷ്ണൻ' എന്നതിന്റെ ഭാഷാരൂപമാകുന്നു.

പാലൂർകോട്ടയിൽ ചെന്താമരപ്പിഷാരടി താമസിച്ചുകൊണ്ടിരിക്കുമ്പോൾ പാറനമ്പി (മലപ്പുറം പാറനമ്പീശന്മാർ) ആക്രമിക്കാൻ ചെന്നു. അവിടെ താമസിക്കുന്നത് പിഷാരടി ആണെന്നറിഞ്ഞപ്പോൾ പാറനമ്പി പേടിച്ച് തിരിച്ചു പോയി. ആ കാലത്ത് വള്ളുവനാടിന്റെ അതിർത്തി 'തിരുനാവായ' വരെ ആയിരുന്നു. അതിൽ കോട്ടക്കലിൽ വള്ളുവനാട് രാജാവിന്റെ കോവിലകം സ്ഥിതി ചെയ്തിരുന്നു. അവിടെ താമസിച്ചിരുന്നത് കരുവായൂർ മൂസ്സത് എന്ന ഇപ്പോഴത്തെ കടുങ്ങപുരം മൂസ്സത് ആയിരുന്നു. അവരുടെ സ്ഥാനപ്പേര് 'കണ്ണൻ' എന്നായിരുന്നു. കരുവായൂർ മൂസ്സത് (കരുവായൂർ വംശം) അവിടെ താമസിച്ചു കൊണ്ടിരിക്കുമ്പോൾ കോവിലകം ആക്രമിക്കാൻ സാമൂതിരി പടയുമായി എത്തുകയും, ആക്രമണത്തിൽ കരുവായൂർ മൂസ്സതുമാർ പരാജയപ്പെടാൻ തുടങ്ങിയപ്പോൾ അവർ ചെന്താമര പിഷാരടിക്ക് വിവരം കൊടുക്കുകയും ചെയ്തു. വള്ളുവനാട് രാജാവിനു വേണ്ടി ഉടൻ തന്നെ കരുത്തനും നല്ല അഭ്യാസിയും മന്ത്രിയുമെല്ലാമായിരുന്ന ചെന്താമര പിഷാരടിയും 64 പുള്ളിയാതിരിമാരും (ഭടന്മാരും) കോവിലകത്തു ചെന്നു. 64 പുള്ളിയാതിരിമാരെയും പുറത്ത് നിർത്തിയിട്ട് പയറ്റ് അറിയുന്ന ചെന്താമര പിഷാരടി മാത്രം അകത്തു കടന്നു.



**കോട്ടക്കൽ കോവിലകം**

കോട്ടക്കൽ കോവിലകത്തിന്റെ മുഴുവൻ ഉള്ളുചരിത്രവും അറിയാവുന്ന വ്യക്തിയായിരുന്നു അദ്ദേഹം. മൂന്നു ദിവസം രാപ്പകലില്ലാതെ ചെന്താമര പിഷാരടി പടനായകരുമായി പയറ്റി.

രാത്രിയായപ്പോൾ യുദ്ധമുറ കണ്ട്, ആട്ടിയമ്മ (സാമൂതിരി രാജാവിന്റെ രാജ്ഞി) ചെന്താമരയ്ക്ക് കോലുവിളക്ക് കാണിച്ചു കൊടുത്തുവത്രേ. സാമൂതിരി രാജാവ്, കാരണം ആരാഞ്ഞപ്പോൾ 'എന്റെ നാട്ടുകാരനാണ്, കൂടാതെ രാത്രി ഇരുട്ടത്ത് യുദ്ധം ചെയ്യാനും പാടില്ല. അതാണ് വിളക്ക് കാണിച്ചുകൊടുത്തത്' എന്ന് ആട്ടിയമ്മ പറഞ്ഞു പോലും. അതുകേട്ട് കോപം പൂണ്ട സാമൂതിരി രാജാവ് ആട്ടിയമ്മയെ അവിടുന്ന് പുറത്താക്കി. (സാമൂതിരിരാജാവിന്റെ പത്നി പാങ്ങ് വെങ്ങാടുള്ള പാതിരംകുന്നത്ത് വെള്ളോടി കുടുംബത്തിലെ ഒരു സ്ത്രീ ആയിരുന്നെന്ന് പറയപ്പെടുന്നു). ആട്ടിയമ്മ കരഞ്ഞുകൊണ്ട് നടന്ന് തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രത്തിലെത്തി. സമയം ഉച്ച തിരിഞ്ഞിരുന്നു. അപ്പോൾ ശാന്തിക്കാരൻ ആട്ടിയമ്മയുടെ ദുഃഖശമനത്തിനായി ഒരു പൂജ കഴിച്ചു. അതാണത്രെ 'തിരിഞ്ഞു പന്തീരടിപ്പൂജ' എന്ന് പറയുന്നത്. ഇതേ കഥ 'ചെമ്മല ചക്കി' (സമൂതിരിയുടെ പത്നി) യെക്കുറിച്ചും കാണുന്നുണ്ട്.



**അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ക്ഷേത്രം**

യുദ്ധത്തിൽ, അവസാനം ചെന്താമര പിഷാരടി വെട്ടേറ്റ് മരണപ്പെട്ടു. ഇദ്ദേഹത്തിന്റെ പരാജയം കണക്കാക്കാതെ കരുവായൂർ വംശം കടുങ്ങപുരത്തേക്ക് ഓടിപ്പോയി. പിന്നീട് അവർ നേരെ പോയത് ചെന്താമര പിഷാരടിയുടെ സ്ഥലമായ പാലൂർകോട്ടയിലേക്കാണ്. അവിടെ അപ്പംകളത്തിലെ ചെന്താമര പിഷാരടി ഇല്ല എന്നറിഞ്ഞിട്ട് പാറനമ്പി വീണ്ടും യുദ്ധത്തിന് വന്നു. പാറനമ്പി പാലൂർകോട്ട ആക്രമിക്കാൻ വന്നപ്പോൾ കരുവായൂർ മൂസ്സതുമാർ ആയിരുന്നു അവിടെ ഉണ്ടായിരുന്നത്. അവർ പേടിച്ച് വീണ്ടും കടുങ്ങപുരത്തേക്ക് ഓടിപ്പോയി. ചെന്താമര പിഷാരടി മരിക്കുന്ന സമയത്ത് ശപിച്ചിട്ടുണ്ടത്രെ, 'കരുവായൂർ വംശം മുടിഞ്ഞുപോട്ടെ, കോട്ടക്കൽ കോവിലകം കിട്ടാതെ പോട്ടെ' എന്ന്.

അങ്ങനെയാണ് കഥയുടെ ഒരു ഭാഗം.

അപ്പംകളം ചെന്താമര പിഷാരടിയുടെ താവഴിക്കാർ പാലൂർകോട്ടയിൽനിന്ന് പിന്നീട് അഭയം പ്രാപിക്കുന്നത് പാങ്ങിലെ വല്ലംകുളങ്ങര (അയ്യപ്പൻകാവ് സ്ഥിതി ചെയ്യുന്ന രാമൻകാവിൽ) ആണ്.

64 പുള്ളിയാതിരിമാരും ഇവരുടെ കൂടെ രാ

മൻകാവിലേക്ക് വന്നു എന്ന് പറയപ്പെടുന്നു. വള്ളുവനാട് രാജാവായിരിക്കാം പിഷാരസ്യാരമ്മക്കും ചെന്താമരപിഷാരടിയുടെ താവഴിക്കാർക്കും കുളിച്ചുതൊഴാൻ രാമൻകാവിൽ അയ്യപ്പക്ഷേത്രം പണി കഴിപ്പിച്ചതെന്നും പിഷാരസ്യാരമ്മയുടെ തമ്പുരാൻ ആണ് പണി കഴിപ്പിച്ചതെന്നും വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നു. അവിടെ അവർ താമസിച്ചിരുന്ന തറവാടിന്റെ തറ ഇപ്പോഴും ഉണ്ട്. മണിക്കിണർ, വള്ളംകുളം എന്ന് പേരുള്ള ഒരു വലിയ കുളവും ചെറിയ ഒരു കുളവും, അവിടെ ഉണ്ട്.

പിഷാരസ്യാരമ്മയുടെ ഭർത്താവ് അപ്പൻ തമ്പുരാൻ ആണെന്ന് വിശ്വസിക്കുന്നു. നരിങ്ങാപ്പറമ്പുകാർ അവരുടേതാണെന്നു കരുതിയിരുന്ന രാമൻകാവ് അയ്യപ്പക്ഷേത്രം അപ്പംകളത്തുകാരുടേതാണെന്നു പ്രശ്നത്തിൽ കണ്ടെത്തിയത്രെ.

തെക്കും പാങ്ങിൽ സ്ഥിതി ചെയ്യുന്ന കളത്തിലാണ് പിന്നീട് അവർ താമസം തുടങ്ങിയത്. കൂടുതൽ ജനവാസയോഗ്യമായ സ്ഥലത്തേക്ക് വന്നു എന്നു വേണം കരുതുവാൻ. ഈ കളം ആണ് പിന്നീട് 'അപ്പംകളം' എന്ന പേരിൽ ഏറെ കാലം നിലനിന്നുപോന്നതും.

എടപ്പള്ളി തമ്പുരാന്റെ കളം ആയിരുന്നു അപ്പംകളം എന്നും പറയപ്പെടുന്നു. (ശരിയാണോ എന്നറിയില്ല)

അപ്പംകളത്തുകാർ വലിയ കേമന്മാരായി നില നിന്നിരുന്ന കാലത്ത് പൊന്മള ശിവക്ഷേത്രത്തിൽ തേവർക്ക് തൃപ്പുക (അപ്പം) നിവേദിക്കുന്ന അവകാശം അപ്പംകളത്തുകാർക്കായിരുന്നു.

വൈകുന്നേരത്തെ പൂജ കഴിഞ്ഞ്, സുഗന്ധ ദ്രവ്യങ്ങൾ പുകച്ച് തേവർക്ക് അപ്പം നിവേദിക്കലാണ് 'തൃപ്പുക'. 1935 വരെ എല്ലാ വർഷവും അപ്പംകളത്തിൽനിന്ന് 10 പറ നെല്ല് ഇതിനുവേണ്ടി ഈ അമ്പലത്തിലേക്കെത്തിച്ചിരുന്നു. പിന്നീട് നെല്ലിനു പകരം അതിനു തുല്യമായ പണമാണ് കൊടുത്തിരുന്നത്. പൊന്മള ശിവക്ഷേത്രത്തിൽ അപ്പം നിവേദിക്കുന്ന അവകാശത്തിൽ നിന്നാണ് തറവാടിന് 'അപ്പംകളം' എന്ന പേര് വന്നതെന്ന് മറ്റൊരു കഥ.



**പൊന്മള ശിവക്ഷേത്രം**

വിവാഹശേഷം ഒരു വർഷത്തിനുള്ളിൽ അപ്പംകളത്തിലെ പെൺകുട്ടികൾ ഭർത്താവുമൊത്ത് പൊന്മള ശിവക്ഷേത്രത്തിൽ പോയി തൊഴുത് അനുഗ്രഹം വാങ്ങണം എന്നാണ് വിശ്വാസം.

വല്ലംകുളത്തുനിന്ന് വന്ന ആ പിഷാരസ്യാരമ്മയുടെയും അപ്പൻ തമ്പ്രാന്റെയും മക്കളാണ് അപ്പംകളത്തുകാർ എന്നും പറയപ്പെടുന്നു. പുരയിടത്തിന്റെ പടിഞ്ഞാറെ മൂലയിൽ ഒരു വിഷ്ണുക്ഷേത്രം ഉണ്ടായിരുന്നു എന്ന അനുമാനം നിലനിൽക്കുന്നു. തമ്പ്രാന്റെ മക്കളാണെങ്കിലും, 'മരുമക്കത്തായ' സമ്പ്രദായമാണ് നിലനിന്നിരുന്നത്.

(16 കെട്ടായിരുന്ന തറവാടിനെക്കുറിച്ചും താവഴി പരമ്പരകളെക്കുറിച്ചും ഉള്ള വിശേഷങ്ങൾ അടുത്ത ലക്കത്തിൽ....)


## അഭിനന്ദനങ്ങൾ



വിഘ്നേഷ് അജിത് കുമാർ പിഷാരടി ലണ്ടനിലെ കോവെൻട്രി സർവകലാശാലയിൽ നിന്ന് ഫിനാൻസ് ടെക്നോളജിയിൽ M.Sc ഡിസ്റ്റിംഗ്ഷനോടെ വിജയിച്ചു. കോട്ടയം ശാഖാ അംഗങ്ങളായ പയ്യപ്പാടി വെന്നിമല പിഷാരത്ത് എം.എസ്. അജിത്കുമാറിന്റെയും പൊന്നാനി കിഴക്കേപ്പാട്ട് പിഷാരത്ത് കവിതയുടെയും മകനാണ്.

വിഘ്നേഷിനു പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# തറവാടുകളുടെ ചരിത്രം



നിങ്ങളുടെ പിഷാരത്തെക്കുറിച്ച്, തറവാടിനെക്കുറിച്ച്, നമ്മുടെ വെബ് സൈറ്റിലുള്ള താഴെക്കാണുന്ന പേജിൽ വിവരങ്ങളുണ്ടോ?

https://www.pisharodysamajam.com/sakhas/pisharams/

പണ്ടുകാലം മുതൽ നിലനിന്നിരുന്ന പിഷാരങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, നിങ്ങളുടെ തറവാടുകളെക്കുറിച്ചുള്ള ചരിത്രം തുടങ്ങിയവ, ശേഖരിച്ചു വെച്ച് വരും തലമുറക്ക് കൂടി ഉപകാരപ്രദമാക്കുക എന്നതാണ് ഈ പേജിന്റെ ഉദ്ദേശ്യലക്ഷ്യം.

പേര് ഇതിലില്ലെങ്കിൽ ഞങ്ങൾക്കയച്ചു തന്നാൽ പുതുക്കാം. ഇതിൽ പേരുള്ളതും, അതെ സമയം കൂടുതൽ വിവരങ്ങൾ ഇല്ലാത്തതുമായവ, നിങ്ങൾക്കറിവുണ്ടെങ്കിൽ തന്നാൽ അതും അപ്ഡേറ്റ് ചെയ്യുന്നതാണ്.

കൂടാതെ കഴിഞ്ഞ ലക്കം മുതൽ പ്രസിദ്ധീകരിച്ചു വരുന്ന അപ്പംകളം തറവാടിന്റെ ചരിത്രം പോലെ ഓരോ തറവാട്ടിനുമുണ്ടാവും ചരിത്രം. അവ ലേഖനരൂപത്തിൽ അയച്ചു തന്നാൽ തുളസീദളത്തിലും പ്രസിദ്ധീകരിക്കുന്നതാണ്.

അറിയട്ടെ വരും തലമുറ നമ്മുടെ തായ് വേരുകളുടെ ചരിത്രം.

വിവരങ്ങൾ അയക്കേണ്ട വിലാസം:

Whatsapp നമ്പർ: 73044 70733 അല്ലെങ്കിൽ mail.pisharodysamajam@gmail.com

**എഡിറ്റർ/വെബ് അഡ്മിൻ**

# അഭിനന്ദനങ്ങൾ



**കോ**യമ്പത്തൂർ ഡോ.എസ്.എൻ.എസ് രാജലക്ഷ്മി കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ B.COM ഇൻഫർമേഷൻ ടെക്നോളജി വിദ്യാർത്ഥി, പീതാംബരൻ അച്യുതൻ പിഷാരടിയുടെയും സൗമിനി പീതാംബരൻ പിഷാരടിയുടെയും മകൻ, വിഷ്ണു പീതാംബരൻ പിഷാരടി 2024 ലെ മികച്ച ഔട്ട്ഗോയിംഗ് സ്റ്റുഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടു.

ബിരുദ യാത്രയിലുടനീളം അക്കാദമിക്, പാഠ്യേതര പ്രവർത്തനങ്ങളിൽ നടത്തിയ മികവുറ്റ പ്രകടനം അംഗീകരിച്ചാണ് ഈ അവാർഡ്. അഭിരുചി പരീക്ഷകൾ, അവതരണങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ, അഭിമുഖം എന്നിവയുൾപ്പെടെ കർശനമായ സ്ക്രീനിംഗിലൂടെ നടന്നുകയറിയാണ് വിഷ്ണു കിരീടം നേടിയത്.

പ്രശസ്ത തമിഴ് പ്രഭാഷകനും എഴുത്തുകാരിയും വിദ്യാഭ്യാസ വിചക്ഷണനും മോട്ടിവേഷണൽ സ്പീക്കറുമായ ഡോ. പർവീൺ സുൽത്താന, പ്രശസ്ത തമിഴ് പ്രഭാഷകനും, എഴുത്തുകാരനും, വിദ്യാഭ്യാസ വിദഗ്ധനും, മോട്ടിവേഷണൽ സ്പീക്കറും, അറിയപ്പെടുന്ന സംവാദകനും, ഹരിഭവൻ ഹോട്ടൽസ് മാനേജിംഗ് ഡയറക്ടറുമായ ബാലചന്ദ്രൻ രാജു എന്നിവരിൽ നിന്ന് 2024 മാർച്ച് 28 ന് കോയമ്പത്തൂർ ഡോ.എസ്.എൻ.എസ് രാജലക്ഷ്മി കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ വെച്ച് നടന്ന ചടങ്ങിൽ വിഷ്ണു അവാർഡ് ഏറ്റുവാങ്ങി.

വിഷ്ണുവിന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

കവിത

# മിഴികളിൽ നിറഞ്ഞുനിൽക്കുന്ന സ്നേഹമൊഴികൾ




നാരായണൻ പൊറ്റയിൽ

ഫോൺ: 9447571346


**അ**ന്നൊരു നാൾ ഈ മിഴികളിൽ
സ്നേഹമൊഴികൾ
തിരഞ്ഞു നടക്കവേ...,
ജീവിതത്തിൻ ഇഴയടുപ്പം
ഹൃദയത്തിലെ സ്വപ്നക്കൂട്ടിൽ
ചേക്കേറിയോ...!

മനസ്സിൻ അകക്കണ്ണുകൾ
കണ്ണാടിപോൽ
പ്രകാശം പൊഴിക്കവേ..,
സ്നേഹത്തിരകൾ മെല്ലെമെല്ലെ
തലോടിയെത്തുന്നുവല്ലോ....
പലപല ഭാവങ്ങൾ
പകർന്നുനൽകിയ ശേഷം
അവസാനമാ മണൽത്തരികളെ
ചുംബിച്ച ശേഷം
വിടവാങ്ങിയല്ലോ...!

കൊതിച്ചുപോകുന്നുവല്ലോ....
വീണ്ടുമാ പുഞ്ചിരിച്ചിന്തുകൾ
പൊഴിയും മൊഴികൾക്കായ്...
കാതുകളിൽ പതിക്കും
സുന്ദരമാം കഥകൾക്കായ്...
മനസ്സു തുറന്നു നിൽപ്പൂ
ഒരിറ്റു സ്നേഹത്തിനായ്
കൊതിക്കും ഹൃദയത്തിൻ
ഉള്ളറകൾ കവർന്നെടുത്ത്
എങ്ങോ പോയ്
മറഞ്ഞതറിയാതെ,
മിഴിനീരണിഞ്ഞു വിതുമ്പി
നിലകൊൾവൂ...
ഇടംനെഞ്ചിലെ സ്പന്ദനങ്ങളിൽ
ലയിച്ചുചേർന്നു നിൽപ്പൂ...!

സ്നേഹപ്പൂക്കൾ
വിരിഞ്ഞു നിൽക്കും
ഹൃത്തടത്തിൽ നിന്നുയിർകൊണ്ട
അസാധാരണമാം ഇഷ്ടമേ...!
അകന്നുപോയെങ്കിലും
മോഹിച്ചുപോകുന്നു...,
ഇനിയും മാനസങ്ങൾ
ഒരുമിച്ചു ചേർത്തൊന്നു
പുൽകാനായ് വന്നെത്തും
നാളുകൾക്കായ്...

●

## LSV ഫൌണ്ടേഷൻ യുവഗായക പുരസ്കാരം കഥകളി സംഗീതജ്ഞൻ കോട്ടക്കൽ സന്തോഷിന്



**തൃ**ശൂർ കഥകളി ക്ലബിന്റെ LSV ഫൌണ്ടേഷൻ യുവഗായക പുരസ്കാരം കഥകളി സംഗീതജ്ഞൻ കോട്ടക്കൽ സന്തോഷിന് ലഭിച്ചു.

2024 മെയ് 4നു വൈകീട്ട് 3 മണിക്ക് തൃശൂർ റീജിയണൽ തീയേറ്ററിൽ നടക്കുന്ന ചടങ്ങിൽ വെച്ച് പുരസ്കാരം സമർപ്പിക്കും.

ശ്രീ കോട്ടക്കൽ സന്തോഷിന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# ഷഷ്ട്യബ്ദപൂർത്തി ആശംസകൾ

**17.04.2024**



## കാറളം കൈനില പിഷാരത്ത്

# പത്മിനി

കാറളം കൈനില പിഷാരത്ത് നളിനി പിഷാരസ്യാരുടെയും
നായത്തോട് നടുവിൽ പിഷാരത്ത് പരേതനായ
ഡി. അച്യുത പിഷാരോടിയുടെയും (മുൻ കേന്ദ്ര വൈസ് പ്രസിഡന്റ്) മകൾ

ആശംസകളോടെ.....

**ഭർത്താവ് : നായത്തോട് നടുവിൽ പിഷാരത്ത് ഹരികൃഷ്ണപിഷാരടി**

**മക്കൾ: വസന്ത്, ഹേമന്ത്**

**മരുമകൾ: ആകാൻഷ**



# ഷഷ്ട്യബ്ദപൂർത്തി
# ആശംസകൾ










ലേഖനം

# രണ്ടു പ്രഹസനങ്ങൾ



സമ്പാ: അരവിന്ദാക്ഷൻ സേലം
ഫോൺ: 6374162276

മത്തവിലാസം, ഭഗവദജ്ജുകം എന്നീ പ്രഹസനങ്ങൾ രണ്ടും ഭാരതത്തിന്റെ മത-രാഷ്ട്രീയ-ദേശീയ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലുകളാണ്. സംസ്കൃതത്തിൽ പത്തു തരം നാടകരൂപങ്ങളുള്ളതിൽ ഹാസ്യത്തിനു മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഏകാങ്കങ്ങളാണ് പ്രഹസനങ്ങൾ.

ക്രി.പി. ഏഴാം നൂറ്റാണ്ടിൽ പല്ലവരാജ്യം വാണിരുന്ന മഹേന്ദ്രവർമ്മൻ ഒന്നാമനാണ് മത്തവിലാസ പ്രഹസനം എഴുതിയത്. തൃശ്ശിനാപ്പള്ളിയിലെ ശിലാലിഖിതത്തിൽ ഇതിലെ ചില ഉദ്ധരണികൾ ഉണ്ട്. ഭഗവദജ്ജുകം ബോധായനൻ എഴുതിയതാണ്. പക്ഷേ ഈ ബോധായനൻ മഹേന്ദ്രവർമ്മൻ തന്നെയാണെന്നാണ് പണ്ഡിതമതം. കാഞ്ചീപുരത്തെ മാമന്തൂർ ശിലാലേഖനത്തിൽ ഭഗവദജ്ജുകം മഹേന്ദ്രവർമ്മൻ രചിച്ചതാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഹിസ്റ്ററി ഓഫ് സൗത്ത് ഇന്ത്യ എഴുതിയ നീലകണ്ഠശാസ്ത്രികളും ശ്രീ. എം.പി. ശങ്കുണ്ണിനായരും ഈ അഭിപ്രായത്തോടു യോജിക്കുന്നു. ഇതൊന്നും വേണ്ട, രണ്ടും വായിച്ചാൽ നമുക്കുതന്നെ ബോദ്ധ്യമാവും ഇതിലെ രചനാരീതിവെച്ചും പ്രമേയസാമ്യം കൊണ്ടും ഇത് ഒരേ ആളെഴുതിയതാണെന്ന്. തകഴിയുടെ ഏതെങ്കിലും കൃതിയുടെ ഒരു പേജ് വഴിയിൽ കിടന്ന് കിട്ടിയാൽ ഹെഡ്ഡറും ഫൂട്ടറും ഇല്ലെങ്കിൽ പോലും നമുക്ക് വായിച്ചാൽ മനസ്സിലാവുമല്ലോ അത് തകഴി എഴുതിയതാണെന്ന്. മഹേന്ദ്രവർമ്മൻ ബോധായനൻ, മത്തവിലാസൻ, വിചിത്രചിത്ത, ഗുണഭരൻ എന്ന പല പേരുകളും സ്വീകരിച്ചിരുന്നു.

അദ്ദേഹത്തിന്റെ കാലത്താണ് ജൈനമതവും ബുദ്ധമതവും അധഃപതിക്കാൻ തുടങ്ങിയത്. അതിന്റെ പരിസ്ഫുരണമാണ് ഈ രണ്ടു നാടകത്തിലും നമ്മൾ കാണുന്നത്. ഇവ രണ്ടിനും ഒരു പ്രത്യേകതയുണ്ട്. രണ്ടും ബുദ്ധമതപ്രഭാവത്തിൽ നിന്ന് ഹിന്ദുമതത്തിലേക്ക് ഭാരതീയർ തിരിഞ്ഞു നടന്നതിന്റെ സാക്ഷ്യങ്ങളാണ്. ക്രിസ്തുവിന് മുമ്പ് അഞ്ചാം നൂറ്റാണ്ടു മുതൽ ക്രിസ്തുവിന് ശേഷം അഞ്ചാം നൂറ്റാണ്ടു വരെയാണ് ബുദ്ധമതത്തിന്റെ ശോഭനകാലം. അക്കാലത്ത് ചിത്രകല, ശില്പകല, വൈദ്യം, തത്വചിന്ത തുടങ്ങിയ മേഖലകളിൽ അതുണ്ടാക്കിയ സ്വാധീനം വലുതാണ്. അജന്താ ചിത്രങ്ങൾ ഉദാഹരണം. അതിനു ശേഷം ബുദ്ധമതത്തിൽ നമ്മുടെ രാഷ്ട്രീയപാർട്ടികൾക്കും ജാതി സംഘടനകൾക്കും പറ്റിയതുപോലെ പല അപചയങ്ങളും സംഭവിച്ചു. അതിന്റെ നിഴലാട്ടങ്ങളാണ് ഈ രണ്ടു പ്രഹസനങ്ങളിലും കാണുന്നത്. പിന്നീട് യുഗപ്രഭാവനായ ശങ്കരാചാര്യർ തത്വചിന്താപരമായി ബുദ്ധ-ജൈനമതങ്ങളെ ശക്തിയുക്തം എതിർത്ത് ആ മതങ്ങളിലുള്ളതൊക്കെ ഇതിലുമുണ്ടെന്ന് സ്ഥാപിച്ച് ഹിന്ദുമതത്തെ നവീകരിച്ചപ്പോൾ ബുദ്ധമതം ഭാരതത്തിൽ ഏറെക്കുറെ നാമാവശേഷമായി. ജൈനമതം ഇപ്പോഴും കുറച്ചുണ്ട്, പക്ഷേ മനസ്സിന് സാന്ത്വനം നൽകുന്ന, അഹിംസയിൽ ഊന്നിയ ബുദ്ധമതത്തിന്റെ അഭാവം തീരാനഷ്ടമായി ഭാരതത്തിന്. ഇന്നാട്ടിൽ നിന്ന് കിഴക്കൻ രാജ്യങ്ങളിലേക്ക് വ്യാപിച്ച ബുദ്ധമതത്തിനാകട്ടെ, ഇവിടെയുണ്ടായ അപചയം പരിപൂർണ്ണമായിത്തീരുകയും ചെയ്തു. ചൈനയിൽ പുഴുവിനെ മുതൽ പുലിയെ വരെ കൊല്ലുന്നു. പതിനായിരക്കണക്കിന് മനുഷ്യരെയും പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തിട്ടുണ്ട്. അങ്ങനെയാണ് അവിടുത്തെ അഹിംസ.

മഹേന്ദ്രവർമ്മൻ ശൈവനായിരുന്നു. പിന്നീട് ജൈനമതത്തിൽ ആകൃഷ്ടനായി ജൈനമതത്തിൽ ചേർന്നു. ധർമ്മസേന എന്നായിരുന്നു അദ്ദേഹം അക്കാലത്ത് സ്വീകരിച്ച പേർ. മതംമാറ്റത്തിൽ മനം നൊന്ത അദ്ദേഹത്തിന്റെ ജ്യേഷ്ഠത്തിയുടെ പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും ഫലമായി അദ്ദേഹം ശൈവസമ്പ്രദായത്തിലേക്കു തിരിച്ചു

വന്നു. ജൈനമഠത്തിലെ അനുഭവങ്ങളെ ആസ്പദമാക്കിയായിരിക്കണം അദ്ദേഹം മത്തവിലാസവും ഭഗവദജ്ജുകവും എഴുതിയത്. ബുദ്ധഭിക്ഷുക്കളെയാണ് കളിയാക്കിയത് എന്നു മാത്രം. ഈ രണ്ടു മതങ്ങളുടെയും അപചയത്തിനുശേഷം ഹിന്ദുമതത്തിൽ വലിയ ഉണർവ്വുണ്ടായി. അതിലെ പണ്ഡിതന്മാർ രണ്ടു വിഭാഗങ്ങളായി പിരിഞ്ഞു. ശൈവരായ നായനാർമാരും വൈഷ്ണവരായ ആഴ്‌വാർമാരും. നായനാർ തേവാരങ്ങളും ആഴ്‌വാർമാർ ദിവ്യപ്രബന്ധങ്ങളും രചിച്ചു. ശങ്കരാചാര്യർക്കു ശേഷം ബുദ്ധമതത്തിലെ പല നല്ല അംശങ്ങളും ഉൾച്ചേർന്ന് ഹിന്ദുമതം വികസിച്ചു. പിന്നീട് ഭക്തിപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ ഹിന്ദുമതം വളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് മുന്നേറി.

ഈ രണ്ടു നാടകങ്ങളിലും തത്വചിന്തയുണ്ട്, വൈദ്യമുണ്ട്, വിവിധ മതസിദ്ധാന്തങ്ങളുടെ താരതമ്യമുണ്ട്, കൂടുവിട്ടു കൂടുമാറലുണ്ട്, ഭിക്ഷുക്കളുടെ ഇടയിലെ ഭക്ഷണത്തിനോടുള്ള ആർത്തി, വേശ്യാവൃത്തി, മോഷണം, നുണ പറച്ചിൽ ഇവയെല്ലാറ്റിനെയും പറ്റി പരിഹാസപുരസ്സരം ചർച്ച ചെയ്യുന്നുണ്ട്. ജീവിതത്തിനെയും മരണത്തെയും പറ്റിയുള്ള സംശയങ്ങളും കടംകഥകളും സമസ്യകളും ഇന്നും, 1300 കൊല്ലം മുമ്പും ഒരു വ്യത്യാസവുമില്ല എന്ന് ഇവ രണ്ടും നമ്മളെ പഠിപ്പിക്കുന്നു. ഈ ഏകാങ്കങ്ങൾ രംഗപ്രയോഗക്ഷമമാണെന്ന് ചാക്യാർമാർ കാണിച്ചുതന്നിട്ടുണ്ടല്ലോ. അവർ ഇവ പൂർണ്ണരൂപത്തിൽ അവതരിപ്പിക്കാറില്ലെങ്കിലും. ഇവ കൂടുതൽ ആളുകൾക്കിടയിൽ പ്രചാരത്തിലാവാൻ, ചാക്യാന്മാരുടെ അതിവിസ്താരത്തിനും കാവാലത്തിന്റെ പടയണിയുടെയും ഇടയിൽ കെ.പി.എ.സി. മട്ടിൽ ജനസാമാന്യത്തിന് മനസ്സിലാവുന്ന തരത്തിൽ അഭിനയിക്കാൻ പറ്റുമോ എന്നു പരിശോധിക്കാവുന്നതാണ്. അതിന് ഒരുപക്ഷേ, പ്രമുഖ പണ്ഡിതനായിരുന്ന എം.പി. ശങ്കുണ്ണിനായർ ഈ രണ്ടു പ്രഹസനങ്ങൾക്കും മലയാളത്തിൽ ഗദ്യം ഗദ്യത്തിലും പദ്യത്തിലുമായി തർജ്ജമ ചെയ്തിട്ടുള്ള പരിഭാഷ സഹായകമായേക്കാം.

മത്തവിലാസ പ്രഹസനം, ഭഗവദജ്ജുകം എന്നീ സാഹിത്യകൃതികൾ മാത്രമല്ല മഹേന്ദ്രവർമ്മന്റെ സംഭാവനകൾ. തമിഴ്നാട്ടിലെ മണ്ഡകപ്പാട്ട്, മാമന്തൂർ, കാഞ്ചി, തിരുച്ചിറപ്പള്ളി, വല്ലം തുടങ്ങിയ സ്ഥലങ്ങളിലെ ഗുഹാക്ഷേത്രങ്ങളും അദ്ദേഹത്തിന്റെ ചിരന്തന സ്മാരകങ്ങളാണ്. പല പദവിപ്പേരുകളുണ്ടായിരുന്നതിൽ അദ്ദേഹത്തിനുള്ള 'വിചിത്രചിത്ത' എന്ന സ്ഥാനപ്പേര് സാർത്ഥകമാകും വിധം അദ്ദേഹത്തിന് രാജ്യതന്ത്രത്തിനു പുറമേ സാഹിത്യം, ശില്പകല, സംഗീതം, ചിത്രകല എന്നിവയിലെല്ലാം പ്രാഗത്ഭ്യമുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെയും തുടർന്നുള്ള പല്ലവരാജാക്കന്മാരുടെയും (നൂറുകൊല്ലം) കാലത്താണ് പ്രസിദ്ധമായ മഹാബലിപുരത്തെ ശിലാക്ഷേത്രങ്ങൾ പണികഴിപ്പിച്ചിട്ടുള്ളത്. മഹാബലിപുരത്തെ 15 ഗുഹാക്ഷേത്രങ്ങൾ, ഒറ്റക്കൽ ശില്പമണ്ഡപങ്ങൾ, രഥങ്ങൾ എന്നറിയപ്പെടുന്ന ശിലാചിത്രപാളികൾ എല്ലാം മഹേന്ദ്രവർമ്മൻ തുടങ്ങി വച്ചതാണ്. പല്ലവന്മാർ ഒരുകാലത്ത് മലബാറിലെ ചില ഭാഗങ്ങൾ ഭരിച്ചിരുന്നു. അതിൽ നിന്നാണ് ആ പ്രദേശങ്ങൾ ആദ്യം പല്ലവനാടും പിന്നീട് വള്ളുവനാടും ആയി മാറിയത് എന്ന് വില്യം ലോഗൻ പറയുന്നു.

മഹേന്ദ്രവർമ്മന്റെ സംഭാവനകൾ ഇപ്പോഴും ഭാരതീയരെയും ഒരളവ് വിദേശികളെയും ആനന്ദിപ്പിക്കുന്നു – 1300 വർഷങ്ങൾക്കു ശേഷവും. അദ്ദേഹത്തിന്റെ ഒരു സംരംഭമായ മഹാബലിപുരം കഴിഞ്ഞ കൊല്ലം ഒന്നര ലക്ഷം വിദേശികൾ സന്ദർശിച്ചിരുന്നു. ഇത് താജ്മഹൽ സന്ദർശകരെക്കാൾ കൂടുതലാണ്. സർക്കാരിനു വരുമാനം ഒന്നേകാൽ കോടി സന്ദർശക ഫീസുമാത്രം കിട്ടിക്കാണും. ഹോട്ടൽ തുടങ്ങി അനുബന്ധവ്യവസായങ്ങളിൽ നിന്നുള്ളത് വേറെ. എന്തുകൊണ്ടോ 500 രൂപയാണ് വിദേശികളിൽ നിന്ന് പിഴിയുന്നത്. 25 രൂപ കൊടുക്കുന്ന സ്വദേശി സന്ദർശകർ വേറെയും. ചാക്യാന്മാരുടെ ഇഷ്ടകൃതികളാണ് പണ്ടു മുതൽക്കേ ഈ പ്രഹസനങ്ങൾ. ജനങ്ങൾ ഇവയുടെ കൂടിയാട്ടങ്ങൾ കണ്ടു രസിക്കുന്നു. ബുദ്ധമതത്തെ പരിഹസിക്കുന്ന ഈ നാടകങ്ങൾ ഹിന്ദുക്ഷേത്രങ്ങളിൽ വിശേഷിച്ച് സ്വീകാര്യമായിരുന്നിരിക്കണം. പല സംസ്കൃത സർവ്വകലാശാലകളിലും ഇവ പഠിപ്പിക്കുകയും പഠിക്കുകയും ചെയ്ത് ജനം ആഹ്ലാദിക്കുന്നു. സന്താനലാഭത്തിനായി മത്തവിലാസപ്രഹസനം ഒരു വഴിപാടായി ചാക്യാന്മാർ ക്ഷേത്രങ്ങളിൽ അവതരിപ്പിക്കാറുണ്ട്. കൂടിയാട്ടമാടിയാൽ കുട്ടികളുണ്ടാവുമെങ്കിൽ, അതും മഹേന്ദ്രവർമ്മന് ഒരു ബോണസ്സാണ്! ചുരുക്കത്തിൽ ഇങ്ങനെ ജനോപകാരിയായ ഒരു രാജാവ് ആരുണ്ട് ഈ രാജ്യത്ത് അന്നും ഇന്നും? മതവും രാഷ്ട്രീയവും ചരിത്രവും സാഹിത്യവും എല്ലാം കൂട്ടിക്കുഴച്ചു കുട്ടിച്ചോറാക്കുന്ന ഇക്കാലത്ത് എങ്ങനെ ഇവയെയെല്ലാം നിരാക്ഷേപമായി സമന്വയിപ്പിക്കാമെന്നതിന് ഉത്തമനിദർശനമാണ് മഹേന്ദ്രവർമ്മൻ. ●

## പൈതൃകപ്പഴമ 21


# വിളയിൽ ചെന്താമരപിഷാരോടി സ്വധർമ്മനിഷ്ഠയുടെ ചെന്താരകം



**സുരേഷ് ബാബു വിളയിൽ**
ഫോൺ: 9447980530

**1792** ൽ ടിപ്പുസുൽത്താന്റെ പതനത്തിന് ശേഷം മലബാർ ബ്രിട്ടീഷ്കാരുടെ അധീനത്തിലായി. നാടുവാഴികളെ തമ്മിൽ തല്ലിച്ച്, പക്ഷം പിടിച്ച് ആയുധവും സൈനിക ശക്തിയും വിറ്റാണ് ബ്രിട്ടീഷുകാർ നമ്മുടെ രാജ്യം കീഴടക്കിയത്. അതിന് പുറമേ നാടുവാഴികളെയെല്ലാം മാലീഖാൻ എന്ന കപ്പം നല്കി പ്രീണിപ്പിച്ച് പാട്ടിലാക്കാനും അവർക്ക് കഴിഞ്ഞു.

മലബാർപ്രദേശത്തെ മുസ്ലീങ്ങളുടെ ആത്മീയനേതാവായിരുന്നു കൊണ്ടോട്ടി തങ്ങൾ! കൊണ്ടോട്ടി തങ്ങളെ മാലീഖാനും ദേശനാടുവാഴി എന്ന സ്ഥാനപേരും നല്കി അവർ കൂടെ കൂട്ടി.



എല്ലാ ഉടമ്പടിയും കടലാസിലാക്കുക എന്നതായിരുന്നു കമ്പനിയുടെ രീതി. ഇംഗ്ലീഷ് ഭാഷയറിയാത്ത നാടുവാഴികൾ കാര്യം മനസ്സിലാക്കാതെ കരാറുകളിൽ തുല്യം ചാർത്തി പലപ്പോഴും കബളിപ്പിക്കപ്പെട്ടു. ലക്ഷക്കണക്കിന് രൂപ വില വരുന്ന ഉരുപ്പടികൾ നിസ്സാരവിലയ്ക്ക് വാങ്ങി കപ്പലിൽ കയറ്റി വിദേശരാജ്യങ്ങളിൽ വിറ്റ് കമ്പനി വൻലാഭം ഉണ്ടാക്കി. ആയുധം വിറ്റും രേഖകൾ കാട്ടിയും, ബ്രിട്ടീഷ് നിയമം പറഞ്ഞ് ഭീഷണിപ്പെടുത്തിയും കമ്പനി നാട്ടുകാരെ പറ്റിച്ചു. അതോടെ ഇംഗ്ലീഷ് പരിജ്ഞാനമുള്ള വിശ്വസ്തരെ കൂടെ നിർത്താൻ എല്ലാവരും ആഗ്രഹിച്ചു.

മഞ്ചേരിക്കടുത്ത് കരുവമ്പുറം എന്നൊരു പ്രദേശമുണ്ട്. അവിടെയുള്ള വഴങ്ങമ്പുറത്ത് പിഷാരത്തെ പിഷാരോടി നല്ല രീതിയിൽ ഇംഗ്ലീഷ് പരിജ്ഞാനമുള്ള ആളായിരുന്നു. അദ്ദേഹം സാമൂതിരി കോവിലകത്തെ കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നു. പിഷാരോടിയെ കുറിച്ച് കേട്ടറിഞ്ഞ കൊണ്ടോട്ടി തങ്ങൾ അദ്ദേഹത്തെ തന്റെ വസതിയിലേക്ക് ക്ഷണിച്ചു. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായുള്ള എഴുത്തു കുത്തുകളിൽ പിഷാരോടി തങ്ങളെ സഹായിച്ചു. പിന്നീട് മഞ്ചേരിയിൽ നിന്ന് കോഴിക്കോട്ടേക്കുള്ള യാത്രക്കിടയിൽ പലപ്പോഴും ഇരുവരും കൊണ്ടോട്ടിയിൽ വെച്ച് നേരിൽ കാണുകയും ചങ്ങാത്തം സ്ഥാപിക്കുകയും ചെയ്തു.

ഇംഗ്ലീഷ് അറിയുന്ന പിഷാരോടിയെ എപ്പോഴും കൂടെ നിർത്താൻ തങ്ങൾ ആഗ്രഹിച്ചു. നികുതി അടക്കാതെ ഉപേക്ഷിക്കപ്പെട്ട് (Abandoned land) ഏകദേശം പത്ത് നാഴിക ദൂരെ കിടക്കുന്ന വിളയിൽ അംശം ദേശം കൊണ്ടോട്ടിതങ്ങളുടെ പ്രേരണയാൽ നികുതികുടിശ്ശിക മുഴുവൻ തീർത്തടച്ച് പിഷാരോടി ഏറ്റെടുത്തു. ബ്രിട്ടീഷ്കാർ അ

ദ്ദേഹത്തെ അംശം അധികാരിയായി നിയമിക്കുകയും ചെയ്തു.

അധികാരി സ്ഥാനം ലഭിച്ച പിഷാരോടി കുലധർമ്മം മറന്നില്ല. മൂസ്സതുമാരുടെ ഊരായ്മയിൽ ക്ഷയോമുഖമായി കിടന്നിരുന്ന വിളയിൽ ഭഗവതീക്ഷേത്രം പുനരുദ്ധരിക്കാൻ തീർച്ചപ്പെടുത്തി. അതോടൊപ്പം അമ്പലത്തിലെ കഴകപ്രവൃത്തിയും ഏറ്റെടുത്തു. കരുവമ്പുറത്തുള്ള അമ്മയേയും സഹോദരീ സഹോദരന്മാരേയും മരുമക്കളേയും കൂട്ടി ക്ഷേത്രത്തിന് സമീപമുള്ള കഴകപ്പുരയിൽ താമസം തുടങ്ങി. സമീപത്തുള്ള കടുങ്ങല്ലൂർ ശങ്കരനാരായണക്ഷേത്രത്തിലെ കഴകപ്രവൃത്തിയും ആ കുടുംബക്കാർ തന്നെയാണ് ചെയ്തത്.

മാതൃശാഖയായ കരുവമ്പുറത്ത് എന്ത് വിശേഷമുണ്ടായാലും കുടുംബക്കാരെല്ലാം തലേ ദിവസം തന്നെ അങ്ങോട്ട് പോകും. അങ്ങനെ എല്ലാവരും പോയ ഒരു നാൾ കഴകം കഴിഞ്ഞ് തിരിച്ച് വന്ന ഒരു കാരണവരെ കാത്തിരുന്നത് ഉള്ളം നടുങ്ങുന്ന കാഴ്ചയായിരുന്നു. വഴി നീളെ പുകപടലങ്ങൾ മാത്രം. കാറ്റിന് പോലും ചൂട്. എങ്ങും തീക്കാറ്റിൽ പറക്കുന്ന കനൽക്കട്ടകൾ. ആളിപ്പടരുന്ന തീ. എത്ര ശ്രമിച്ചിട്ടും തീയണക്കാൻ കഴിയുന്നില്ല. മച്ചകമൊഴിച്ച് (പൂജാമുറി) കഴകപ്പുര മുഴുവൻ ആ അഗ്നിയിൽ വെന്ത് ചാമ്പലായി.

കരിങ്കാളിഭഗവതി മച്ചകത്തിൽ സാന്നിദ്ധ്യം കൊണ്ടതാണ് ആ അഗ്നിബാധക്ക് കാരണമെന്ന് ദൈവജ്ഞർ വിധിച്ചു. ഇന്ന് വിളയിൽ ഭഗവതീ ക്ഷേത്രത്തിന് വടക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന കരിങ്കാളികാവ് ആ കഴകപ്പുരയുടെ മച്ചകമാണ്. വിളയിൽ പിഷാരക്കാരുടെ പരദേവതയാണ് കരിങ്കാളി!

മച്ചകം കരിങ്കാളികാവായി മാറിയപ്പോൾ താമസിക്കാൻ സ്ഥലമില്ലാതായി. മാസങ്ങൾക്കുള്ളിൽ അമ്പലത്തിന് തെക്ക് പടിഞ്ഞാറ് ഭാഗത്തായി ഉതിരാണിക്കുന്നിന്റെ താഴ്‌വാരത്തിൽ ഒരു മാളികവീട് പണി കഴിപ്പിച്ചു.

ക്രമേണ തറവാട് പേര് വിളയിൽ പിഷാരം എന്നായി. പരമ്പരാഗതമായി കിട്ടുന്ന അധികാരി പദവി കൂടി വിളയിൽ പിഷാരത്തുകാർക്ക് ഉള്ളതു കൊണ്ട് പിഷാരത്തിന് അടുത്തായി ഒരു പത്തായപ്പുര കൂടി പണിതു. ആ പത്തായപ്പുരയാണ് വിളയിൽ അംശത്തിലെ ആദ്യത്തെ അംശകച്ചേരി. അക്കാലത്ത് വില്ലേജ് മജിസ്ത്രേട്ട് എന്ന പദവി കൂടി അംശം അധികാരിക്കുണ്ട്.

വിളയിൽദേശത്തെ മാതൃകാദേശമാക്കാൻ കാരണവർ തീരുമാനിച്ചു. അവിടെ ഉള്ള ജലാശയങ്ങൾ മുഴുവൻ വൃത്തിയാക്കി. പുതിയ കിണറുകൾ കുഴിച്ചു. ചോലകൾ സംരക്ഷിച്ചു. വയലുകളിൽ കൃഷി തുടങ്ങി.

കാരണവർക്ക് എല്ലാ മാസവും ഗുരുവായൂർ ദർശനം നടത്തുന്ന ശീലം ഉണ്ടായിരുന്നു. കാൽനടയായാണ് യാത്ര. കരുവമ്പുറവും മാന്നനൂരും ആയിരുന്നു ഇടത്താവളങ്ങൾ. കരുവമ്പുറത്തു നിന്ന് തന്നെ പിരിഞ്ഞു പോയ മറ്റൊരു താവഴിയാണ് മാന്നനൂർപിഷാരം.അതുകൊണ്ടു തന്നെ വിളയിൽപിഷാരവുമായി രക്തബന്ധം ഉള്ളവരാണ് അവർ. ഗുരുവായൂർ യാത്രയിൽ ഈ രണ്ട് പിഷാരങ്ങളും കാരണവർ സന്ദർശിച്ചു.

ജീർണ്ണാവസ്ഥയിൽ ആയിരുന്ന വിളയിൽ അമ്പലം പുതുക്കി പണിയിക്കാൻ ഗുരുവായൂരിനടുത്ത പെരുമ്പിലാവിൽ നിന്നാണ് ജ്യേഷ്ഠാനുജന്മാരായ രണ്ട് ആശാരിമാരെ കൊണ്ടു വന്നത്. അവർക്ക് താമസിക്കാൻ അമ്പലത്തിന് സമീപം തന്നെ സ്ഥലവും കൊടുത്തു. പണി കഴിഞ്ഞിട്ടും തിരിച്ചു പോകാതെ അവരും ഈ ദേശക്കാരായി മാറി. കൃഷിപ്പണി നടത്താൻ എളങ്കൂറിൽ നിന്നും കൊണ്ടുവന്നവരും വിളയിൽ ദേശക്കാരായി. സ്വർണ്ണപണിക്കാർ, ഇരുമ്പു പണിക്കാർ, ചെത്തിപ്പടവുകാർ, കല്ലുവെട്ടുകാർ തുടങ്ങി എല്ലാ തൊഴിലാളി കുടുംബങ്ങൾക്കും താമസിക്കാനുള്ള സൗകര്യവും അവർക്കെല്ലാം പ്രത്യേകം ശ്മശാനങ്ങളും ദേശത്തിൽ നീക്കി വെച്ചു. അങ്ങനെ വിളയിൽ ദേശം ഒരു മാതൃകാദേശമായി വളർന്നു.

1919 ലെ വെള്ളപ്പൊക്കം കുറേ നാശനഷ്ടങ്ങൾ വരുത്തിവെച്ചു. കൃഷിയെല്ലാം നശിച്ചു. അതിന്റെ ക്ഷീണം മാറും മുമ്പേ മലബാർ കലാപം തുടങ്ങി. ഏറനാട്ടിലാണ് കലാപം ഏറ്റവും രൂക്ഷമായത്. മഹാകവി കുമാരനാശാൻ 'ദുരവസ്ഥ' എന്ന കാവ്യത്തിൽ ഇങ്ങനെ എഴുതി.

'കേരളജില്ലയിൽ കേദാരവും കാടു-
മൂരും മലകളുമാർന്ന ദിക്കിൽ
ക്രൂര മുഹമ്മദർ ചിന്തുന്ന ഹൈന്ദവ-
ച്ചോരയാൽ ചൊല്ലെഴും 'ഏറനാട്ടിൽ'.

ആ കലാപകാലത്ത് കൊണ്ടോട്ടിയിലെ നാടുവാഴി മുശ്താഖ് ശാഹ് രണ്ടാമൻ എന്ന കൊണ്ടോട്ടി തങ്ങൾ ആയിരുന്നു. അദ്ദേഹം അന്നത്തെ അധികാരിയായ വിളയിൽ ചെന്താമരപിഷാരോടിയുടെ ഇഷ്ടക്കാരനായിരുന്നു. 1921 ൽ കലാപം തുടങ്ങിയപ്പോൾ കലാപനേതാവ് വാരിയൻകുന്നൻ കുഞ്ഞഹമ്മദ് ഹാജി, കൊണ്ടോട്ടി തങ്ങളെ സന്ദർശിക്കുകയും പീരങ്കിയടക്കമുള്ള ആയുധശേഖരവും പട്ടാളവും, ഖിലാഫത്തിന് നല്കണമെന്ന്

ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ തങ്ങളത് നിരസിച്ചു എന്ന് മാത്രമല്ല, അക്രമം ഒന്നിനും പരിഹാരമല്ലെന്നും അത് കൊണ്ട് നാശമേ ഉണ്ടാവൂ എന്നും വാരിയൻ കുന്നനെ ഉപദേശിച്ചു. ഉപദേശം രസിക്കാതെ തങ്ങളോട് പിണങ്ങിയാണ് വാരിയൻകുന്നൻ പടിയിറങ്ങിയത്.

ലഹളക്കാലത്ത് എത്രയോ ഹിന്ദുക്കൾക്ക് കൊണ്ടോട്ടി തങ്ങൾ അഭയം നല്കി. കൊണ്ടോട്ടി കിഴിശ്ശേരി, മുതുവല്ലൂർ, വിളയിൽ അംശങ്ങളിലെ ഭൂരിഭാഗം മുസ്ലീങ്ങളും കലാപത്തെ പിന്തുണച്ചില്ല. അവർ കൊണ്ടോട്ടി തങ്ങളെയാണ് പിന്തുണച്ചത്. ഈ ഭാഗങ്ങളിൽ കലാപകാരികളിൽ നിന്ന് ഹിന്ദുക്കളെ രക്ഷിക്കാൻ വേണ്ടി അവരുടെ വീടിന് പുറത്ത് മുസ്ലീങ്ങൾ കാവൽ നിന്നു. ചെമ്രക്കാട്ടൂരിലെ പുല്ലൂർമണ്ണ നമ്പൂതിരിയെ തക്ക സമയത്തുള്ള ഇടപെടലിലൂടെ കലാപകാരികളുടെ വാൾമുനത്തുമ്പിൽ നിന്നും രക്ഷിച്ചത് അയൽവാസിയായ പുന്തല അവറാൻകുട്ടിയായിരുന്നു. അദ്ദേഹത്തെ സ്വന്തം കാളവണ്ടിയിൽ കയറ്റി കോഴിക്കോട്ടെത്തിച്ചതും അവറാൻകുട്ടി തന്നെ. മുതുവല്ലൂരിലെ തലയൂർ മൂസതിനെ സുരക്ഷിത സ്ഥാനത്ത് എത്തിച്ച് ഇല്ലത്തിന് കാവൽ നിന്നത് തദ്ദേശവാസികളായ മുസ്ലീങ്ങളായിരുന്നു. അവരുടെ ഇടപെടൽ കാരണം ലഹളക്കാർ പൂമുഖത്തെ എണ്ണച്ഛായാചിത്രം മാത്രം നശിപ്പിച്ച് മടങ്ങി. എന്നാൽ ഇല്ലത്തെ കാര്യസ്ഥൻ ഒരു കത്തുമായി കൊണ്ടോട്ടിക്ക് പോയത് കണ്ടപ്പോൾ അയാളെ വഴിയിൽ തടഞ്ഞു നിർത്തി ചോദ്യം ചെയ്തു. കത്ത് കൊണ്ടോട്ടി തങ്ങൾക്കുള്ളതാണെന്ന് കണ്ടപ്പോൾ തൽക്ഷണം കാര്യസ്ഥനെ വധിക്കുകയും ചെയ്തു. ലഹളക്കാർക്ക് തങ്ങളോട് ഉണ്ടായിരുന്ന കടുത്ത വിരോധമായിരുന്നു ഇതിന് കാരണം.

എന്നാലും പുറത്ത് നിന്നും വന്ന കലാപകാരികളെ തടുത്തു നിർത്താൻ ദേശക്കാർക്ക് കഴിയാതെ വന്നു. അരീക്കോട് അധികാരി ആറ്റുപുറത്ത് നമ്പൂതിരി വധിക്കപ്പെട്ടു. അംശത്തിൽ നിന്നും തല്ക്കാലം മാറിനില്ക്കാൻ ചെന്താമരപിഷാരോടിയെ പലരും ഉപദേശിച്ചു. എന്നാൽ അദ്ദേഹം വഴങ്ങിയില്ല. കൃത്യനിർവഹണത്തിൽ പതറാതെ ഉറച്ചു നിന്നു. കുട്ടികൾക്കും സ്ത്രീകൾക്കും മറ്റു കുടുംബാംഗങ്ങൾക്കും അപായം സംഭവിക്കാതിരിക്കാൻ അവരെയെല്ലാം കോഴിക്കോട്ടെ അഭയകേന്ദ്രത്തിലേക്ക് അയച്ചു.

അതിന് ശേഷം അദ്ദേഹം കോഴിക്കോട്ടെ തുക്കി കച്ചേരിയിൽ ചെന്ന് മൊഴി കൊടുത്തു. ആ മൊഴിപ്പകർപ്പിൽ നിന്നും വിളയിൽപ്രദേശത്ത് നടന്ന ലഹളയുടെ രൂക്ഷത മനസിലാക്കാൻ കഴിയും.

നോർമൻ പ്രിൻറിംഗ് ബ്യൂറോ കോഴിക്കോട് പ്രസിദ്ധീകരിച്ച സി.ഗോപാലൻ നായരുടെ "The Mopla Rebellion 1921" എന്ന പുസ്തകത്തിലെ atrocities എന്ന അദ്ധ്യായം part 20 യിൽ ചേർത്ത ആ മൊഴി ചുവടെ ചേർക്കുന്നു. (ഈ മൊഴി ഗൂഗിളിലും ലഭ്യമാണ്.)

**വിളയിൽ ചെന്താമര പിഷാരടി,**
**വിളയിൽ, ഏറനാട്:-**

അംശത്തിൽ ഒൻപത് നമ്പൂതിരി ഇല്ലങ്ങളുണ്ട്. മാപ്പിളമാർ എല്ലാ വീടുകളിലും അതിക്രമിച്ചു കയറി നമ്പൂതിരിസ്ത്രീകളുടെ ആഭരണങ്ങൾ പിടിച്ചു പറിച്ചു. നായർ സ്ത്രീകളുടെ കാര്യത്തിലും മാപ്പിളമാർ അങ്ങനെ തന്നെ ചെയ്തു. എല്ലാ സ്ത്രീകൾക്കും കാട്ടിൽ അഭയം പ്രാപിക്കേണ്ടി വന്നു. മാപ്പിളമാർ അവരെ കാട്ടിൽ നിന്ന് പുറത്തുചാടിക്കാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. മൂന്നാം ദിവസം ചെറുവായൂർ അംശം അധികാരിയുടെ ആളുകൾ വന്ന് ഈ സ്ത്രീകളെ രക്ഷിച്ചു. അംശത്തിൽ ആറ് അമ്പലങ്ങളുണ്ട്. എല്ലാം തകർക്കുകയും, മലിനപ്പെടുത്തുകയും ചെയ്തു. പശുക്കളെ കശാപ്പു ചെയ്ത് അതെടുത്ത് വിഗ്രഹങ്ങളിൽ ചാർത്തുകയും, തലയോട്ടികൾ അമ്പലത്തിന്റെ പല ഭാഗങ്ങളിലും തൂക്കുകയും ചെയ്തു. അക്രമികൾ ആറു ഹിന്ദുക്കളെ വധിക്കുകയും, പതിനഞ്ചോളം വീടുകൾ തീവച്ച് നശിപ്പിക്കുകയും ചെയ്തു. ഏതാണ്ട് അറുപതോളം പേരെ ബലമായി മതം മാറ്റി.

അദ്ദേഹത്തിന്റെ നിർഭയമായ കർത്തവ്യനിർവ്വഹണം ആ മൊഴിയിൽ തെളിഞ്ഞു കാണാം. മൊഴി നൽകിയ ശേഷം സ്വന്തം അംശത്തിലേക്കു തിരിച്ചു ചെല്ലുകയും ചെയ്തു.

പിഷാരത്തെത്തി. രാത്രിയായപ്പോൾ വാതിലുകൾ അകത്തു നിന്നും അടച്ച് ബന്തവസ്സാക്കി. കാര്യസ്ഥൻ എടത്തൊടി രാമൻ നായർ മാത്രം പിഷാരടിക്ക് കൂട്ടിരുന്നു. പാതിരാത്രി കഴിഞ്ഞപ്പോൾ, കുനിത്തലക്കടവ് ഇത്താലുട്ടിയുടെ നേതൃത്വത്തിൽ ഒരു സംഘം കലാപകാരികൾ അവിടെ എത്തി. വാതിൽ തുറക്കാൻ ആവശ്യപ്പെട്ടെങ്കിലും തുറന്നില്ല. ആന കുത്തിയാലും പൊളിയാത്ത വാതിലുകളാണ്. ഓടിട്ട് തട്ട് പാവിയ അറയിൽ വലിയ ഉറുളിയിൽ തിളച്ച എണ്ണയും വെച്ച് രണ്ടു പേരും ഇരുന്നു. ഇത്തരം സന്ദർഭങ്ങളിൽ തിളച്ച എണ്ണ മാത്രമായിരുന്നു പ്രതിരോധം! കുറെ നേരം തട്ടിയും മുട്ടിയും വിളിച്ച് ഭീതി വിതച്ച് മാപ്പിളമാർ മടങ്ങിപ്പോയി.

അല്പസമയം കഴിഞ്ഞപ്പോൾ സ്വന്തക്കാര

നും നാട്ടുകാരനുമായ ഉണ്ണിമോയിൻ വന്നു. ലഹളക്കാരെല്ലാം മടങ്ങിപ്പോയെന്നും നിങ്ങൾക്കൊന്നും വരില്ലെന്നും ഞങ്ങളെല്ലാം കൂടെയുണ്ടെന്നും നേരം വെളുക്കാറായെന്നും ധൈര്യമായി വാതിൽ തുറക്കാമെന്നും പറഞ്ഞ് ആശ്വസിപ്പിച്ചു. രാമൻ നായരും പിന്നാലെ ചെന്താമരപിഷാരടിയും വാതിൽ തുറന്ന് പുറത്തേക്കിറങ്ങി. പുറത്ത് ഇരുട്ടിന്റെ മറവിൽ പതുങ്ങി നിന്ന ലഹളക്കാരിലൊരാൾ, പിഷാരടിയേയും മറ്റൊരാൾ രാമൻനായരേയും ബലമായി പിടിച്ച് കൈകൾ തോർത്തുമുണ്ടു കൊണ്ട് പിറകിൽ കെട്ടി, ബലമായി നടത്തിച്ച് പിഷാരത്തിന് മുന്നിലുള്ള പള്ളിയാളിയിൽ തമ്പടിച്ച സംഘത്തിന് മുന്നിലെത്തിച്ചു.

അധികാരിയെ കുളിപ്പിച്ച് കയറ്റടാ എന്ന് സംഘാംഗങ്ങൾ അക്രോശിച്ചു . ശിരച്ഛേദം ചെയ്യുന്നതിന് കുളിപ്പിച്ച് കയറ്റൽ എന്നായിരുന്നു അവരുടെ ഭാഷ. ഇത്താലുട്ടി അവരെയെല്ലാം ശാന്തരാക്കി. കൈകളിലെ കെട്ടഴിച്ച് ഷാരോടിയച്ചാ എന്ന് വിളിച്ച് വളരെ ആദരവോടെ സംസാരം തുടങ്ങി. ഇസ്ലാം മതത്തിൽ ചേർന്നാൽ കുളിപ്പിച്ച് കയറ്റില്ലെന്നും ഇപ്പോൾ അനുഭവിക്കുന്ന അധികാരസ്ഥാനങ്ങളിൽ തുടരാമെന്നും പറഞ്ഞു. എന്നാൽ സ്വധർമ്മത്തെ ജീവനേക്കാൾ വിലമതിച്ച ധീരന്മാരായ രണ്ടു പേരും മതംമാറ്റത്തിന് വഴങ്ങിയില്ല. പരദേശികളുടെ മതം സ്വീകരിക്കുന്നതിലും ഭേദം മരണമാണെന്ന് രണ്ട് പേരും മനസ്സിൽ ഉറപ്പിച്ചു. രണ്ട് പേരേയും കുളിപ്പിച്ചു കയറ്റാൻ പള്ളിയാളിക്കുളത്തിന്റെ കരയിലെത്തിച്ചു. അവിടെ വെച്ച് അധികാരിയെ ശിരച്ഛേദം നടത്തി.

അതിനിടയിലെപ്പോഴോ എടത്തൊടി രാമൻ നായർ അത്ഭുതകരമായി രക്ഷപ്പെട്ടു. രാമൻനായർ ഉതിരാണിക്കുന്ന് കേറി മറിഞ്ഞ് ഓടിത്തളർന്ന് കൊണ്ടോട്ടി പോലീസ് സ്റ്റഷനിലെത്തി. ഉടുമുണ്ടുപോലുമില്ലാതിരുന്ന രാമൻനായരെ കൊണ്ടോട്ടി തങ്ങളുടെ ആൾക്കാരാണ് ഭക്ഷണവും വസ്ത്രവും നൽകി കോഴിക്കോട്ടെ അഭയാർത്ഥി ക്യാമ്പിലെത്തിച്ചത്.

മാസങ്ങളോളം വിളയിൽ ദേശം കലാപകാരികളുടെ ഭരണത്തിലായി. ആളൊഴിഞ്ഞ വീടുകളിൽ നിന്നും സ്വർണവും പണവും കൊള്ളയടിച്ചു. ഭരണനിർവ്വഹണത്തിനൊരാളെ അധികാരിയായും, നികുതി പിരിവിന് നാട്ടുകാരിലൊരാളെ കലക്ടറായും നിയോഗിച്ച് ഇത്താലുട്ടിയും സംഘവും മടങ്ങി. അധികാരി സ്ഥാനവും കലക്ടർസ്ഥാനവും കുടുംബപ്പേരിൽ തന്നെ വഹിക്കുന്ന തറവാട്ടുകാർ ഇന്നും ഇവിടെയുണ്ട്.

ഗൂർഖാപട്ടാളത്തിന്റെ വരവോടെ, ഇത്താലുട്ടിയും സംഘവും കീഴടങ്ങി.

മരണമുഖത്ത് നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട എടത്തൊടി രാമൻ നായർ കാശിയിൽ പോയി തിരിച്ചു വന്നു. പിന്നെയും കുറെ കാലം കൂടി ജീവിച്ചു. അദ്ദേഹം നേരിൽ പറഞ്ഞ വിവരങ്ങൾ കുട്ടിക്കാലത്ത് നേരിൽ കേട്ട മരുമകൻ എടത്തൊടി രാമകൃഷ്ണൻ നായർ ശതാഭിഷിക്തനായി ഇന്നും ജീവിച്ചിരിപ്പുണ്ട്.

ഹൃദയം വിങ്ങുന്ന വേദനയോടെയാണ് ഞാനീലക്കം പൈതൃകപ്പഴമ എഴുതി തീർത്തത്. ഇവന്റെ അച്ഛമ്മയുടെ അമ്മാവനായ വിളയിൽ ചെന്താമരപിഷാരോടിയെ വധിച്ചവരെ പൊതുസമൂഹം ഇന്ന് സ്വാതന്ത്ര്യസമര സേനാനികളായി പരിഗണിക്കുന്നു. മരണംവരെ അവരെല്ലാം സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങിയിരുന്നു. ആപൽ ധർമ്മത്താൽ പ്രചോദിതനായി വിളയിൽ ചെന്താമരപിഷാരോടി എങ്ങാനും അന്ന് മതം മാറിയിരുന്നെങ്കിൽ തുളസീദളത്തിൽ പൈതൃകപ്പഴമ എഴുതാൻ ഇവനും ഉണ്ടാവുമായിരുന്നില്ല. ഇത്രയും വിശിഷ്ടമായ നാരായണദാസ ഗോത്രത്തിൽ ഞങ്ങളെയെല്ലാം നിലനിർത്താൻ സ്വന്തം ജീവൻ തന്നെ ബലിയർപ്പിച്ച മഹാനുഭാവാ. അങ്ങയുടെ പാദത്തിൽ കണ്ണീർ പ്രണാമം. ●

*With best compliments from :*

**P. KARUNAKARAN**

# Forging & Process Aids

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

## നമുക്കിടയിലെ വേറിട്ട വ്യക്തിത്വങ്ങൾ

# ആൾക്കൂട്ടത്തിൽ തനിയെ



ഗോപൻ പഴുവിൽ

**കേ**രളത്തിൽ പശുക്കൾക്ക് ക്ഷേത്രം പണിത ആളെപ്പറ്റി കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേട്ടോളൂ. അങ്ങനെ ഒരാൾ ഉണ്ട്. നാരായണ പിഷാരോടി. നാട്ടുകാരുടെ നാരായണേട്ടൻ. ഒറ്റപ്പാലത്തിനടുത്ത് കേരളശ്ശേരി തടുക്കശ്ശേരി പ്രകൃതി ക്ഷേത്രം എന്ന ഭവനത്തിൽ ആണ് താമസം. തറവാട് തിരുവേഗപ്പുറ ആണ്ടാള പിഷാരം. ഭാര്യ പെരുമ്പിള്ളി പിഷാരത്ത് (വെളപ്പായ) തങ്കമണി പിഷാരസ്യാർ.

പശുകൾക്ക് വേണ്ടി ക്ഷേത്രം നിർമ്മിച്ച പിഷാരടി എന്ന കൗതുകം തന്നെയായിരുന്നു തുളസീദളത്തിന് വേണ്ടി അദ്ദേഹത്തെ മുഖാമുഖം കാണണമെന്ന ആഗ്രഹം ജനിപ്പിച്ചതിനും നേരെ അങ്ങോട്ട് പോയത്തിനുമുള്ള കാരണം. സമാജം ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാറും കൂടെയുണ്ടായിരുന്നു.

നാരായണേട്ടന്റെ പ്രകൃതി ക്ഷേത്രത്തിൽ ചെന്ന് കയറുമ്പോൾ തന്നെ നമ്മെ സ്വീകരിക്കുന്നത് സുന്ദരന്മാരായ അരയന്നങ്ങളാണ്. കൂട്ടത്തിൽ ഒരു സുന്ദരി കൂടെയുണ്ടായിരുന്നു. അടുത്ത കാലത്ത് അത് മരണമടഞ്ഞു. ചെറിയൊരു കിണർ വട്ട വലുപ്പത്തിൽ തീർത്ത കുഞ്ഞൻ തടാകത്തിൽ അവ നീന്തി നടക്കുന്നു. അതിൽ ഒന്നിന് കാഴ്ച്ചയില്ല. അതു കൊണ്ട് തന്നെ മറ്റേ അരയന്നം കൂട്ടുകാരന്റെ കാര്യത്തിൽ കാണിക്കുന്ന ശ്രദ്ധ നമ്മളെ അമ്പരിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യും.

വീടിന്റെ പ്രധാന വാതിലിന്റെ മുകളിൽ തന്നെ എഴുതി വെച്ചിട്ടുണ്ട്. 'ഇദം ന മമ'. (ഇതൊന്നും എന്റെയല്ല). നാരായണേട്ടനും പത്നി തങ്കമണി ടീച്ചറും ശുദ്ധമായ സംഭാരം നൽകി ഞങ്ങളെ സ്വീകരിച്ചു. തുളസീദളത്തിന് വേണ്ടിയാണീ വരവ് എന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന് സന്തോഷമായി. പാലക്കാട് ശാഖയിൽ നിന്നും ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ സമാജം പ്രവർത്തനങ്ങളെപ്പറ്റി വിവരിച്ചു.



വെറുമൊരു പശുക്ഷേത്രം എന്നതിലുപരി വീട്ടുപേർ പോലെ തന്നെ അതൊരു പ്രകൃതി ക്ഷേത്രം തന്നെയാണ് എന്ന് ഞങ്ങൾക്ക് അധികം താമസിയാതെ തന്നെ മനസ്സിലായി. ഏഴര ഏക്കർ പറമ്പിൽ ഇല്ലാത്ത മരങ്ങളും സസ്യജാലങ്ങളും മറ്റെവിടെയും ഇല്ലെന്ന് തന്നെ പറയേണ്ടി വരും. പ്ലാവുകളുടെയും മാവുകളുടേയും തെങ്ങുകളുടേയുമൊക്കെ എണ്ണമെടുക്കൽ സാഹസമാണ്. സാധാരണക്കാരൻ കേട്ടിട്ട് പോലുമില്ലാത്ത അപൂർവ്വ സസ്യങ്ങൾ നിരവധിയാണ്. കായം ചെടി (Ferula assafoetida), Mouth freshner ചെടി, Miracle Fruits... അങ്ങനെയങ്ങനെ ഒരുപാട്.

'ഈ പറമ്പിലൂടെ ഇങ്ങനെ നടന്നു പോകുമ്പോൾ അവിടെ നിന്നും ഇവിടെ നിന്നുമായി എന്തെങ്കിലുമൊക്കെ പൊട്ടിച്ചു തിന്നാൽ തന്നെ വയർ നിറയും...' നാരായണേട്ടന്റെ വാക്കുകൾ സത്യമായിരുന്നു.

അങ്ങനെ ഓരോ ചെടികളെയും മരങ്ങളെയും കണ്ട് പരിചയപ്പെട്ട് മുമ്പോട്ട് പോകവേ ഒരു ചെടിയെ ചൂണ്ടിക്കാട്ടി അദ്ദേഹം പറഞ്ഞു . 'ഇതാണ് മുള്ളാത്ത'

മുള്ളാത്ത. സമീപകാലത്ത് ഏറെ പഴി കേൾക്കേണ്ടി വന്ന പാവം ചെടി. ക്യാൻസർ രോഗ ശമനത്തിന് മുള്ളാത്ത ഒന്നാന്തരം ഒറ്റമൂലിയാണെന്ന് ഏതോ വൈദ്യൻ പറഞ്ഞതനുസരിച്ച് നിരവധി രോഗികൾ പരീക്ഷണം നടത്തി. രോഗ ശമനത്തിൽ ഇതിന് പ്രത്യേക കഴിവൊന്നുമില്ലെന്ന് അവർ തിരിച്ചറിഞ്ഞപ്പോഴേക്കും വൈകിപ്പോയിരുന്നു.

ഞങ്ങളുടെ സംസാരം സ്വാഭാവികമായും ക്യാൻസർ രോഗത്തെയും ചികിത്സയെപ്പറ്റിയും ആ




യി. അപ്പോൾ നാരായണേട്ടൻ ഞങ്ങൾക്ക് അതിശയം കൂടി തന്നു. ഡോക്ടർ വി.പി. ഗംഗാധരൻ. കേരളത്തിലെ നമ്പർ 1 ക്യാൻസർ സ്പെഷ്യലിസ്റ്റ്. അദ്ദേഹം പ്രകൃതി ക്ഷേത്രത്തിലെ സ്ഥിരം സന്ദർശകനാണ്.

ഡോ. വി.പി. ഗംഗാധരൻ.

അതേ. ഡോ. വി പി ഗംഗാധരൻ ഇന്ന് ഒരുപാട് പേർക്ക് ദൈവ തുല്യനല്ല, ദൈവം തന്നെയാണ്. ഏറ്റവും തിരക്കുള്ള ഓങ്കോളജിസ്റ്റ്. ദിവസത്തിൽ ഏകദേശം 20 മണിക്കൂറോളം അദ്ദേഹം രോഗികൾക്കൊപ്പമുണ്ട്. എന്നാൽ ഇതേ ഡോക്ടർ സമയം കിട്ടുമ്പോൾ ഈ ഗ്രാമ മൂലയിൽ എത്തുന്നുണ്ട് എന്നത് അതിശയം തന്നെയല്ലേ? മാത്രവുമല്ല വന്നാൽ അവിടെയും അദ്ദേഹം ആവശ്യമെങ്കിൽ രോഗികളെ കാണും.

ഒരിക്കൽ ഒരാൾ അവിടെ വെച്ച് അദ്ദേഹത്തോട് ചോദിച്ചു.




‘ക്യാൻസർ വരാതിരിക്കാൻ നമ്മൾ എന്ത് മുൻകരുതൽ ആണ് എടുക്കേണ്ടത്?’

അദ്ദേഹം അതിനു തമാശ രൂപത്തിൽ കൊടുത്ത മറുപടി ഇതായിരുന്നു. ‘ഒരു മുൻ കരുതലും എടുക്കണ്ട. ദിവസവും ഇവിടെ വന്നു ഇവിടത്തെ ശുദ്ധമായ ഭക്ഷണം കഴിച്ചാൽ മതി’.

ശരിയല്ലേ. യഥാർത്ഥ ആരോഗ്യം ഉണ്ടാകുന്നത് വയറിലൂടെയാണ് എന്നാണല്ലോ പറയുന്നത്.

ഡോക്ടർ ഗംഗാധരൻ മാത്രമല്ല സാഹിത്യ, സാമൂഹ്യ, സാംസ്ക്കാരിക രംഗത്തെ പല പ്രമുഖരും ഇവിടെ എത്തുന്നുണ്ട്. രാവിലെ മുതൽ രാത്രി വരെ നീളുന്ന ചർച്ചകൾ, ക്ലാസുകൾ.

വീടിന്റെ മുന്നിൽ തന്നെ വളരെ ഉയരത്തിൽ പണി കഴിപ്പിച്ചിട്ടുള്ള ഒരു ഏറുമാടമുണ്ട്. ഞങ്ങൾ അതിൽ കയറി. അവിടെ നിന്നാൽ നല്ല പ്രകൃതിക്കാഴ്ച്ചയാണ്. അവിടെ 25–30 പേർക്ക് സുഖമായി ഇരുന്ന് സംസാരിക്കാനുള്ള സ്ഥലം ഉണ്ട്. പ്രകൃതിയുടെ പരിശുദ്ധമായ കാറ്റേറ്റ് സമയദൈർഘ്യങ്ങളറിയാതെ സ്വയം മറന്ന് ഇരിക്കാനും കൂട്ടം കൂടാനും പറ്റിയ സ്ഥലം.

ആ ചിന്തയിലേക്ക് നാരായണേട്ടന്റെ വാക്കുകൾ.

‘ഈ മാടത്തിനു മുകളിൽ കൂടാൻ ഞങ്ങൾക്കൊരു കൂട്ടായ്മയുണ്ട്. ആ കൂട്ടായ്മയുടെ കൂട്ടം കൂടലുകൾക്ക് ഞങ്ങൾ പ്രത്യേകം പേരുകളും ഇട്ടിട്ടുണ്ട്.’

അദ്ദേഹം പറഞ്ഞ പേരുകൾ ഞങ്ങൾക്ക് തമാശ കലർന്ന കൗതുകമായി. എന്തൊക്കെ പറഞ്ഞാലും അവസാനം പ്രകൃതിയിലേക്ക് തന്നെ എത്തുന്ന ചിന്തകൾ.

നാരായണേട്ടൻ നൂറു ശതമാനവും കർഷകനാണ്. കർഷകനിലൂടെ അദ്ദേഹം സാമൂഹ്യ പ്രവർത്തനം നടത്തുന്നു. സ്വയമറിയാതെ തന്നെ സമൂഹത്തെ ബോധവൽക്കരിക്കുന്നു.

പറഞ്ഞു വന്നത് മാടത്തിനു മുകളിൽ നടക്കുന്ന കൂട്ടായ്മയുടെ കൂട്ടം കൂടലുകൾക്ക് ഇട്ടിട്ടുള്ള സവിശേഷമായ പേരുകൾ എന്തെന്നല്ലേ? പേരുകളിൽ മാത്രമല്ല ബന്ധപ്പെട്ട കർമ്മത്തിലും ആ സവിശേഷത പുലർത്തുന്ന അവയെപ്പറ്റി അടുത്ത ലക്കത്തിൽ. **(തുടരും...)**

# പിഷാരോടി സമാജം

## പ്രതിനിധി സഭ യോഗ നോട്ടീസ്

**പി**ഷാരോടി സമാജം പ്രതിനിധി സഭ അംഗങ്ങളുടെ യോഗം 2024 ജൂൺ 2ന് ഞായറാഴ്ച രാവിലെ 9.30ന് തൃശൂരിൽ സമാജം ആസ്ഥാനമന്ദിരത്തിൽവെച്ച് പ്രസിഡണ്ട് ശ്രീ. ആർ. ഹരികൃഷ്ണ പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്.

എല്ലാ പ്രതിനിധി സഭ അംഗങ്ങളെയും ക്ഷണിക്കുന്നതോടൊപ്പം എല്ലാവരും കൃത്യസമയത്ത് തന്നെ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

എന്ന്

തൃശൂർ — കെ.പി. ഗോപകുമാർ

27.04.2024 — ജനറൽ സെക്രട്ടറി

## അജണ്ട

1. പ്രാർത്ഥന
2. സ്വാഗതം
3. അനുശോചനം
4. അദ്ധ്യക്ഷപ്രസംഗം
5. പിഷാരോടി സമാജം വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിക്കൽ
6. തുളസീദളം വാർഷിക റിപ്പോർട്ട് & കണക്ക് അവതരിപ്പിക്കൽ
7. PE & WS വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിക്കൽ
8. PP & TDT വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിക്കൽ
9. റിപ്പോർട്ടുകളും കണക്കുകളും ചർച്ച ചെയ്ത് അംഗീകരിക്കൽ
10. വാർഷിക പൊതുയോഗം
11. അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ
12. കൃതജ്ഞത

**NB:-** എല്ലാ ശാഖകളും അവരുടെ പ്രതിനിധി സഭാംഗങ്ങളുടെ പേരുവിവരങ്ങൾ നിശ്ചിത രൂപത്തിൽ 25-05-2024നു മുമ്പായി ജന. സെക്രട്ടറിക്ക് എത്തിക്കേണ്ടതാണ്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് മാത്രമായിരിക്കും പ്രതിനിധി സഭാ യോഗത്തിൽ പങ്കെടുക്കുവാൻ സാധിക്കുക.

**ജന. സെക്രട്ടറി**

# വാർഷിക പൊതുയോഗ നോട്ടീസ്

പ്രിയപ്പെട്ട അംഗങ്ങളെ,

പിഷാരോടി സമാജത്തിന്റെ 46-ാമത് വാർഷിക പൊതുയോഗവും അനുബന്ധ ഘടകങ്ങളായ PE & WS ന്റെ 43-ാമത് വാർഷിക പൊതുയോഗവും, PP & TDT യുടെ 21-ാമത് വാർഷിക പൊതുയോഗവും സംയുക്തമായി 2024 ജൂൺ 2, ഞായറാഴ്ച തൃശൂർ സമാജം ആസ്ഥാനമന്ദിരത്തിൽ വെച്ച് താഴെപ്പറയുന്ന വിഷയക്രമങ്ങളോടെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ വാർഷിക പൊതുയോഗത്തിലേക്ക് എല്ലാ അംഗങ്ങളുടെയും സാന്നിദ്ധ്യവും സജീവ പങ്കാളിത്തവും സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്ന്, കേന്ദ്രഭരണസമിതിക്ക് വേണ്ടി

**ആർ. ഹരികൃഷ്ണ പിഷാരോടി**
കേന്ദ്ര പ്രസിഡണ്ട്

**കെ.പി. ഗോപകുമാർ**
ജന. സെക്രട്ടറി

തൃശൂർ
27.04.2024

**ഡോ. പി.ബി. രാംകുമാർ**
സെക്രട്ടറി, PE & WS

**കെ.പി. രവി**
സെക്രട്ടറി, PP & TDT

**ആർ.പി. രഘുനന്ദനൻ**
മാനേജർ, തുളസീദളം

## കാര്യപരിപാടികൾ

9.00 AM : രജിസ്ട്രേഷൻ
9.15 AM : പതാക ഉയർത്തൽ

## അജണ്ട

### പിഷാരോടി സമാജം

11.30 AM : പ്രാർത്ഥന
: അനുശോചനം
: സ്വാഗതം
അദ്ധ്യക്ഷൻ - ആർ. ഹരികൃഷ്ണ പിഷാരോടി (കേന്ദ്ര പ്രസിഡണ്ട്)
റിപ്പോർട്ട് - കെ.പി. ഗോപകുമാർ (ജന. സെക്രട്ടറി)
കണക്ക് - ആർ. ശ്രീധരൻ (ഖജാൻജി)
ചർച്ച

### തുളസീദളം

12.00 PM റിപ്പോർട്ടും കണക്കവതരണവും -
ആർ.പി. രഘുനന്ദനൻ (മാനേജർ, തുളസീദളം)
ചർച്ച

### പിഷാരോടി എജുക്കേഷണൽ & വെൽഫെയർ സൊസൈറ്റി

12.30 PM : റിപ്പോർട്ട് - ഡോ. പി.ബി. രാംകുമാർ (സെക്രട്ടറി, PE & WS)
കണക്ക് - രാജൻ എ. പിഷാരോടി (ഖജാൻജി, PE & WS)
01.00 PM : ഉച്ചഭക്ഷണം

### പിഷാരോടി പിൽഗ്രിമേജ് & ടൂറിസം ഡെവലപ്പ്മെന്റ് ട്രസ്റ്റ്

02.00 PM : റിപ്പോർട്ട് - കെ.പി. രവി (സെക്രട്ടറി, PP & TDT)
കണക്ക് - എ.പി. ഗോപി (ഖജാൻജി, PP & TDT)
ചർച്ച

കൃതജ്ഞത

03.30 PM : **തുളസീദളം പുരസ്കാര വിതരണ പൊതുസമ്മേളനം**

# വിവാഹമംഗളാശംസകൾ




കാരൂർ പിഷാരത്ത് ശ്രീ. കെ.പി. സന്തോഷിന്റെയും മണലാടി പിഷാരത്ത് ശ്രീമതി അനിതയുടെയും മകൻ **അജയ് കൃഷ്ണനും** പുല്ലൂർ വാരിയത്ത് ശ്രീ. പി.വി. സതീശന്റെയും അമ്പലപ്പുഴ തെക്കേടത്ത് കിഴക്കേ വാരിയത്ത് ശ്രീമതി ഇന്ദിരയുടെയും മകൾ **ഐശ്വര്യയും** തമ്മിലുള്ള വിവാഹം 2024 ഏപ്രിൽ 26ന് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ വച്ച് രാവിലെ 11.34 നും 12.10 നും ഇടയിലുള്ള ശുഭമുഹൂർത്തത്തിൽ സമംഗളം നടന്നു.

# 80–ാം പിറന്നാൾ ആശംസകൾ

പാലൂർ പുത്തൻപിഷാരത്ത് **സരസ്വതിക്കുട്ടി**യുടെ 80 – ാം പിറന്നാൾ, 13 – 04 – 2024, ശനിയാഴ്ച പുലാമന്തോളിലുള്ള എമറാൾഡ് റിസോർട്ടിൽ കുടുംബാംഗങ്ങളുടെയും ബന്ധുമിത്രാദികളുടെയും, സഹപാഠികളുടെയും ശിഷ്യഗണങ്ങളുടെയും സാന്നിദ്ധ്യത്തിൽ ആഘോഷിച്ചു.

**ഭർത്താവ്:** പരേതനായ കെ. പി. കൃഷ്ണൻകുട്ടി



**ആശംസകളോടെ...**

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ |
|---|---|---|
| ശ്രീവത്സൻ | ശ്രീജ | അക്ഷത, ആകാശ് |
| ശ്രീജിത്ത് | സിന്ധു | അനന്യ, അക്ഷജ് |

**സഹോദരീസഹോദരന്മാർ**

രാഘവൻ (Late), രാമൻ (Late), ഉണ്ണികൃഷ്ണൻ (Late)
അച്ചുതൻ, ഹരിദാസൻ, ശ്രീദേവി, മുകുന്ദൻ,
കുട്ടികൃഷ്ണൻ







# ഷഷ്ട്യബ്ദപൂർത്തി ആശംസകൾ
(21.04.2024)

## പുഷ്പ മോഹൻ
**(പുത്തൻപിഷാരം, മാപ്രാണം)**

സ്നേഹാശംസകളോടെ...

ഭർത്താവ് – സി.ജി. മോഹനൻ

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ |
|---|---|---|
| രേഖ | പ്രശാന്ത് | ദേവിക, ഋതിക |
| രമ്യ | രഞ്ജിത് | കീർത്തി, കൗശിക് |

മറ്റ് ബന്ധുമിത്രാദികൾ





# സ്മരണാഞ്ജലികൾ





## കെ. ഗോവിന്ദ പിഷാരോടി

**ചൊവ്വര കല്ലങ്കര പിഷാരം**
**ചരമം : 15/05/2007**

## വി.പി. മാധവിക്കുട്ടി

**വല്ലച്ചിറ പിഷാരം**
**ചരമം : 18/05/2019**

**പരേതരായ മകൻ വി.പി. സുകുമാരൻ, മരുമകൻ രാമചന്ദ്രൻ**

**ദു:ഖ സ്മരണകളോടെ....**

**മറ്റ് മക്കൾ**

**വി.പി. ഉഷ, വി.പി. മധു, വി.പി. ശശികുമാർ**

**മരുമക്കൾ**

**സുഭദ്ര, ലത, സുജാത**

**പേരക്കുട്ടികൾ**

**അർച്ചന ജയകൃഷ്ണൻ, ആതിര അരുൺ, നയന ശബരീഷ്, അഖിൽ, നിഖിൽ, ഗ്രീഷ്മ ഗോകുൽ, ഗായത്രി, ജാഹ്നവി, അർജുൻ, ദർശ് പിഷാരോടി, ഇഷാൻ ഗോകുൽ**

ചെറുകഥ

# ടേബിൾ ഫാൻ



ഗിരിജാദേവി കെ.പി.
പൊന്നാനി

**പൊ**ന്നുചേച്ചിക്ക് ഒരു കത്ത് ഉണ്ട് ട്ടോ... പോസ്റ്റുമാന്റെ ശബ്ദം കേട്ട് പൊന്നു വേഗം വീടിന്റെ മുൻവശത്തെത്തി. മേൽവിലാസം നോക്കി അയാൾ പറഞ്ഞു. നല്ല കയ്യക്ഷരം. പൊന്നുവിന്റെ ഹൃദയമിടിപ്പ് വേഗത്തിലായി. ധൃതിയിൽ കത്ത് പൊട്ടിച്ചു വായിക്കാൻ തുടങ്ങിയപ്പോൾ കുസൃതി കാണിക്കുന്ന കുഞ്ഞിനെപ്പോലെ ടേബിൾ ഫാനിന്റെ കാറ്റിൽ കത്ത് ദൂരെ മാറി വീണു. ഉമ്മറത്തു ഫാൻ വെക്കരുത് എന്ന് എത്ര പറഞ്ഞാലും മോൾ അനുസരിക്കില്ല. ജോലിക്കു പോകുന്നതിനു മുൻപേ അവളത് ഓഫാക്കാറുമുണ്ട്. ഇന്നത് മറന്നതാവും.

മൊബൈൽ ഫോൺ അധികം ഉപയോഗിക്കാൻ ഇഷ്ടപ്പെടാതെ, മഷിപേനയും കടലാസുമായി എഴുതി നിറയ്ക്കുന്നത് വേറെ ആരുമാകാനിടയില്ല. നിലത്തു കിടന്ന കത്തെടുത്ത് ആകാംക്ഷയോടെ വായിക്കാൻ തുടങ്ങി. കണ്ണുനിറഞ്ഞൊഴുകുന്നു. കയ്യിലിരുന്ന് വിറക്കുന്ന കടലാസുമായി ഉമ്മറത്തെ കോലായിൽ തളർന്നിരുന്നു.

മോളേ, അമ്മക്കിത്തിരി ചുക്കുകാപ്പി ഇട്ടുതായോ.

ഉള്ള് കുളിരണപോലെ....

അകത്തെ മുറിയിൽ നിന്നും അമ്മയുടെ ചുമ കേൾക്കുന്നു.

ഇതാ വരുന്നു അമ്മേ, അമ്മയുടെ നെറ്റിയിൽ കൈവെച്ച് പനിയുണ്ടോന്ന് നോക്കുമ്പോൾ..

എന്തെ? നെന്റെ കണ്ണ് നിറഞ്ഞിരിക്കണേ...

എന്റെ മനസ്സിലും ഒരു കുളിര് വീണൂന്ന് പറയണമെന്നുണ്ടായിരുന്നു. മറുപടിയൊന്നും പറയാതെ വേഗം ചുക്കുകാപ്പിയുമായി അമ്മക്കരികിലെത്തി.

കാപ്പികുടിക്കുന്നതിനിടയിൽ അമ്മ പറയുന്നു, നമ്മുടെ കുട്ടീടെ കല്ല്യാണം നടത്തണം. വയസ്സ് 26 ആയില്ലേ, ജോലിയുണ്ടല്ലോ അവൾക്ക്, ഇനി നെന്റെ ആങ്ങള പറയുന്നതുപോലെ അനുസരിക്കൂ. അവൻ കൊണ്ടുവന്ന ആലോചന ഉറപ്പിക്കാം ല്ലെ.

അതേയ്, അമ്മ തന്നെ അവളോട് പറഞ്ഞോളൂ. ഞാനെത്ര തവണ പറഞ്ഞതാ. കേട്ട ഭാവല്ല്യ, കുട്ടിക്ക്.

വേഗം അമ്മയിൽ നിന്നും ഒഴിഞ്ഞുമാറി. ഒറ്റക്കിരിക്കാൻ കൊതിതോന്നി. മനസ്സിലൊരായിരം മഴവില്ലുകൾ വിരിയുന്നു. മയിലുകൾ നൃത്തം ചെയ്യുന്നു. ഏതോ സ്വപ്നലോകത്തിൽ, നേരം സന്ധ്യയായതും, മോളെത്തിയതും ഒന്നും അറിഞ്ഞില്ല. മകളുടെ മുന്നിൽ മുഖം മറച്ചു പിടിക്കാൻ കഴിയുന്നതും ശ്രമിച്ചു.

അമ്മയുടെ മുഖത്തൊരു കള്ളലക്ഷണം ഉണ്ടല്ലോ. പതിവില്ലാത്ത എന്തോ ഒരു സന്തോഷം ഒളിച്ചു കളിക്കുന്നുണ്ടല്ലോ.

നിനക്കു വെറുതെ തോന്നുന്നതാ. ആ, പിന്നേയ് മുത്തശ്ശി കുട്ടിയോട് ഒരു കാര്യം പറയാനുണ്ടെന്ന് പറഞ്ഞിരുന്നു. വേഗം അങ്ങോട്ടു ചെല്ലൂ.

അന്നത്തെ രാത്രി ഒട്ടും തന്നെ ഉറങ്ങാൻ സാധിച്ചില്ല. രാവിലെ നേരത്തെ വരുമെന്നാണല്ലോ കത്തിലെഴുതിയിരിക്കുന്നത്. അമ്മയോടും, മോളോടും ഒന്നും ഇപ്പോൾ പറയേണ്ട. നാളെ നേരിട്ടു കാണുമ്പോൾ അത്ഭുതപ്പെടട്ടെ. രണ്ടു വർഷം മുമ്പ് ആരോടും പറയാതെ വീട്ടിൽ നിന്നും ഇറങ്ങിപ്പോയതാണ്. തെറ്റ് തന്റെ ഭാഗത്തു തന്നെയാണ്. അദ്ദേഹം ഒരിക്കലും ഓർക്കാൻ ഇഷ്ടപ്പെടാത്ത, കൗമാര കൗതുകങ്ങളിൽ വീണ് പറ്റിപ്പോയ ചെറിയ അബദ്ധം. വളർത്തിവലുതാക്കിയ മുത്തച്ഛനോടൊത്ത് എന്നും പുഴവക്കത്തിരുന്ന് കഥകൾ പറയുകയും, വെള്ളാരം കല്ലുകൾ പെറുക്കി വെള്ളത്തിലെറിയുകയും ചെയ്യുന്നത്. തിരിച്ചറിവുണ്ടായപ്പോൾ മുത്തച്ഛൻ ഒരു ഭാരമായി തോന്നി. ഒരു ദിവസം അദ്ദേഹത്തെ പുഴവക്കത്ത് നിർത്തി കൂട്ടുകാർക്കൊപ്പം കളിക്കാൻ പോയി. പേരക്കുട്ടിയെ അന്വേഷിച്ച് തളർന്നുവീണ മുത്തച്ഛനെ പരിചയക്കാർ വീട്ടിലെത്തിച്ചു. ഈ കാര്യം

ഇടക്കിടെ കുത്തി കുത്തി പറയുന്നത് സഹിക്കാനാവാതെ അന്ന് പോയതാണ്.

രാവിലെ നേരത്തെ കുളിച്ചൊരുങ്ങി അദ്ദേഹത്തിന് ഇഷ്ടപ്പെട്ട പലഹാരമുണ്ടാക്കി, മുറ്റത്തു തന്നെ കാത്തിരുന്നു.

അതാ ഒരു കാറ് വന്നു നിൽക്കുന്നു, അദ്ദേഹം കാറിൽ നിന്നിറങ്ങി വരുന്നു, ഓടിച്ചെന്നു അടുത്തേക്ക്, പെട്ടെന്ന്, പുറകിലൊരു സ്ത്രീയും കാറിൽ നിന്നിറങ്ങി. നെഞ്ച് പൊട്ടുന്നു, സഹിക്കാനായില്ല. തിരിഞ്ഞോടു ഉമ്മറത്തെ കോലായിലൂടെ അകത്തുകേറി. അടുക്കളപ്പുറത്തുള്ള കിണറായിരുന്നു മനസ്സിൽ, ഓട്ടത്തിനിടയിൽ ടേബിൾഫാനിന്റെ തൂങ്ങിക്കിടക്കുന്ന വയറിൽ കാൽ കുരുങ്ങി അവളും ഫാനും ഒരുമിച്ചു താഴെ വീണു. ശബ്ദം കേട്ട് ഓടിവന്ന മുത്തശ്ശിയും മോളും അമ്പരന്ന് നിന്നു. അവളെ പിടിച്ചെഴുന്നേൽപ്പിക്കുമ്പോൾ അയാൾ ചോദിച്ചു.

പൊന്ന്വോ നിന്റെ എടുത്തുചാട്ടം ഇനിയും മാറിയില്ലേ, ഇല്ല്യേന്ന്.

ഇതെന്റെ സുഹൃത്തും അവന്റെ ഭാര്യയും. ഇവരുടെ കമ്പനിയിലാണ് ഞാൻ ജോലി ചെയ്യുന്നത്. പൊന്നു അപ്പോഴാണ് സ്ത്രീയുടെ കൂടെയുള്ള ആളെ കണ്ടത്. മുഖത്തെ ചമ്മൽ വാക്കുകളായി പുറത്തുവന്നു. സോറി ട്ടോ.

അച്ഛനെ കണ്ട സന്തോഷത്തിൽ മോൾ മുത്തശ്ശിയോട് ഉറക്കെ വിളിച്ചു പറഞ്ഞു,

മുത്തശ്ശി ഇന്നലെ എന്നോട് പറഞ്ഞ കല്ല്യാണക്കാര്യം ഇനി ഒട്ടും വൈകിക്കേണ്ട ട്ടൊ.

മുത്തശ്ശീടെ മനക്കരുത്തും ക്ഷമയും എനിക്ക് പകർന്നു കിട്ടീത് ഈശ്വരാധീനം. ഇതും പറഞ്ഞ് ഒന്നിരുത്തിമൂളി അവൾ അമ്മയേയും അച്ഛനേയും ഗൗരവത്തിൽ നോക്കി.

പൊന്നു ഒന്നു പുഞ്ചിരിച്ചു. പിന്നെ പതുക്കെ നിലത്തുവീണ ടേബിൾ ഫാനെടുത്ത് ചേർത്തു പിടിച്ചു.

"എന്നാലും എന്റെ ഫാനേ.... നീ ഇവിടെ ഇല്ലായിരുന്നെങ്കിൽ എന്താകുമായിരുന്നു കഥ..." ●

# കലാസാഗർ അവാർഡ് കല്ലുവഴി ബാബുവിന്

**ക**ലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാളിന്റെ സ്മരണയ്ക്ക് ഷൊർണൂർ കവളപ്പാറ കലാസാഗർ ഏർപ്പെടുത്തിയ കലാസാഗർ അവാർഡിൽ പഞ്ചവാദ്യ തിമില വിഭാഗത്തിൽ ശ്രീ. കല്ലുവഴി ബാബു അവാർഡിന് അർഹനായി.



അവാർഡ് മെയ് 28 നു വൈകീട്ട് 5 മണിക്ക് കേരള കലാമണ്ഡലം നിള ക്യാമ്പസിൽ നടക്കുന്ന ചടങ്ങിൽ വെച്ച് നൽകുന്നതാണ്.

അലനല്ലൂർ അയ്യപ്പൻ കാവിൽ പിഷാരത്തു കരുണാകര പിഷാരോടിയുടെയും കോങ്ങാട് കാവിൽ പിഷാരത്തു വിജയലക്ഷ്മി പിഷാരസ്യാരുടെയും മകനാണ് കല്ലുവഴി ശ്രീവിലാസിൽ താമസിക്കുന്ന ബാബു.

ഭാര്യ : സൗമ്യ ബാബു.

മകൾ : പാർവതി

ശ്രീ. ബാബുവിന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

ലേഖനം

# ധൃതരാഷ്ട്ര ഉവാച



മധുസൂദനൻ, മണക്കുളങ്ങര പിഷാരം

നമ്മിൽ ഭൂരിഭാഗം പേരും ഭഗവദ് ഗീത വായിക്കുന്നവരാണ്. ഭഗവദ് ഗീത തുടങ്ങുന്നത് 'ധൃതരാഷ്ട്ര ഉവാച' എന്ന വാചകത്തോടെ ആണല്ലോ?

ധൃതരാഷ്ട്രർ എന്ന് കേട്ടാൽ നമ്മുടെ മനസ്സിൽ അന്ധനായ 101 പേരുടെ അച്ഛനായ ഒരു വൃദ്ധ കഥാപാത്രമായി ആണ് തോന്നുക. എന്നാൽ ആ ധൃതരാഷ്ട്രരെ ആണോ ഇവിടെ വ്യാസാചാര്യൻ വിഭാവനം ചെയ്യുന്നത് എന്ന് നോക്കാം.

ധൃതരാഷ്ട്രർ എന്ന പദത്തെ പദഛേദം ചെയ്താൽ 'ധൃത' എന്നും 'രാഷ്ട്രർ' എന്നും രണ്ട് പദങ്ങൾ കിട്ടും. ഇതിലെ 'ധൃത' എന്ന പദത്തിന് വേഗത എന്നും 'രാഷ്ട്രർ' എന്ന പദത്തിന് പൗരൻ (Citzen) എന്നും അർത്ഥം ആകുന്നു. അർത്ഥത്, വേഗതയിൽ (യാന്ത്രികമായി) അല്ലെങ്കിൽ mechanical ആയി - വേദവിഹിതമായ രീതിയിലല്ലാതെ - ജീവിക്കുന്ന വ്യക്തികളേ ആണ് ഇവിടെ ധൃതരാഷ്ട്രർ എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്.

കുറച്ചുകൂടി ഗഹനമായി ചിന്തിച്ചാൽ അന്ധതയാണ് ധൃതരാഷ്ട്രരുടെ പ്രത്യേകത. എന്നാൽ ഇവിടെ ശാരീരികമായ അന്ധതയല്ല, മറിച്ച് അന്തക്കരണങ്ങളുടെ അന്ധതയാണ് പ്രതിപാദ്യവിഷയം.

നിത്യാനിത്യ വിവേചനം ചെയ്യാൻ കഴിവില്ലാത്തവർ, മമതാ വിദ്വേഷങ്ങളിൽ അകപ്പെട്ട്, യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാൻ കഴിവില്ലാത്തവർ, കാമാദി ഹൃദയദൗർബ്ബല്യങ്ങളിൽ കുടുങ്ങി മാനസികമായ അന്ധമായി ജീവിക്കുന്നവരെ ആണ് ധൃതരാഷ്ട്രർ എന്ന് പറയുന്നത്. ('അന്ധേന തമസാവൃതാ' എന്ന ഈശാവാസ്യ ശ്ളോകം ഇവിടെ അന്വർത്ഥമാണ്). ഒന്നുകൂടി വ്യക്തമാക്കി പറയുകയാണെങ്കിൽ ധൃതരാഷ്ട്രർ എന്നാൽ നാം തന്നെയാകുന്നു.

●

## ശ്രീപ്രകാശ് ഒറ്റപ്പാലം രചിച്ച രാക്കിനാക്കൾ പ്രകാശനം ചെയ്തു



ശ്രീപ്രകാശ് ഒറ്റപ്പാലം രചിച്ച അഞ്ചാമത്തെ പുസ്തകമായ 'രാക്കിനാക്കൾ' എന്ന കവിത സമാഹാരം ഒറ്റപ്പാലം മുൻ എം.എൽ.എ. എം ഹംസ ഒറ്റപ്പാലം നഗരസഭ വൈസ് ചെയർമാൻ രാജേഷിന് നൽകിക്കൊണ്ട് പ്രകാശനം നിർവ്വഹിച്ചു. യോഗത്തിൽ ശ്രീ. സുകുമാരൻ അദ്ധ്യക്ഷനായി. സായി കിരൺ സ്വാഗതവും കുമാരൻ നന്ദിയും പറഞ്ഞു.

ഇതിനു മുമ്പ് പ്രസിദ്ധീകരിച്ച കൃതികൾ: "ആനച്ചൂര്", "ക്ഷമിക്കണം പങ്കജാക്ഷിയമ്മ പ്രതികരിക്കുന്നില്ല", "വെങ്കിടേശ്വര ബ്രാഹ്മിൻ റെസ്റ്റോറന്റ്", "ഓൻ ഞമ്മന്റാളാ" തുടങ്ങിയ നാലോളം കഥാസമാഹാരങ്ങൾ.

നിലമ്പൂർ ചക്കാലത്ത് ജീവൻ പ്രകാശ് പിഷാരത്തെ ലക്ഷ്മിക്കുട്ടി ഭരത പിഷാരോടി ദമ്പതിമാരുടെ പുത്രനായി 14-12-1958 ൽ ജനനം. ഭാര്യ: വൽസല ത്രിവിക്രമപുരം. മക്കൾ: അരുൺ, അനു.

ശ്രീപ്രകാശിനു പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

ലേഖനം

# ഈ വയസ്സായ കാലത്ത് എന്തിന്റെ കേടാ...



ഗോപിക നാരായണൻ

**അ**ല്ലേ?

മുകളിലെ ക്യാപ്ഷനിലൂടെ കണ്ണ് പോകുമ്പോൾ, ചിലരുടെ എങ്കിലും തലച്ചോറിലും ആ ചിന്ത പോകാം. ശരിയാണ്.

50 വയസ് കഴിഞ്ഞാൽ, ആറടി മണ്ണിലെ കുഴിയുടെ,വെയ്റ്റിംഗ് ലിസ്റ്റിലേക്ക് തള്ളപ്പെട്ട candidates മാത്രം ആക്കാറുണ്ട് നമ്മൾ ചിലരെയൊക്കെ. പക്ഷേ വയസ്സ് 62 ലും സൈക്കിൾ കാണുമ്പോൾ ആവേശത്തോടെ ഓടിയിറങ്ങി വന്നു, 'എനിക്കിപ്പോഴും ഇതൊക്കെ പറ്റുന്നുണ്ടോ' എന്ന് നോക്കി ചങ്ങലയാകുന്ന സൈക്കിളോർമ്മകൾക്ക് ഗ്രീസ് ഇട്ടുകൊടുത്തു മിനുസമാക്കാറുണ്ട് എന്റെ അമ്മായി!




ആ അമ്മായിയുടെ ഒരു കഥ ആകാം ഇന്ന്..

'അന്നൊക്കെ മുത്തമ്മാൻ' എന്നാണ് അമ്മായി തുടങ്ങുന്നത് എങ്കിൽ എനിക്കറിയാം, അത് പണ്ടത്തെ ഒരു കഥയുടെ തുടക്കമാണ്..

എന്റെ ഓർമ്മയിലില്ല ഇവരൊന്നുമെങ്കിലും അന്ന് ഞങ്ങടെ തറവാട്ടിലെ പ്രമുഖരായിരുന്നു ഈ പറഞ്ഞ മുത്തമ്മാൻ, ഗോപാലമ്മാൻ, ആയമ്മാൻ, ഗോയിന്നമ്മാൻ തുടങ്ങിയ കുറച്ചു 'മ്മാൻ' മാർ. (അമ്മാവൻ എന്നതിന്റെ ഒരു shortcut ആണ് ഈ മ്മാൻ)....

ഇന്നത്തേക്കാൾ ഒരുപാട് കാര്യങ്ങളിൽ പെൺകുട്ടികൾക്ക് പരിമിതി കല്പിച്ച ഒരു കാലത്താണ് ഈ കഥ എന്നുള്ളത് എന്ന് ഊഹിക്കാമല്ലോ. അത്കൊണ്ട് തന്നെ അമ്മാവന്മാർക്ക് ആർക്കും തന്നെ വിപ്ലവകരമായ ഒരു തീരുമാനം എടുക്കാൻ കഴിഞ്ഞിട്ടില്ല, വീട്ടിലെ കൊച്ചിനെ കുറിച്ച് മോശം ആരും പറയണ്ട എന്നോർത്ത് കാണും അവർ... അന്നൊക്കെ തറവാട്ടിൽ പെൺകുട്ടികൾ ആരും സൈക്കിൾ ചവിട്ടാറില്ല. അടക്കോം ഒതുക്കോം ഉള്ള പെമ്പിള്ളേരൊക്കെ അങ്ങനാ, എന്ന് പറഞ്ഞാ പിന്നെ ആരും ആ വഴി തിരിഞ്ഞു നോക്കാറില്ല.. അങ്ങനെ അടക്കോം ഒതുക്കോം ഉണ്ടാക്കാൻ വേണ്ടി മനസ്സിലെ ഒരുപാട് ആഗ്രഹങ്ങൾ ഒളിപ്പിച്ചു വച്ചിരുന്ന ഒരു പെൺകുട്ടി ആയിരുന്നു അമ്മായിയും. പക്ഷേ അമ്മായിടെ അച്ഛൻ, എന്റെ മുത്തശ്ശൻ, നാട്ടുകാരുടെ രാമേട്ടൻ അങ്ങനെ അല്ലായിരുന്നു, 'നീ ചവിട്ടിക്കോ ഉഷേ'... എന്ന മുത്തശ്ശന്റെ ഒരു മൂളലിൽ ആണ് നീണ്ട പാവാട കേറ്റി വച്ചു അന്ന് ആദ്യമായി ഉഷമ്മായി സൈക്കിൾ ചവിട്ടാൻ തുടങ്ങിയത്..' ആദ്യമായി റോഡിലേക്ക് സൈക്കിൾ കൊണ്ട് ഇറങ്ങിയ ദിവസം കാട്ട്തീ പോലെയാണ് അത് നാട്ടിൽ പടർന്നത്.. ഷാരത്തെ ഉഷ സൈക്കിൾ ചവിട്ടി പീടികവരെ പോയിരിക്കണു... അന്ന് അതന്നെ ധാരാളം ആയിരുന്നു പടർന്ന് പിടിക്കാൻ. വാർത്ത മുത്തച്ഛന്റെ ചെ

## ചരിത്രത്തിലൂടെ...

സമ്പാ: അരവിന്ദാക്ഷൻ സേലം
ഫോൺ: 6374162276

# 1931 മെയ് മാസം 24നു തൃശ്ശിവപേരൂരിൽ നടന്ന സമസ്ത കേരള പിഷാരോടി സമാജത്തിന്റെ പ്രഥമ സമ്മേളനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ നിന്ന്

## ഐകമത്യവും സമുദായോന്നതിയും

(പ്രൊഫ. രാമപിഷാരടി, എം.എ.എൽ.ടി)

കഴിഞ്ഞലക്കം തുടർച്ച.....

**ന**മ്മുടെയിടയിൽ ഐകമത്യമില്ലെന്നു പറയുന്നതിലെക്കും സ്ഥൂലങ്ങളായ ചില കാരണങ്ങളില്ലെന്നില്ല. പക്ഷെ പുതിയ സമ്പ്രദായത്തിൽ നോക്കുമ്പോൾ മാത്രമാണ് ഐകമത്യമില്ലെന്നു തോന്നുന്നത്. ഒന്നു രണ്ടു ഉദാഹരണം മാത്രം പറയാം. ഇതര സമുദായത്തിലെന്നപോലെ നമ്മുടെ സമുദായത്തിൽ വലിയ ഉദ്യോഗത്തിനൊ സ്ഥാനമാനങ്ങൾക്കൊ പാത്രമായിത്തീർന്നിട്ടുള്ള സമുദായാംഗങ്ങൾക്കു അനുമോദനപത്രം കൊടുക്കുകയെന്ന സമ്പ്രദായം ഇന്നേവരെ തുടങ്ങിക്കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ ഗവർമേണ്ടിന്റെ നയത്തെ സ്തുതിക്കുവാനായൊ ദുഷിക്കുവാനായൊ സഭകൾ കൂടുകയും പ്രമേയങ്ങൾ പാസ്സാക്കുകയും പതിവിൽ വന്നിട്ടില്ല. നിയമസഭിൽ നമുക്കൊരു പ്രതിനിധി വേണമെന്നു ഇനിയും ആവശ്യപ്പെട്ടിട്ടില്ല. നമ്മുടെ ജനസംഖ്യയനുസരിച്ചു നൂറ്റിക്ക് ഇത്രവീതം ഉദ്യോഗം നമുക്കു തന്നേതീരു എന്നു നാം മുറവിളി കൂട്ടുന്നതുമില്ല. ഒരു പിഷാരൊടി റഗുലേഷൻ ബിൽ ഇനിയും നാം നിയമസഭയിൽ ഹാജരാക്കിച്ചിട്ടുമില്ല. ഇവക്കുംപുറമെ, ഉത്തരദക്ഷിണ മദ്ധ്യമദേശങ്ങളിലുള്ള ക്രിയാപ്രകാരങ്ങൾക്കു കുറച്ചു കുറച്ചു വൈജാത്യങ്ങളും കാണു

---

വിയിലും എത്തി.. ഞാൻ പറഞ്ഞിട്ടാണ് അവൾ പോയതെന്ന് പറഞ്ഞപ്പോ ആർക്കും വേറെ ഒന്നും പറയാൻ ഇല്ലാതായി... സൈക്കിൾ ചവിട്ടുന്നതിന്റെ കാര്യത്തിൽ വരെ വിപ്ലവകരമായ തീരുമാനം എടുക്കപ്പെടേണ്ടി വന്ന ഒരു കാലം....

അന്നത്തെ കാലത്തെ ഓർത്തെടുക്കയാണ് അമ്മായി.. അന്നൊക്കെ എന്ത് രസമായിരുന്നു.. ഓർമ്മതൻ ഭാണ്ഡക്കെട്ട് അഴിക്കാൻ തയ്യാറായി അമ്മായി, ശ്രോതാവായി ഞാനും... രാവിലെ തന്നെ വീട്ടുമുറ്റത്തു വിജയവും സുവർണ്ണയും രമയും എത്തും.. വർത്താനം പറഞ്ഞു ഇരിക്കലും കളിക്കലും സൈക്കിൾ ചവിട്ടലൊക്കെ ആയിട്ട് സമയം പോണതെ അറിയില്ല. അവൾടെ വീട് ഇവള്ടെ വീട് എന്നൊന്നുമില്ല... എവിടെയാണോ കാപ്പി ഉണ്ടാവണേ അവിടെന്ന് കുടിക്കും... അപ്പറെ വളവിൽ ഒരു പീഡിയ ഉണ്ട്, അവിടെ വരെ സൈക്കിൾ ചവിട്ടി പോകും.. വിലാസിനി ടീച്ചർ (സുവർണ്ണ ചേച്ചിയുടെ അമ്മ) എപ്പോഴും പറയുമത്രെ 'ഉഷ ഉണ്ടെങ്കിൽ എവിടെ വേണേലും പൊക്കോ' എന്ന്. ഇതങ്ങു പറയുമ്പോഴേക്കും അമ്മായിടെ കവിളൊക്കെ തുടുത്തിട്ടുണ്ടാകും... എത്രയാവർത്തി കേട്ടാലും എനിക്ക് മടുക്കാത്ത കഥയാണ് ഈ കൂട്ടുകാരികളുടെ കഥ..

തലമുറകൾ മാറിവന്നു... അമ്മായിയുടെ ചേട്ടന്റെ മോളുടെ കൊച്ചിന് വാങ്ങിയ പുത്തൻ സൈക്കിളുമായി വീട്ടിൽ എത്തിയതാണ് ഞാൻ. ഓടി വന്ന അമ്മായിയുടെ കണ്ണിലെ തീഷ്ണത ആണ് ഇന്ന് ഈ കഥ ഇവിടെ വരെ എത്തിച്ചത്..! കാലം എത്രയേറെ മാറിയിരിക്കുന്നു. പതിനാലിന്റെയും ഇരുപത്തിനാലിന്റെയും ഗിയർ സൈക്കിളുകൾ വരെ നഗരത്തിലിറങ്ങി. എന്നിട്ടും പൊടി പിടിക്കാതെ മങ്ങൽ ഏൽപ്പിക്കാതെ ഇന്നുമുണ്ട് ആ മനസ്സിൽ കൗമാരത്തിന്റെ ആ സുവർണ്ണ കാലഘട്ടം. അതിങ്ങനെ മനസ്സിൽ തിരയടിക്കുമ്പോൾ വയസ്സായല്ലോ എന്നോർത്തു മാറി നിൽക്കാൻ എങ്ങനെ കഴിയും....

അല്ലേ..?

●

ന്നുണ്ട്. ഈവക വൈജാത്യങ്ങളേയും അഭാവങ്ങളേയും അടിസ്ഥാനപ്പെടുത്തി നമുക്കു ഐകമത്യമില്ലെന്നു വാദിക്കാവുന്നതാണ്. പക്ഷെ ഇതു കൊണ്ടൊന്നും നമ്മുടെ സമുദായത്തിന്നു ഇതേവരെ യാതൊരു ന്യൂനതയും വന്നിട്ടില്ലെന്നും, വിഭിന്നദേശങ്ങൾ താമസിക്കുന്നവരുടെ ക്രിയാദികളിൽ കണ്ടുവരുന്ന ചില്ലറ വ്യത്യാസങ്ങൾ സ്വാഭാവികമായി ഉണ്ടാകാവുന്നതാണെന്നും വരുമ്പോൾ ഇവയെ മാത്രം അടിസ്ഥാനപ്പെടുത്തി ഐകമത്യമില്ലെന്നു വാദിക്കുന്നവരുടെ വാദത്തിന്നു വലിയ ശക്തിയില്ലെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഇത്രയും പറഞ്ഞതിൽ നിന്നു വന്നു കൂടുന്നതു നമ്മുടെയിടയിൽ ഐകമത്യം സ്വതഃസിദ്ധമായിത്തന്നെ ഉണ്ടെന്നും, ഇന്നും അതു സാമുദായികമായ ചില കാര്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടെന്നുമാണ്. ഇപ്രകാരം ജന്മസിദ്ധമായിട്ടുള്ളതും സ്വായത്തമായിട്ടുള്ളതുമായ ഈ ഐകമത്യത്തെ സമുദായോന്നതിക്കായി ഉപയോഗപ്പെടുത്തേണ്ടതു എങ്ങിനെയാണെന്നാണ് ഇനി ആലോചിക്കേണ്ടത്.

നവീനസമ്പ്രദായത്തിൽ നമ്മുടെ സമുദായം ജീവിക്കുന്നുണ്ടോ എന്നു ചോദിക്കുകയാണെങ്കിൽ ഇല്ലെന്നുതന്നെ സമാധാനം പറയേണ്ടതായിവരും. ഇതിന്നുള്ള പ്രധാന കാരണം രണ്ടാണ്. ഒന്നാമതു ദാരിദ്ര്യം, രണ്ടാമത്തേത് നമ്മുടെ മനഃസ്ഥിതി. ഇവയിൽ ആദ്യത്തെ സംഗതിയെക്കുറിച്ചു അധികം ഒന്നും പറയേണ്ടതായിട്ടില്ല. നമ്മുടെ സമുദായത്തിൽ വളരെ സ്വത്തുള്ള കുടുംബങ്ങൾ വളരെ ചുരുക്കം മാത്രമാണ്. പക്ഷെ ഇതരസമുദായങ്ങളെ അപേക്ഷിച്ചു നോക്കുന്നതായാൽ കുടിപ്പാൻ കഞ്ഞിയും ഇരിപ്പാൻ വീടും ഇല്ലാത്തവരും വളരെ ചുരുക്കമാണ്. സൂക്ഷിച്ചു നോക്കിയാൽ കഷ്ടിച്ചു ചിലവിനുണ്ട് എന്ന നിലക്കാരാണ് അധികവും. സമുദായ കുടുംബങ്ങളിലെ സ്ഥിതി ഇങ്ങിനെയിരിക്കെ സമുദായാംഗങ്ങൾക്കു ഉയർന്നതരം വിദ്യാഭ്യാസം സിദ്ധിക്കുന്നതിലേക്കു വളരെ ബുദ്ധിമുട്ടാണ്. തന്നിമിത്തം സമുദായാംഗങ്ങളിൽ പലരും സാമാന്യ ജ്ഞാനംകൊണ്ടുമാത്രം തൃപ്തിപ്പെട്ടു കുലപരമ്പരാഗതമായ തൊഴിലുകൊണ്ടു ഒതുങ്ങിയ മട്ടിൽ ജീവിതം നയിക്കുന്നവരായിട്ടുമാണ് ഇരിക്കുന്നത്. ഇങ്ങിനെതന്നെ കഴിയുന്നതായാൽ കാലക്രമത്തിൽ നവീന ലോകസ്ഥിതിക്കനുസൃതമായി ഒരു സ്ഥാനം ഉത്തമനിലയിലില്ലെങ്കിലും മദ്ധ്യമനിലയിലെങ്കിലും പിഷാരോടി സമുദായത്തിലെ യുവാക്കന്മാർക്കു ദുർല്ലഭമായിതീരുന്നതാണ്. അതുകൊണ്ടു കാലോചിതമായ വിധത്തിൽ ചിലർക്കെങ്കിലും ഉത്തമവിദ്യാഭ്യാസം സിദ്ധിപ്പാനും, സാമാന്യന്മാർക്കു ധനസമ്പാദനത്തിനും മാർഗ്ഗം ഉണ്ടാക്കിക്കൊടുക്കേണ്ടതു സമുദായപ്രധാനികളുടെ കർത്തവ്യമാണ്.

ഈ മാർഗ്ഗത്തിലൂടെ വല്ലതും പ്രവൃത്തിക്കേണമെങ്കിൽ ആദ്യമായി നമുക്കുണ്ടാകേണ്ടതു നമ്മുടെ മനഃസ്ഥിതിക്കു കുറച്ചൊരു മാറ്റം വരുത്തുവാനുള്ള യത്നമാണ്. സമുദായകാര്യങ്ങളിലും ക്രിയാദികളിലും സമുദായാംഗങ്ങളുടെ സമനിലയിലുള്ള പെരുമാറ്റംകൊണ്ടും, സ്വതെ ബുദ്ധിഹീനന്മാർ വളരെ ദുർല്ലഭമായതുകൊണ്ടും അന്യോന്യം സമത്വബുദ്ധിയാണ് മുമ്പിൽ സ്ഥിതി ചെയ്യുന്നത്. ഇതിന്റെ ഫലമെന്തെന്നുവെച്ചാൽ ഒരുവനെ നേതാവാക്കി അയാളുടെ ചൊൽപ്പടിക്കു നിൽക്കുകയെന്നുള്ളതു നമുക്കെല്ലാവർക്കും ദുസ്സാദ്ധ്യമായിട്ടുള്ളതാണ്. രണ്ടാമതു ഈശ്വരാനുഗ്രഹത്താലും പാരമ്പര്യത്താലും ലഭിച്ചിട്ടുള്ള സാമാന്യ ബോധത്തിന്റെ സൽഭാവം ഹേതുവായിട്ടു നമുക്കോരോരുത്തർക്കും സാമാന്യവിഷയങ്ങളിൽ എല്ലാറ്റിലും ഒരഭിപ്രായവുമുണ്ട്. അതുകൊണ്ടും ആർക്കും തമ്മിൽതമ്മിൽ ആശ്രയാശ്രയീഭാവം ഇല്ലാത്തതുകൊണ്ടും സ്വാഭിപ്രായത്തിനു യോജിക്കാത്ത അഭിപ്രായത്തോടു ചേരുവാൻ എളുപ്പത്തിൽ സാധിക്കുന്നതല്ല. വസ്തുസ്ഥിതി ഇങ്ങിനെ ഇരിക്കെ സമുദായത്തിന്റെ ആകമാനമുള്ള അഭിപ്രായം ഇന്നതാണെന്നു ഒരു വിഷയത്തിലും പറയുവാൻ സാധിക്കുന്നതല്ല. പ്രതിദിനം കാണുന്ന സമത്വനിലയും, ശ്രാവ്യമായ അഭിപ്രായസൽഭാവവും ഹേതുവായിട്ടു ഐകകണ്ഠ്യേന ഒരു അഭിപ്രായം ആവിഷ്കരിച്ചു അതിനനുസരിച്ചു സമുദായാംഗങ്ങൾ പ്രവർത്തിക്കുക എന്നതു ഇതേവരെ ഉണ്ടായിട്ടുള്ളതായി എനിക്ക് അറിവില്ല. എന്നാൽ ഈമാതിരി സമനിലയും പരസ്പരം ആശ്രയാശ്രയീ ഭാവരാഹിത്യവും ആണ് ശീലിച്ചുപോന്നിരിക്കുന്നതെങ്കിലും ഈ കാലത്തെ അനുസരിച്ചു ഇന്നത്തെ ലോകത്തിൽ പിഷാരോടി സമുദായത്തിന്നു ഉചിതമായ ഒരു സ്ഥാനം ഉണ്ടാകേണമെന്നുണ്ടെങ്കിൽ ചില പരിഷ്കരണങ്ങൾ ചെയ്യുകയും അതിനെ എല്ലാ സമുദായാംഗങ്ങളും ഐകകണ്ഠ്യേന അംഗീകരിച്ചു അനുസരിക്കയും ചെയ്യേണമെന്നാണ് എന്റെ അഭിപ്രായം.

(തുടരും...)

ഭക്തിയാത്ര

# തിരുവണ്ണാമല, മുതുമല, ഉതുമല

**ഇന്ദിരാ ഗോപാലകൃഷ്ണൻ**
**ഷൊർണ്ണൂർ**


രണ്ടുവർഷത്തിനു ശേഷം ഒരിക്കൽകൂടി ശ്രീമതി ശാന്താ നാരായണന്റെ നേതൃത്വത്തിൽ ഞങ്ങൾ യാത്ര പുറപ്പെട്ടു. ശ്രീ. എഴക്കാട് കൃഷ്ണ ദാസായിരുന്നു മുഖ്യ സംഘാടകൻ. ജനുവരി 7–ാം തിയ്യതി കാലത്ത് 9.20ന് ഒരു A/C Bus KL-46-S-2050 തൃശൂർ അശ്വനി ആശുപത്രി ജംഗ്ഷനിൽ എത്തി ഞങ്ങളെയും അതിൽ കയറ്റി 9.30ന് 450 കിലോമീറ്റർ ദൂരെയുള്ള തിരുവണ്ണാമലൈക്ക് പുറപ്പെട്ടു. പരിചയക്കാരായി ഞങ്ങളുടെ കാശിയാത്രയിൽ ഒപ്പമുണ്ടായിരുന്ന ശങ്കരനാരായണൻ തിരുമേനി, അദ്ദേഹത്തിന്റെ വാമഭാഗം ഉഷ, അവരുടെ ജ്യേഷ്ഠത്തി മല്ലിക എന്നിവർ മാത്രമാണുണ്ടായിരുന്നത്.

12.20ന് കേരളത്തിന്റെയും തമിഴ്നാടിന്റെയും അതിർത്തിയായ വാളയാറിൽ നിന്ന് മൂന്ന് കിലോമീറ്റർ ദൂരെയുള്ള നാവക്കരയിലെ 16 അടി നീളവും 13 അടി ഉയരവുമുള്ള കല്ലിൽ തീർത്ത നന്ദി വിഗ്രഹമുള്ള നന്ദിക്ഷേത്രത്തിലെത്തി. നന്ദിയെയും ശിവൻ, ദുർഗ്ഗ, ഗണപതി, മുരുകൻ, നാഗരാജാവ് എന്നീ പ്രതിഷ്ഠകളെയും വണങ്ങി യാത്രയായി. 2 മണിക്ക് കോയമ്പത്തൂർ–പെരുന്തുന റോഡിലുള്ള ഒരു ടോൾ ബൂത്തിനടുത്ത് നിർത്തി ഉച്ചഭക്ഷണം കഴിച്ച് 3 മണിക്ക് യാത്ര തുടർന്നു. 5.30ന് സേലം സമീപിക്കാറായ ഞങ്ങൾ കുമാരപ്പാളയത്ത് ലഘു ഭക്ഷണത്തിനായി നിർത്തി. 6.15 ന് യാത്ര തുടർന്നു. അരിയന്നൂരിൽ ഉള്ള 1008 ശിവലിംഗത്തെയും അവയുടെ മുകളിലുള്ള വഴിയിലുള്ള പെരുമാൾകോവിലും തൊഴുതു തിരുവണ്ണാമല ലക്ഷ്യമാക്കി നീങ്ങി. അരൂർ എന്ന സ്ഥലത്തുള്ള പെട്രോൾ പമ്പിൽ രാത്രി ഭക്ഷണത്തിനും പ്രാഥമിക ആവശ്യത്തിനും നിർത്തുമ്പോൾ സമയം 8.50. അവിടെ നിന്ന് പുറപ്പെടുമ്പോൾ സമയം രാത്രി 10.45

8–ാം തിയ്യതി പുലർച്ചെ 1.30ന് തിരുവണ്ണാമലയിലെത്തിയ ഞങ്ങൾ രമണ ടവറിനടുത്തുള്ള ഫ്ളാറ്റിൽ ഞങ്ങളുടെ സാധന സാമഗ്രികൾ ഇറക്കിവെച്ച് അടുത്ത പരിപാടിയായ ഗിരിപ്രദക്ഷിണം - ഗിരിവലം എന്നും പറയും - നടത്താനായി ഇറങ്ങിത്തിരിച്ചു. അരുണാചലേശ്വര ക്ഷേത്രം സ്ഥിതി ചെയ്യുന്ന അണ്ണാമല കുന്ന് പ്രദക്ഷിണം ചെയ്യുന്ന

**താഴെ കൊടുത്തിട്ടുള്ളതാണ് ഗിരിവലത്തിന്റെ രൂപരേഖ**

| | | |
|---|---|---|
| ഈശാന ലിംഗം (വടക്കുകിഴക്ക്) | ഇന്ദ്ര ലിംഗം (കിഴക്ക്) | അഗ്നി ലിംഗം (തെക്കുകിഴക്ക്) |
| കുബേര ലിംഗം (വടക്ക്) | അണ്ണാമല മല<br>അരുണാചലേശ്വര ക്ഷേത്രം | യമ ലിംഗം (തെക്ക്) |
| വായു ലിംഗം (വടക്കുപടിഞ്ഞാറ്) | വരുണ ലിംഗം (പടിഞ്ഞാറ്) | നിരൃതി ലിംഗം (തെക്കുപടിഞ്ഞാറ്) |




**മുത്തുമലയിലെ മുരുകന്റെ**
**146 അടി ഉയരമുള്ള പ്രതിമ**

താണത്രെ ഇവിടത്തെ ഏറ്റവും മഹത്തായ പ്രക്രിയ. ഏകദേശം 14 കി.മീ. നടന്നോ റോഡുമാർഗ്ഗം വാഹനങ്ങളിൽ യാത്ര ചെയ്തോ നീങ്ങാമെന്ന് ഞങ്ങളുടെ നേതാവ് അറിയിച്ചിരുന്നു. അതിൻ പ്രകാരം ഞങ്ങളിൽ കുറച്ചുപേർ പാദരക്ഷകളില്ലാതെ നടന്നുനീങ്ങുവാൻ തീരുമാനിച്ചു. നിരപ്പായ, ടാർ ചെയ്ത റോഡിൽ കൂടി ദക്ഷിണാമൂർത്തിയെ തൊഴുത് പ്രദക്ഷിണം ആരംഭിക്കുമ്പോൾ സമയം പുലർച്ചെ രണ്ട് മണി.

അഗ്നിയെ പ്രതിനിധാനം ചെയ്യുന്ന ശിവപ്രതിഷ്ഠ (പഞ്ചഭൂതങ്ങളായ ഭൂമി, ജലം, അഗ്നി, വായു, ആകാശം) എന്നിവയിൽ അഗ്നിയുടെ ചൈതന്യത്തോടുകൂടിയ ശിവപ്രതിഷ്ഠയാണത്രെ അരുണാചലേശ്വര ക്ഷേത്രത്തിലുള്ളത്.

ദക്ഷിണാമൂർത്തിയെ തൊഴുതു നീങ്ങിയ ഞങ്ങൾ നിരൃതിലിംഗം, വരുണലിംഗം, വായു ലിംഗം, കുബേര ലിംഗം, ഈശാന ലിംഗം, യമ ലിംഗം, ഇന്ദ്ര ലിംഗം, അഗ്നി ലിംഗം മുതലായ ശിവചൈതന്യങ്ങളെ തൊഴുതു കഴിഞ്ഞപ്പോൾ സമയം 9 മണി. ശരിയായി സിദ്ധി ലഭിക്കണമെങ്കിൽ കാൽനടയായും വളരെ സാവധാനത്തിലും മാത്രമെ പ്രദക്ഷിണം നടത്താവു എന്ന ആചാര്യന്റെ വാക്കുകൾ അക്ഷരംപ്രതി അനുസിരിച്ച് വളരെ സാവധാനത്തിലാണ് ഞങ്ങൾ നീങ്ങിയിരുന്നത്. സിംഹതീർത്ഥം, സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, ദുർവാസാവിന്റെ ക്ഷേത്രം, ജ്യോതിർ വിനായകർ, തിരുനേർ അണ്ണാമലൈ, അമ്മൻ സന്നിധി ഉണ്ണാമലൈ, വീര ആഞ്ജനേയർ, പഴനി ആണ്ടവൻ, രാജരാജേശ്വരി അമ്മൻ, ഇടുക്കുപ്പിള്ളയാർ ക്ഷേത്രം എന്നീ ക്ഷേത്രങ്ങളും പ്രദക്ഷിണ വീഥിയിൽ കാണാവുന്നതാണ്. കുബേരലിംഗക്ഷേത്രത്തിനും ഈശാനലിംഗ ക്ഷേത്രത്തിനും ഇടയിലാണ് ഇടുക്കു പിള്ളയാർ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഞങ്ങളിൽ കുറച്ചു പേർ ഈ ക്ഷേത്രത്തിലുള്ള പുനർജ്ജനി ദ്വാരത്തിൽക്കൂടി ചരിഞ്ഞ് കിടന്ന് നീങ്ങി പുറത്ത് കടന്നു. പുനർജ്ജനി നൂഴലിനു ശേഷം ഒരു പുത്തനുണർവു വന്നു യാത്രാക്ഷീണം മറഞ്ഞുപോയ അനുഭൂതിയാണുണ്ടായത്. പ്രദക്ഷിണ മദ്ധ്യേ വിഭൂതി സിദ്ധർ ആശ്രമം, മൂക്കുപ്പൊടിസ്വാമി സമാധി സ്ഥലം, നിരൃതി ലിംഗത്തിന്റെ എതിർവശത്തുള്ള വള്ളലാർ ക്ഷേത്രം, സ്വാമി പരമഹംസ നിത്യാനന്ദൻ (അരുണാചലം രാജശേഖർ) സ്ഥാപിച്ച നിത്യാനന്ദ ധ്യാനപീഠം എന്നിവയും ദർശിക്കാൻ സാദ്ധ്യമായി. സ്വാമി നിത്യാനന്ദൻ സ്ഥാപിച്ച ഒരു ആശ്രമം കേരളത്തിന്റെ വടക്കേ അറ്റത്തുള്ള ജില്ലയായ കാസർഗോഡുള്ള കാഞ്ഞങ്ങാടുണ്ട്.

പ്രദക്ഷിണം പൂർത്തിയായതിനുശേഷം പ്രാതൽ കഴിച്ച ശേഷം 9.30ന് ഫ്ളാറ്റിൽ തിരിച്ചെത്തി. ഉച്ചക്ക് 2.30ന് രമണമഹർഷി ആശ്രമം സന്ദർശിക്കാനായി പുറത്തു കടന്നു.

**(തുടരും....)**



**അരുണാചൽ ക്ഷേത്രത്തിലെ ഗോപുരങ്ങൾ**

# വൈവാഹികം

| | | | | | |
|---|---|---|---|---|---|
| | ശി | | | മാ | |
| | മ | | മാ | ല | |
| ശു | ഗുശി | ഗ്രഹനില അകത്ത് | | ച | |
| മ | കുശു | അംശകം പുറത്ത് | | സ | |
| | രബു | | | | |
| | ര | ച | ഗു | കുസ | |

Proposals are invited from parents of Pisharody girls for a Pisharody boy settled in Canada, age 26 years, Height 172 cm, Bachelor of Engineering working as a Software Engineer in Toronto.

Interested parents may please contact by whatsapp at 001-416-931-3517

1173 ധനു 29, 13-01-1998 ചൊവ്വാഴ്ച പകൽ പൂയം നക്ഷത്രം, കർക്കിടക്കൂറിൽ വൃശ്ചി കക്കലാംശേ ചന്ദ്രൻ നിൽക്കെ അന്ന് ഉദയാദി 21 നാഴിക, 18 വിനാഴിക ചെന്ന് Kalamazoo, Michigan, USA സ്റ്റാൻഡേർഡ് സമയം 3.59 PM (14-1-98, IST 3.29 AM) മിഥുന ലഗ്നം അന്ത്യദ്രേക്കോണത്തിൽ പുരുഷ ജനനം. ഗർഭശിഷ്ടദശ - ശനിദശ 4 വർഷം 2 മാസം 23 ദിവസം 35 നാഴിക.

---

| | | | | | |
|---|---|---|---|---|---|
| | മാ | | ര | മസ | |
| | ഗു | മ | | | |
| | ശി | ഗ്രഹനില അകത്ത് | | കു ബു ശു | ഗു |
| ലബു | മാ | അംശകം പുറത്ത് | | രച സ | |
| ശുശി | | ല | | | |
| | | ച | | കു | |

Proposals are invited from parents of Pisharody boys (preferably musically inclined and from Mumbai/Pune), for a Pisharody girl, 25 years, 170 cm, M.A. (Hindustani Vocal) and currently working with Chinmaya Naada Bindu Gurukula, Chinmaya University, Pune. Interested parites my contact:

Contact No. 9867719800 / 9819536303

കൊല്ലവർഷം 1174 ചിങ്ങം 7 നു (23 ആഗസ്റ്റ് 1998) ഉദയാൽപരം 19 നാഴിക 0 വിനാഴിക കഴിഞ്ഞു, IST 2 PM, പൂരം നക്ഷത്രത്തിൽ 34 നാഴിക കഴിഞ്ഞു ഞായറാഴ്ച രാത്രി സ്ത്രീ ജനനം.
ജനനാദുപരി 8 വർഷം 11 മാസം 16 ദിവസം നിൽക്കും ഗർഭശിഷ്ട ശുക്രദശ.

---

| | | | | | |
|---|---|---|---|---|---|
| | മാ | | ബു | | |
| | മശി | രബു | ഭൃമാ | ച | |
| ഭൃ | | ഗ്രഹനില അകത്ത് | | ല | ല ശി |
| മസ | ഗു | അംശകം പുറത്ത് | | കു | ഗു |
| | | | | സ | |
| | ച | രകു | | | |

Suitable proposals are invited from parents of educated Pishaordy girls for a Pisharody boy aged 27 years, height 176 cm, MBA, working as Digital Account Manager (NP Digital, Bangalore). Interested parents may contact:

Contact Nos. 9495330050 / 9400155665

കൊല്ലവർഷം 1172 മേടമാസം 27നു (10-05-1997) ശനിയാഴ്ച തിരുവാതിര നക്ഷത്രം പുരുഷ ജനനം 16 വർഷം 4 മാസം 29 ദിവസം 0 നാഴിക ഗർഭശിഷ്ടം രാഹു ദശാ.

രകു ചബുസ ഗുമാ

| | | | |
|---|---|---|---|
| | കുമാ | ഭൃ | രബു ഗു |
| | ഗ്രഹനില അകത്ത് | | ശി |
| ലസ | അംശകം പുറത്ത് | | |
| ചമ | | | |

ഭൃ

മ ശി ല

Proposals are invited from parents of educated Pisharody/Ambalavasi girls for a Pisharody boy, B.Com, MBA, PGDCA, 170 cm, working in a private firm at Perinthalmanna. Interested parents may contact with matching horoscope.

Contact No. 9846687773
6238861774 / 9495802255

കൊല്ലവർഷം 1165 മിഥുന മാസം 22 നു (06-07-1990) ഭൃഗുവാരെ, അന്നു രാത്രി 9 മണി 15 മിനുട്ടിന് 6 നാഴിക 10 വിനാഴിക രാച്ചെന്നപ്പോൾ മൂലം നക്ഷത്രം ദ്വിതീയ ചരണത്തിൽ പുരുഷ ജനനം. 4 വർഷം 7 മാസം 25 ദിനം 48 നാഴിക ശിഖി ദശാ ശിഷ്ടം.

---

രസ ഗു

കു ല

ഭൃ മ

| | | | |
|---|---|---|---|
| | ശില | | |
| മ മാ | ഗ്രഹനില അകത്ത് | | കു |
| | അംശകം പുറത്ത് | | |
| ച | | രബുഗു സഭൃ | |

ച ബു ശിമാ

Proposals are invited from parents of educated and preferably working Pisharody girl for a Pisharody boy aged 29, 165 Cm height, CA, LLB, currently working in an MNC (Financial services sector) in Mumbai. Interested parents may contact-

Contact No. 9769919845 / 8850498319

പുണർതം, അനിഴം, മൂലം, പൂരം, തൃക്കേട്ട ഇവ ചേരില്ല.

1170 തുലാം 22-ാം തിയ്യതിക്ക്, 1994 നവംബർ 8-ാം തിയ്യതി ചൊവ്വാഴ്ച വൈകുന്നേരം 5 മണി 14 മിനിട്ടിന് ഉത്രാടം നക്ഷത്രത്തിൽ പുരുഷജനനം. 4-6-28 ഗർഭ ശിഷ്ട രവിദശാ.

# പാലക്കാട് ജയകൃഷ്ണന് നാദലയ പുരസ്കാരം



**കോ**ങ്ങാട് സംഗീതവിദ്യാലയത്തിന്റെ 'നാദലയ' സംഗീതപുരസ്കാരം മൃദംഗവാദകൻ ഡോ. പാലക്കാട് കെ. ജയകൃഷ്ണന്. തൃശ്ശൂർ ആകാശവാണിയിൽ സീനിയർഗ്രേഡ് ആർട്ടിസ്റ്റായ, കൊല്ലങ്കോട് സ്വദേശിയായ ജയകൃഷ്ണൻ തൃശ്ശൂർ കോലഴിയിലാണ് താമസം.

വിദ്യാലയത്തിന്റെ 22-ാം പിറന്നാളാഘോഷത്തിന്റെ ഭാഗമായി മേയ് ഒന്നിന് വൈകീട്ട് 4.30-ന് കോങ്ങാട് യശോദ ഇൻ കല്യാണമണ്ഡപത്തിൽ നടക്കുന്ന സാംസ്കാരികസമ്മേളനത്തിൽ സംഗീതസംവിധായകൻ വിദ്യാധരൻ പുരസ്കാരം സമ്മാനിക്കും. പതിനായിരം രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങിയതാണ് പുരസ്കാരമെന്ന് സംഘാടകർ വ്യക്തമാക്കി.

ജയകൃഷ്ണന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# സ്മരണാഞ്ജലി

## 15–ാം ചരമവാർഷികം



## ആനായത്ത് പുത്തൻപിഷാരത്ത്

# രാമപിഷാരടി

## തിരുന്നാവായ

മരണം: 06 – 05 – 2009

**സഹധർമ്മിണി:**

**പരേതയായ തിരുന്നാവായ കിഴക്കേപ്പാട്ട് പിഷാരത്ത് സത്യഭാമപിഷാരസ്യാർ**

.....സ്നേഹസ്മരണകളോടെ.....

**മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ**

# ആദരാഞ്ജലികൾ

## ശ്രീദേവി പിഷാരസ്യാർ (87)

### നടുമന്ദം പിഷാരം
### കുത്തനൂർ, പാലക്കാട്

മരണം: 10 – 04 – 2024

സ്നേഹസ്മരണകളോടെ

സഹോദരിമാർ:
നളിനി കെ.പി., ജയലക്ഷ്മി കെ.പി.
മറ്റു കുടുംബാംഗങ്ങൾ





# സ്മരണാഞ്ജലികൾ

**ഒന്നാം ചരമവാർഷികം (21.05.2024)**

### കോട്ടയം വെന്നിമല പിഷാരത്ത്

## ശാന്ത പിഷാരസ്യാർ

ഭർത്താവ്:
അമ്പലമുകൾ പൂതൃക്കോവിൽ പിഷാരത്ത്
പരേതനായ കൃഷ്ണപിഷാരടി

ദുഃഖസ്മരണകളോടെ

മക്കൾ: ചന്ദ്രചൂഡൻ, ശൈലജ രാധാകൃഷ്ണൻ
മരുമക്കൾ: ഉമ ചന്ദ്രചൂഡൻ, രാധാകൃഷ്ണൻ
പേരക്കുട്ടികളും സഹോദരങ്ങളും

# ശാഖാവാർത്തകൾ

## എറണാകുളം

ശാഖയുടെ മാർച്ച് മാസത്തെ യോഗം മാർച്ച് 10 ഞായറാഴ്ച 3 PM നു നെട്ടൂർ ശ്രീ. സന്തോഷ് കൃഷ്ണന്റെ ഫ്ളാറ്റിൽ വച്ച് നടന്നു. ശ്രീമതി അനു ഭദ്രദീപം തെളിയിച്ചു. ശ്രീമതി ഉഷ നാരായണന്റെ നാരായണീയ പാരായണത്തോടെ യോഗം ആരംഭിച്ചു. ഗൃഹനാഥൻ യോഗത്തിൽ എത്തിച്ചേർന്ന എല്ലാവരെയും സ്വാഗതം ചെയ്തു. പ്രസിഡണ്ട് ശ്രീ. ദിനേശ് പിഷാരോടി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീ. സന്തോഷ്കുമാർ ഏവർക്കും ശിവരാത്രി ആശംസകളും, അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ചു എല്ലാ വനിതകൾക്കും ആശംസകൾ അറിയിക്കുകയും ചെയ്തു. തദവസരത്തിൽ ശാഖ വൈസ് പ്രസിഡണ്ടും കൂടാതെ വക്കീൽ രംഗത്ത് ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കുകയും ചെയ്യുന്ന ശ്രീമതി അനിത രവീന്ദ്രന് ശാഖയുടെ ആദരവ് ഉഷ നാരായണൻ അർപ്പിച്ചു. മറുപടിയായി താൻ പിന്നിട്ട വഴികളെയും അഭിമുഖീകരിക്കേണ്ടി വന്ന ഘട്ടങ്ങളെക്കുറിച്ചും സംസാരിച്ചു. ഒപ്പം കഴിഞ്ഞ മാസക്കാലയളവിൽ ശാഖാംഗങ്ങളായ ശ്രീമതി പ്രീത രാമചന്ദ്രനും, സൗമ്യ ബാലഗോപാലിനും കലാരംഗത്ത് ലഭിച്ച മികവിനെ അനുമോദിച്ചു. തുടർന്ന് സെക്രട്ടറി റിപ്പോർട്ട് വായിച്ചതും, ട്രഷറർ കണക്ക് അവതരിപ്പിച്ചതും പാസാക്കി.

ചർച്ചയിൽ, ശാഖ യോഗങ്ങൾ നടത്തുവാൻ അംഗങ്ങൾ മുന്നോട്ടു വന്നാൽ മാത്രമേ ശാഖ പ്രവർത്തനം മുന്നോട്ടു കൊണ്ട് പോകാൻ സാധിക്കുകയുള്ളു എന്നും, യോഗ സ്ഥലങ്ങളുടെ പോരായ്മ ഉണ്ടാകുന്നുണ്ടെന്നും ശ്രീ. രാധാകൃഷ്ണൻ പറയുകയുണ്ടായി. ഇതിനു ഒരു പരിഹാരമെന്നോണം നമ്മുടെ ക്ഷേമനിധി വിജയികളാകുന്ന അംഗങ്ങൾ അടുത്ത മാസങ്ങളിലെ യോഗം നടത്തുവാനായി മുന്നോട്ടു വരാൻ താല്പര്യപ്പെടുന്നതായി ശ്രീ. ടി.എൻ. മണി അഭിപ്രായപ്പെട്ടു. ഏപ്രിൽ മാസത്തെ യോഗം രണ്ടാമത്തെ ഞായറാഴ്ച വിഷു ആയതിനാൽ ഏപ്രിൽ 7 നു നടത്താമെന്നു തീരുമാനിച്ചു. വാർഷികം ഏതെങ്കിലും എ/സി ഹാളിൽ നടത്തുന്നതാണ് നല്ലതെന്നു അംഗങ്ങളേവരും അഭിപ്രായപ്പെട്ടു. ഹാൾ ബുക്ക് ചെയ്ത ശേഷം വാർഷിക പൊതു യോഗത്തിനു മുന്നോടിയായി ഒരു എക്സിക്യൂട്ടീവ് യോഗം കൂടുവാൻ തീരുമാനിച്ചു. കേന്ദ്ര എക്സിക്യൂട്ടീവ് യോഗ വാർത്തകൾ ശ്രീ. രാധാകൃഷ്ണൻ യോഗത്തിൽ അറിയിച്ചു. ക്ഷേമനിധി നറുക്കെടുപ്പ് നടത്തിയതിനു ശേഷം, കുമാരി നീരജയുടെ കവിത/കഥ അവതരണം നടന്നു. തുടർന്ന് കമ്മിറ്റി മെമ്പർ ശ്രീ. ടി.എൻ. മണിയുടെ കൃതജ്ഞതയോടു കൂടി യോഗം പര്യവസാനിച്ചു.

* * * * * * * * * * *

ശാഖയുടെ ഏപ്രിൽ മാസത്തെ യോഗം ഏപ്രിൽ ഏഴിന് ഞായറാഴ്ച 3 PMനു ശ്രീ. ടി.പി. രാമചന്ദ്രന്റെ എളമക്കരയുള്ള വസതിയിൽ വച്ച് നടന്നു. ഗൃഹനാഥ ശ്രീമതി പ്രീത ഭദ്രദീപം കൊളുത്തി. തുടർന്ന് നാരായണീയ പാരായണത്തോടെ യോഗം ആരംഭിച്ചു.

ഗൃഹനാഥൻ ശ്രീ. ടി.പി. രാമചന്ദ്രൻ യോഗത്തിൽ എത്തിച്ചേരുന്ന എല്ലാവരെയും സ്വാഗതം ചെയ്തു. പ്രസിഡണ്ട് ശ്രീ. ദിനേശ് അദ്ധ്യക്ഷത വഹിച്ചു. കഴിഞ്ഞ മാസത്തിൽ മൺമറഞ്ഞു പോയ സമുദായംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തി. സെക്രട്ടറി ശ്രീ. സന്തോഷ്കുമാർ റിപ്പോർട്ട് അവതരിപ്പിക്കുകയും ട്രഷറർ ശ്രീ. രാധാകൃഷ്ണൻ അവതരിപ്പിച്ച കണക്ക് പാസ്സാക്കുകയും ചെയ്തു. തുടർന്ന് വാർഷിക ആഘോഷത്തെ കുറിച്ചുള്ള ചർച്ചകൾ നടന്നു. 2024 ലെ ശാഖാ വാർഷികം 2024 മെയ് 19ന് നടത്തുവാൻ തീരുമാനിച്ചു. ഈയിടെയായുള്ള ചൂടിന്റെ കാഠിന്യം മൂലം ഈ വർഷത്തെ വാർഷികം ഒരു AC ഹാളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. AC ഹാളുകൾ ഏതെങ്കിലും ഒഴിവുള്ളത് ബുക്ക് ചെയ്യുവാനായി അതിനെപ്പറ്റി കൂടുതൽ അന്വേഷിക്കുവാനും തീരുമാനമായി. തുടർന്ന് ക്ഷേമനിധി നറുക്കെടുപ്പിന് ശേഷം കുമാരി അനയ സുധീറിന്റെ അഞ്ജനശിലയിൽ എന്ന ഗാനം ഏവരെയും ഭക്തിനിർഭരമാക്കുകയും, കുമാരി ആവ്യ സുധീറിന്റെ കഥ അവതരണം ഏവരെയും ഉദ്വേഗഭരിതരാക്കുകയും ചെയ്തു. മാസ്റ്റർ തേജസ് പിഷാരടിയുടെ നൃത്തം മനോഹരമായി. മൂവർക്കും സമ്മാനങ്ങൾ നൽകി അനുമോദിച്ചു. തുടർന്ന് ശ്രീ. സന്തോഷ് കൃഷ്ണന്റെ കൃതജ്ഞതയോടെ യോഗം പര്യവസാനിച്ചു.

## ചെന്നൈ

ശാഖയുടെ മാർച്ച് മാസ യോഗം 24-03-24നു അമ്പത്തൂരുള്ള ശ്രീ. രാജകുമാറിന്റെ വസതിയിൽ

മാസ്റ്റർ അനിരുദ്ധിന്റെ ഈശ്വര പ്രാർത്ഥനയോടു കൂടി ആരംഭിച്ചു.

എല്ലാ അംഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പൊതുയോഗം നടത്തണമെന്നും പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്ത് സമാജം പ്രവർത്തനം കൂടുതൽ ശക്തമാക്കണമെന്നും യോഗം തീരുമാനിച്ചു. ചെന്നൈ ശാഖയുടെ യോഗങ്ങളിൽ കൂടുതൽ അംഗങ്ങൾ വരുന്നതിൽ ശ്രീ. സുകുമാരൻ സന്തോഷം അറിയിക്കുകയും സ്കൂൾ തുറന്നതിനു ശേഷം എല്ലാവർക്കും സൗകര്യപ്രദമായ ഒരു ദിവസം വാർഷിക പൊതുയോഗം നടത്താമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

ശ്രീ. രാജകുമാറിന്റെ മധുരമായ ഒരു ഗാനം എല്ലാ അംഗങ്ങളും ആസ്വദിച്ചു. ശ്രീ. സുകുമാരന്റെ നന്ദി പ്രകാശനത്തോടുകൂടി മാർച്ച് മാസത്തെ യോഗം പരിസമാപിച്ചു.

## കോട്ടയം

ശാഖയുടെ ഏപ്രിൽ മാസ യോഗം 07-04-2024 ഞായറാഴ്ച ശാഖയിലെ കുടുംബാംഗങ്ങൾ നടത്തിയ തിരുവനന്തപുരത്തേക്കുള്ള യാത്രയുടെ ഇടയിൽ ശംഖുമുഖം ബീച്ചിൽ വെച്ചു നടത്തിയതു വേറിട്ട ഒരു അനുഭവമായി മാറി.

രാവിലെ 5.30 നു ഏറ്റുമാനൂരിൽ നിന്നും തുടങ്ങിയ യാത്രയിൽ 2 കുട്ടികൾ ഉൾപ്പെടെ 27 അംഗങ്ങൾ പങ്കെടുത്തു. പ്രഭാത ഭക്ഷണത്തിനു ശേഷം 10 മണിയോടെ തിരുവനന്തപുരത്തെത്തി. പഴവങ്ങാടി ഗണപതിയെ തൊഴുതു, ഉച്ച പൂജക്ക് ശേഷം ശ്രീ പത്മനാഭ സ്വാമിയെയും തൊഴുതു ഇറങ്ങിയ സംഘം വിഭവ സമൃദ്ധമായ ഉച്ച ഊണിനു ശേഷം വാക്സ് മ്യൂസിയം സന്ദർശിച്ചു. തങ്ങളുടെ ഇഷ്ട താരങ്ങളുടെയും നേതാക്കളുടെയും വാക്സ് പ്രതിമയുടെ അടുത്തു നിന്നു ഫോട്ടോയും സെൽഫിയും എടുത്ത ശേഷം തിരുവനന്തപുരം Zooവിലേക്ക് നീങ്ങി. വന്യ മൃഗ സംരക്ഷണ കേന്ദ്രവും പുരാവസ്തു മ്യൂസിയവും സന്ദർശിച്ച ശേഷം 5 മണിയോടെ ശംഖുമുഖം ബീച്ചിൽ എത്തി. ബീച്ചിൽ ആർത്തുല്ലസിച്ചു കളിച്ച ശേഷം ശംഖുമുഖം ദേവിയെ ദർശിച്ചു കോട്ടയത്തേക്ക് യാത്ര തിരിച്ചു.

ബീച്ചിൽ വെച്ചു നടന്ന ശാഖ യോഗത്തിൽ യാത്ര വിജയകരമായി നടത്തുവാൻ സഹകരിച്ചു യാത്രയിൽ പങ്കെടുത്ത എല്ലാവർക്കും അദ്ധ്യക്ഷൻ കൃതജ്ഞത രേഖപ്പെടുത്തി. സെക്രട്ടറി അവതരിപ്പിച്ച കഴിഞ്ഞ മാസ റിപ്പോർട്ട് യോഗം കൈയടിച്ചു പാസ്സാക്കി. അടുത്ത യോഗം മേയ് 5 നു മറിയപ്പള്ളിയിലുള്ള ശ്രീമതി ഗീത പിഷാരസ്യാരുടെ ഭവനമായ നളന്ദയിൽ വെച്ചു നടത്തുവാൻ തീരുമാനിച്ചു. ക്ഷേമനിധിയുടെയും തമ്പോലയുടെയും നറുക്കെടുപ്പിന് ശേഷം ശ്രീ. സി.കെ. കൃഷ്ണ പിഷാരടിയുടെ കൃതജ്ഞതയോടെ യോഗം അവസാനിച്ചു.

യാത്രയിലുടനീളം കുട്ടികളും വനിതകളും പാട്ടുകൾ പാടിയും കുട്ടികൾ നൃത്ത ചുവടുകൾ വെച്ചും യാത്രയെ ആഘോഷമാക്കി.

## കൊടകര
## ശാഖാ വാർഷികം 2024

ഒത്തൊരുമയോടേയും, സ്നേഹസംഗമങ്ങളുടേയും ഒരു വർഷം വളരെ പെട്ടെന്ന്, ഇന്നലെയെന്നോണം കടന്ന് പോയി. മുൻ വർഷത്തെ സംയുക്ത കേന്ദ്ര-ശാഖാ വാർഷികത്തിനു ശേഷം ഒരു ഒത്തു ചേരലിന്റെ, സ്നേഹക്കൂട്ടായ്മയുടെ ഉത്തമ ഉദാഹരണമായി കൊടകര ശാഖയുടെ 2023-24 വർഷത്തെ വാർഷിക പൊതുയോഗം. വിഷു ദിവസത്തിൽ വാർഷികത്തിന് ആളുകളുണ്ടാകുമോ എന്ന ഭീതി വ്യർത്ഥമാക്കിക്കൊണ്ട്, പതിവിലുമധികം അംഗങ്ങളുടെ സാന്നിദ്ധ്യം ഏറെ ഊർജ്ജദായകമായിരുന്നു. പ്രത്യേക ക്ഷണിതാക്കളുടേയും, മറ്റ് മഹനീയ വ്യക്തികളുടേയും അസാന്നിദ്ധ്യത്തിലും വിഷുദിന കൂട്ടായ്മ കൊണ്ടും കൈനീട്ടത്താലും കലാപരിപാടികളാലും വർണ്ണാഭവും അനുഗ്രഹാശിസ്സുകൾ നിറഞ്ഞതുമായിരുന്നു.

വാർഷിക യോഗവും കുടുംബസംഗമവും 2024 ഏപ്രിൽ 14 ഞായറാഴ്ച കോടാലിയിലുള്ള വ്യാപാരി ഭവന്റെ ഹാളിൽ ആഘോഷിച്ചു. രാവിലെ 10 മണിക്ക് ശ്രീമതിമാർ തങ്കം രാമൻ, രമ രാംകുമാർ, സുഭദ്ര ടി.പി., ശാന്ത കെ.പി., ബേബി വേണുഗോപാൽ, പത്മിനി അച്യുതൻ, വിജയലക്ഷ്മി പ്രഭാകരൻ, ജയശ്രീ രാജൻ, സുശീല രവീന്ദ്രൻ, ശ്രീലത വിജയൻ, മാധുരി മോഹനൻ, അമ്പിളി ശശി, അനിത സന്തോഷ് എന്നിവരുടെ നാരായണീയ പാരായണത്തോടെ ആഘോഷം തുടങ്ങി. അഭിനന്ദയുടെ പ്രാർത്ഥനയും ജയശ്രീ, അങ്കിത എന്നിവരുടെ കണികാണും നേരമെന്ന കൃഷ്ണ സ്തുതിയും ഭക്തിനിർഭരമായിരുന്നു. ശ്രീ. അശോക് കുമാർ സി.ബി. ഏവർക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചു. നമ്മെ വിട്ടുപിരിഞ്ഞ ക

ണ്ണന്നൂർ പിഷാരത്ത് നന്ദകുമാർ എന്ന ബാബു അടക്കമുള്ള വിവിധ ശാഖാ അംഗങ്ങൾക്കും എല്ലാ തലങ്ങളിലേയും പരേതരായവർക്കും അനുശോചനം രേഖപ്പെടുത്തി. പ്രസിഡണ്ട് ശ്രീ. സി.പി. രാമചന്ദ്ര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ശാഖാ രക്ഷാധികാരി ശ്രീ. കെ.പി. ശ്രീധര പിഷാരോടി ഉദ്ഘാടനം ചെയ്തു. പിഷാരോടി സമുദായ സംഘടനയുടെ മാത്രമല്ല, മൊത്തം സമൂഹത്തിലും വയോജനങ്ങൾ കൂടുന്നതും അവരുടെ ആവശ്യങ്ങൾ പ്രത്യേകം കണ്ടെത്തി നിറവേറ്റേണ്ടതിൻറെ ആവശ്യകത, വന്ദിച്ചില്ലെങ്കിലും നിന്ദിക്കാതിരിക്കുന്നതിന് പുതു തലമുറയെ പ്രത്യേകം പരിശീലിപ്പിക്കേണ്ടതിന്റെ ഉത്തരവാദിത്വം, നിലവിലെ വിവിധ പ്രവർത്തനങ്ങൾ, ഏറ്റെടുക്കേണ്ട പ്രത്യേക മേഖലകൾ എന്നിവയെ കുറിച്ച് ഉദ്ഘാടകനും അദ്ധ്യക്ഷനും സംസാരിച്ചു. വരിഷ്ഠ വയോധികരായ പഴയന്നൂർ തെക്കൂട്ട് പിഷാരത്ത് രാംകുമാർ, രമ രാംകുമാർ എന്നിവരെ സ്നേഹാശംസകളോടെ ആദരിച്ചു. സംസ്ഥാന സർക്കാരിന്റെ സാസ്കാരിക വകുപ്പിന് കീഴിലുള്ള ഗുരു ഗോപിനാഥ് നടനഗ്രാമത്തിൽ നിന്നും കേരള നടനം കോഴ്സിൽ ഒന്നാം റാങ്ക് നേടിയ ശ്രീമതി കാർത്തിക ഗിരീഷ്, കമ്പനി സെക്രട്ടറി, എൽ.എൽ.ബി. എന്നീ ഉന്നത ബിരുദങ്ങൾ കരസ്ഥമാക്കിയ ശ്രീമതി സംഗീത മഹേഷ്, ബി.ഫാമിൽ ഒന്നാം ക്ലാസ് ബിരുദം നേടിയ കുമാരി ശ്രീജ കെ.ആർ. എന്നിങ്ങനെ ശാഖയുടേയും സമാജത്തിന്റെയും അഭിമാനങ്ങളായവർക്ക് ആദരവും അനുമോദനവും നൽകി.

സെക്രട്ടറി ശ്രീ. രാമചന്ദ്രൻ ടി.പി. സമഗ്രവും സമ്പൂർണ്ണവുമായ വാർഷിക റിപ്പോർട്ടും ഖജാൻജി ശ്രീ ടി.ആർ. ജയൻ വാർഷിക കണക്കും അവതരിപ്പിച്ചത് സദസ്സ് ഐക്യകണ്ഠേന അംഗീകരിച്ചു. ഇൻറേണൽ ഓഡിറ്റർ ശ്രീ. കെ.പി. ശശി ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് വരണാധികാരിയായ ശ്രീ. ജി.ആർ. രാഘവൻ (രാജൻ സിത്താര)യുടെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പ് നടപടി പൂർത്തീകരിച്ചു. ഉഷ ശ്രീധരൻ, ആളൂർ (പ്രസിഡണ്ട്), എ.പി. ആനന്ദൻ, അഷ്ടമിച്ചിറ (വൈസ് പ്രസിഡണ്ട്), രമ്യ രാധാകൃഷ്ണൻ, പോട്ട (സെക്രട്ടറി), കൃഷ്ണകുമാരി കൃഷ്ണൻ, മാങ്കുറ്റിപ്പാടം (ജോ. സെക്രട്ടറി), എം.പി. വിജയൻ, കോടാലി (ട്രഷറർ), കെ.പി. ശശി, വരന്തരപ്പിള്ളി (ജോ. ട്രഷറർ), വി.പി. കൃഷ്ണൻകുട്ടി, പി.പി. രാധാകൃഷ്ണൻ, സി.പി. രാമചന്ദ്രൻ, കെ.പി. രവീന്ദ്രൻ, ഡോ. എം.പി. രാജൻ, വി.പി. ജയൻ, രാജൻ സിത്താര, എ.പി. ഭരതൻ, കെ.പി. രാമനാഥൻ, കെ.പി. കൃഷ്ണകുമാർ, ടി.ആർ. ജയൻ, ടി.പി. രാമചന്ദ്രൻ, ശാന്ത ഹരിഹരൻ, സതി മണികണ്ഠൻ (എക്സിക്യൂട്ടീവ് അംഗങ്ങൾ), എ. അരുൺ (ഇൻറേണൽ ഓഡിറ്റർ) എന്നിവരെ തെരഞ്ഞെടുത്തു. മുൻ ഭരണസമിതിക്ക് അനുമോദനവും നന്ദിയും പുതിയ ഭരണസമിതിക്ക് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുകയും ചെയ്തു. ശ്രീ രാജൻ സിത്താര ആശംസകൾ നേർന്നു സംസാരിച്ചു. എല്ലാ കൂട്ടായ്മകളിലും യോഗങ്ങളിലും പരമാവധിപേരുടെ സഹകരണം ഉണ്ടായത് പ്രത്യേകം പ്രതിപാദിക്കപ്പെട്ടു. ഏവർക്കും ശാഖാ രക്ഷാധികാരി വിഷുക്കൈനീട്ടം നൽകി. വിഷുക്കൈനീട്ടം സ്വീകരിച്ച് അനുഗ്രഹം നേടിയ രംഗം വ്യത്യസ്തവും ഏറെ ഹൃദയ സ്പർശിയുമായിരുന്നു.

വിഭവസമൃദ്ധമായ സദ്യക്ക് ശേഷം അക്ഷരാർത്ഥത്തിൽ കലാവിരുന്ന് അരങ്ങേറി. അഥർവ്വ്. അക്ഷജ്, മേഥ, ദേവതീർത്ഥ, ആദിഷ്, അഭിനന്ദ, ആദിദേവ് എന്നീ കുട്ടിപ്പട്ടാളം പാട്ടുകളും ശ്ലോകങ്ങളും കവിതകളുമൊക്കെയായി വേദി കയ്യടക്കി. രേവതി ശശികുമാർ (ലളിതഗാനം), രമ രാംകുമാർ (അഷ്ടപദി), അനാമിക രാജേഷ് (സെമി ക്ലാസ്സിക്കൽ ഫ്യൂഷൻ ഡാൻസ്), കാർത്തിക ഗിരീഷ്, നവനീത രാമചന്ദ്രൻ, ലക്ഷ്മി പി.ആർ., കൃഷ്ണ പി.ആർ. (സിനിമാറ്റിക്ക് സംഘനൃത്തം), ഗോപാലകൃഷ്ണൻ, അങ്കിത രാജു (ഫിലിം സോംഗ്), ജയശ്രീ രാജൻ (ഭജൻ), ആതിര സംഘ



**കൊടകര ശാഖയുടെ പുതിയ ഭരണസമിതി**

ത്തിന്റെ തിരുവാതിര, കോൽക്കളി, കിണ്ണം കളി (അഞ്ജലി രാമചന്ദ്രൻ. ശ്രീലത നന്ദകുമാർ, ബീന ജയൻ, ഗീത രാമചന്ദ്രൻ, കൃഷ്ണകുമാരി കൃഷ്ണൻ, രമ്യ രാധാകൃഷ്ണൻ, ശാന്ത ഹരിഹരൻ വിജയലക്ഷ്മി പ്രഭാകരൻ, ബിന്ദു രാമനാഥൻ, മഞ്ജു ഹരിദാസ്, സതി മണികണ്ഠൻ, കാർത്തിക ഗിരീഷ്, സുമിത്ര പീയൂഷ്, ദർശന പ്രശാന്ത്, കീർത്തി ഉണ്ണികൃഷ്ണൻ), രാജൻ സിത്താര, കെ.പി.മോഹനൻ, ടി.പി. രാമചന്ദ്രൻ എന്നിവരുടെ സ്കിറ്റ് എന്നിവയെല്ലാം സദസ്സ് ഹർഷാരവത്തോടെ സ്വീകരിച്ചു. നിയുക്ത പ്രസിഡണ്ട് ശ്രീമതി ഉഷ ശ്രീധരൻ എല്ലാ കലാകാരന്മാർക്കും ശാഖയുടെ പ്രോത്സാഹന സമ്മാനം വിതരണം ചെയ്തു. അടുത്ത മാസത്തെ യോഗം 19.05.2024 ഞായറാഴ്ച കോടാലിയിൽ വല്ലച്ചിറ പിഷാരത്ത് ശ്രീ. വി.പി. രാമചന്ദ്രന്റെ ഭവനമായ അയോദ്ധ്യയിൽ ചേരുന്നതിനു തീരുമാനിച്ചു. അക്ഷരാർത്ഥത്തിൽ ഒരു സ്നേഹ സംഗമമായിരുന്ന യോഗത്തിലെത്തിയ ഏവർക്കും ശ്രീ. സുരേഷ് സി.കെ. നന്ദി പ്രകാശിപ്പിച്ചു. സ്നേഹ സന്ദേശവും കൂട്ടായ്മയും വിളിച്ചോതിയ വാർഷിക യോഗം വൈകുന്നേരം 5.20 ന് അവസാനിച്ചു.

## പാലക്കാട്

ശാഖയുടെ ഏപ്രിൽ മാസ യോഗം 21-04-2024, 11 AM നു ഓൺലൈനായി നടത്തി. ജില്ലയിലെ അസഹനീയ ചൂടുകാരണം വീടുകളിൽ വച്ച് യോഗം നടത്താനുള്ള അസൗകര്യം കണക്കിലെടുത്തു നടത്തിയ ഓൺലൈൻ യോഗത്തിൽ അംഗങ്ങളുടെ നല്ല പങ്കാളിത്തവും ഉണ്ടായി. സെക്രട്ടറിയുടെ ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം യോഗത്തിൽ പങ്കെടുത്ത ഏവരെയും സെക്രട്ടറി സ്വാഗതം ചെയ്തു. അടുത്ത യോഗത്തിൽ കൂടുതൽ പേർ ഓൺലൈനിൽ വരണമെന്ന് അഭ്യർത്ഥിച്ചു. അല്പം വൈകിയാണെങ്കിലും എല്ലാ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും വിഷു ആശംസകൾ നേർന്നു.

കഴിഞ്ഞ മാസക്കാലയളവിൽ നമ്മെ വിട്ടു പിരിഞ്ഞു പോയവരുടെ ആത്മാക്കളുടെ ശാന്തിക്കായി ഏവരും മൗനപ്രാർത്ഥന നടത്തി. അദ്ധ്യക്ഷൻ ശ്രീ. എ.പി. ഉണ്ണികൃഷ്ണൻ യോഗത്തിലെത്തിച്ചേർന്ന ഏവർക്കും സ്വാഗതം അരുളി, തുടർ യോഗങ്ങളിലും ഏവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. തുളസീദളം, മറ്റ് മെമ്പർഷിപ്പുകളുടെ വാർഷിക വരിസംഖ്യയിൽ വന്ന മാറ്റങ്ങളെ ചർച്ച ചെയ്ത്, ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചു. സെക്രട്ടറി ശാഖാ പ്രവർത്തനങ്ങൾ വിവരിച്ചു. പുതുവത്സര ആരംഭത്തിൽ വരിസംഖ്യകൾ ബാങ്കിലേക്ക് നേരിട്ട് അയക്കുവാൻ അഭ്യർത്ഥിച്ചു. മെമ്പർമാർ സഹകരിച്ചതിന്റെ ഫലമായി കഴിഞ്ഞ വർഷങ്ങളിലെല്ലാം മെമ്പർഷിപ്പുകൾ തുകകൾ കേന്ദ്രത്തിന് യാതൊരു കുടിശ്ശികയും ഇല്ലാതെ അടച്ചു തീർക്കാൻ സാധിച്ചതിൽ സന്തോഷം പ്രകടിപ്പിച്ചു. വാർഷികത്തെക്കുറിച്ച് തീരുമാനങ്ങൾ വരും മാസങ്ങളിലെ യോഗത്തിൽ ചർച്ചചെയ്ത് രൂപം നൽകാമെന്ന് ഏവരും അഭിപ്രായപ്പെട്ടു. പാലക്കാട് ശാഖയിലെ ഒരു മെമ്പർക്ക് ധനസഹായം നൽകിയ കേന്ദ്ര കമ്മിറ്റിയെ അനുമോദിച്ചു. ക്ഷേമ നിധി നടത്തി. അടുത്ത ക്ഷേമനിധി ജൂലൈ മാസത്തിൽ ആരംഭിക്കാമെന്ന് തീരുമാനിച്ചു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ക്ഷേമനിധി ജൂണിൽ അവസാനിക്കുമെന്നും ഏവരെയും അറിയിച്ചു. പുതിയ മെമ്പർഷിപ്പ് കാര്യങ്ങൾ ചർച്ച ചെയ്തു. ഈ വർഷം രണ്ടോ മൂന്നോ പേരെ പുതുതായി മെമ്പർമാർ ആക്കാമെന്ന് ചർച്ചയിൽ അഭിപ്രായപ്പെട്ടു. അതിനുള്ള നടപടികൾ ഉടൻ ചെയ്യുന്നതായിരിക്കുമെന്ന് അറിയിച്ചു. മെയ് മാസ യോഗം 19/5 ന് കാലത്ത് 11 മണിക്ക് ഓൺലൈനായി നടത്താമെന്ന് തീരുമാനിച്ചു. തുടർന്ന് ചർച്ചകൾക്ക് ശേഷം സെക്രട്ടറി യുടെ നന്ദി പ്രകടനത്തോടെ മീറ്റിംഗ് 12.15ന് സമംഗളം അവസാനിച്ചു.

## കോങ്ങാട്

ശാഖയുടെ യോഗം പ്രസിഡണ്ട് ശ്രീ. കെ. പി. പ്രഭാകര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ഓൺലൈൻ ആയി 25/04/20024, 10 AM നു കൂടി.

അച്ചുണ്ണി പിഷാരടിയുടെ പ്രാർത്ഥനയോടെ തുടങ്ങിയ യോഗത്തിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. ശ്രീ. കെ.പി. സുരേഷ്കുമാർ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

ശ്രീ. കെ.പി. ഗോപാല പിഷാരടി പുരാണ പാരായണം നടത്തി. മുണ്ടൂർ അനുപുരത്ത് പിഷാരത്ത് എ.പി. മാലതി പിഷാരസ്യർ, ആറങ്ങോട്ടു പിഷാരത്ത് ഉഷ പിഷാരസ്യാർ, കുത്തനൂർ നടുത്തറ പിഷാരത്ത് ശ്രീദേവി പിഷാരസ്യർ (വേശ), നെല്ലംപാനി പിഷാരത്ത് അപ്പു എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

തുടർന്ന് സെക്രട്ടറി റിപ്പോർട്ടും ട്രഷറർ ശ്രീ. ചന്ദ്രശേഖരൻ കണക്കും, പ്രസിഡണ്ട് സമാജമന്ദിരത്തിലെ കണക്കുകളും അവതരിപ്പിച്ചു.

ശ്രീ. കെ.പി. ഗോവിന്ദന്റെ നന്ദിപ്രകടത്തോടെ യോഗം അവസാനിച്ചു.

## ഇരിങ്ങാലക്കുട

ശാഖയുടെ 2024 ഏപ്രിൽ മാസ കുടുംബ യോഗം 18-04-2024 7 PMനു ഗൂഗിൾ മീറ്റ് വഴി കൂടി. ശ്രീമതി ചന്ദ്രമതി ഉണ്ണികൃഷ്ണന്റെ ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. എത്തിച്ചേർന്ന എല്ലാ അംഗങ്ങളെയും സെക്രട്ടറി സ്വാഗതം ചെയ്തു. കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ച സമുദായ അംഗങ്ങൾക്കും യോഗം ആദരാഞ്ജലികൾ അർപ്പിച്ചു.

അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീമതി മായാ സുന്ദരേശ്വരൻ എല്ലാവർക്കും വിഷു ആശംസകൾ നേർന്നു. ഈയിടെ സമുദായത്തിലെ അംഗങ്ങൾക്ക് കിട്ടിയ അവാർഡുകൾക്കും, പുരസ്ക്കാരങ്ങൾക്കും പ്രസിഡണ്ടു് ശാഖയുടെ അഭിനന്ദനങ്ങൾ രേഖപ്പെടുത്തി. സെക്രട്ടറി സി.ജി. മോഹനൻ അവതരിപ്പിച്ച കഴിഞ്ഞ മാസത്തെ മിനിട്ട്സും ട്രഷറർ മോഹൻദാസ് അവതരിപ്പിച്ച 2023 24 വർഷത്തെ ഓഡിറ്റ് ചെയ്ത് കിട്ടിയ വരവ്, ചിലവ് കണക്കുകളും യോഗം പാസ്സാക്കി. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ Approval കിട്ടിയത് കൊണ്ട് കേന്ദ്രത്തിലേക്ക് റിപ്പോർട്ടും, കണക്കുകളും അയച്ചു കൊടുക്കുവാൻ യോഗം ട്രഷററെ ചുമതലപ്പെടുത്തി

ശാഖയുടെ വാർഷികം അംഗങ്ങളുടെ സൗകര്യം കണക്കിൽ എടുത്ത് സെപ്തംബർ മാസത്തിൽ നടത്തുവാനും തിയ്യതി, സ്ഥലം, മറ്റ് സൗകര്യങ്ങൾ എന്നിവ മെയ് മാസത്തിലെ യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കുവാനും ധാരണയായി.

പുതിയ ക്ഷേമനിധി ഏപ്രിൽ മാസം മുതൽ തുടങ്ങിയതിന്റെ വിശദ വിവരങ്ങൾ ട്രഷറർ യോഗത്തിൽ പങ്കു വെച്ചു. പി. മോഹനൻ തന്റെ വാക്കുകളിൽ 2024 വർഷം തൊട്ട് L .P & U .P സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ചെറിയ സാമ്പത്തിക സഹായ സ്കോളർഷിപ്പ് കൊടുക്കുന്നത് നല്ലതായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു. എക്സ്ക്യൂട്ടിവ് കമ്മിറ്റി ചർച്ച ചെയ്ത ശേഷം തുടർ നടപടികൾ ചെയ്യുവാനായി സെക്രട്ടറിയെ ചുമതലപ്പെടുത്തി.

മാപ്രാണം പുത്തൻ പിഷാരത്ത് ശ്രീ. മുരളി പിഷാരോടിയുടെ നന്ദിയോടെ യോഗം 8.30 മണിക്ക് അവസാനിച്ചു.

## ചൊവ്വര

ശാഖയുടെ ഏപ്രിൽ മാസ യോഗം 28-04-24നു 3.30 PMന് ചൊവ്വര ശ്രീ സി. സേതുമാധവന്റെ വസതി, സുരഭിയിൽ പ്രസിഡണ്ട് ശ്രീ കെ. വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ ശ്രീമതി ലത ഹരിയുടെ ഈശ്വര പ്രാർത്ഥന, നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു. ശ്രീമതി ബിന്ദുവിന്റെയും (രാരുപുരം പ്രകാശന്റെ ഭാര്യ) മറ്റു സമുദായ അംഗങ്ങളുടെയും വിയോഗ സ്മരണയിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ഗൃഹനാഥൻ ശ്രീ. സേതുമാധവൻ സന്നിഹിതരായ എല്ലാവരെയും യോഗത്തിലേക്കു സ്വാഗതം ചെയ്തു. അദ്ധ്യക്ഷൻ തന്റെ പ്രസംഗത്തിൽ ശാഖ വാർഷികത്തെ കുറിച്ച് സംസാരിച്ചു. ശ്രീ. വിജയൻ അക്കാര്യങ്ങൾ കൂടുതൽ വിശദമാക്കി. മുൻ യോഗ റിപ്പോർട്ട് ശ്രീ. വിജയനും കണക്കുകൾ ശ്രീ. മധുവും വായിച്ചതു യോഗം പാസ്സാക്കി. ക്ഷേമനിധി നറുക്കെടുപ്പ് നടത്തി. ശ്രീ കെ.പി. രവിയുടെ നന്ദി പ്രകടനത്തോടെ യോഗം സമാപിച്ചു.

## ചൊവ്വര ശാഖ വാർഷികം

ചൊവ്വര ശാഖയുടെ വാർഷികം 12/05/2024 ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് അങ്കമാലി രുഗ്മിണി ഓഡിറ്റോറിയത്തിൽ വെച്ചു വിവിധ കലാപരിപാടികളോടെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കേന്ദ്ര ഭാരവാഹികളും മറ്റു വിശിഷ്ട വ്യക്തികളും പങ്കെടുക്കുന്നതാണ്. എല്ലാ അംഗങ്ങളും ഇതൊരു അറിയിപ്പായി കണക്കാക്കി ഇതിൽ പങ്കെടുക്കണം എന്ന് അഭ്യർത്ഥിച്ചു കൊള്ളുന്നു.

സെക്രട്ടറി

## തൃശൂർ ശാഖ വാർഷികവും കുടുംബ സംഗമവും

തൃശൂർ ശാഖ വാർഷികവും കുടുംബസംഗമവും 2024 ഏപ്രിൽ 28 ഞായറാഴ്ച്ച പിഷാരടി സമാജം ആസ്ഥാന മന്ദിരത്തിൽ പ്രസിഡണ്ട് ശ്രീ. വിനോദ് കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ശ്രീമതി ലക്ഷ്മിദേവി വിനോദ് കൃഷ്ണന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ശ്രീ. ജി.പി.



**തൃശൂർ ശാഖാ വാർഷികം ഉദ്ഘാടനം**

സ്സാക്കി.

എൺപത് വയസ്സിനു മീതെയുള്ള വന്ദ്യ വയോധികരായ ശ്രീ. പ്രഭാകര പിഷാരോടി (മുളകുന്നത്തുകാവ്), ശ്രീ. ബാലകൃഷ്ണ പിഷാരോടി (ചേറൂർ), ചെന്നൈ ശാഖ മുൻ പ്രസിഡണ്ട് ശ്രീ. പി. കരുണാകര പിഷാരോടി എന്നിവരെ സമാജം പ്രസിഡണ്ട് ശ്രീ. ഹരികൃഷ്ണ പിഷാരോടിയും ശ്രീമതി ചന്ദ്രമതി പിഷാരസ്യാരെ മുൻ പ്രസിഡണ്ടും ജനറൽ സെക്രട്ടറിയുമായ ശ്രീ. കെ. പി. ബാലകൃഷ്ണ പിഷാരോടിയും പൊന്നാടയണിയിച്ച് ആദരിച്ചു.

തുടർന്ന് ശാഖയുടെ പുതിയ ഡയറക്ടറി ശ്രീ. ഹരികൃഷ്ണ പിഷാരോടിയും ശ്രീ. ടി.പി. മോഹനകൃഷ്ണനും ചേർന്ന് പ്രകാശനം ചെയ്തു.

നാരായണൻകുട്ടിയുടെ നേതൃത്വത്തിൽ നാരായണീയം 38, 39 ദശകങ്ങൾ എല്ലാവരും ചേർന്ന് ചൊല്ലി. ഈ ലോകത്തോട് വിട പറഞ്ഞ എല്ലാ കുടുംബാംഗങ്ങളുടെയും സ്മരണയിൽ മൗന പ്രാർത്ഥന നടത്തി.

ശാഖ പ്രസിഡണ്ട് ശ്രീ. വിനോദ് കൃഷ്ണൻ, കേന്ദ്ര പ്രസിഡണ്ട് ശ്രീ. ഹരികൃഷ്ണ പിഷാരോടി, ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ, മുഖ്യാതിഥികളായ ശ്രീ. മോഹനകൃഷ്ണൻ, ശ്രീമതി പ്രസന്ന വേണുഗോപാൽ എന്നിവർ ചേർന്ന് വാർഷിക ഭദ്രദീപം തെളിയിച്ചു.

വൈസ് പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരോടി ഏവർക്കും സ്വാഗതം ആശംസിച്ചു. ഗസ്റ്റ് ഹൗസിനും ആസ്ഥാനമന്ദിരത്തിനും ശ്രീ. ടി. പി. മോഹനകൃഷ്ണൻ ചെയ്ത സഹായങ്ങൾ നന്ദിയോടെ അനുസ്മരിച്ചു. കലാ സാംസ്കാരിക സംഘടന രജിസ്റ്റർ ചെയ്യേണ്ടതിന്റെ പ്രാധാന്യവും അത് മൂലമുള്ള ഗുണങ്ങളും ശ്രീ. രാമചന്ദ്ര പിഷാരോടി യോഗത്തെ അറിയിക്കുകയും എത്രയും പെട്ടെന്ന് തന്നെ രജിസ്റ്റർ ചെയ്യണമെന്ന് കേന്ദ്ര ഭാരവാഹികളോട് അഭ്യർത്ഥിക്കുകയും ചെയ്തു. അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീ. വിനോദ് കൃഷ്ണൻ ഇക്കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെപ്പറ്റി പറഞ്ഞു.

സെക്രട്ടറി ശ്രീ. എ.പി. ജയദേവൻ വാർഷിക റിപ്പോർട്ടും ട്രഷറർ ശ്രീ. ആർ.പി. രഘുനന്ദനൻ കണക്കും അവതരിപ്പിച്ചത് കയ്യടികളോടെ പാസ്സാക്കി.

മുഖ്യ പ്രഭാഷണം നടത്തിയ സമാജം പ്രസിഡണ്ട് ശ്രീ. ഹരികൃഷ്ണ പിഷാരോടി യുവജനങ്ങൾക്ക് വേണ്ടിയുള്ള കലാ സാംസ്കാരിക സംഘടന രജിസ്റ്റർ ചെയ്യാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന വിവരം യോഗത്തെ അറിയിച്ചു. നമ്മുടെ സമുദായാംഗങ്ങൾ സ്വന്തമായി ആരംഭിക്കുന്ന ചെറുകിട സംരംഭങ്ങളെ സഹായിക്കാൻ ഒരു ഫണ്ട് ഉണ്ടാക്കാൻ ആലോചിക്കുന്ന വിവരവും അതിന് തൃശൂർ ശാഖയുടെ സഹകരണം ഉണ്ടാകണമെന്നും അദ്ദേഹം അറിയിച്ചു.

പ്രകൃതി ജീവന ശാസ്ത്രത്തിന്റെ പ്രചാരകയും പരിശീലകയും യോഗ ആചാര്യയുമായ ശ്രീമതി പ്രസന്ന വേണുഗോപാൽ ആരോഗ്യവും ജീവിതവും എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ബോധവൽക്കരണ ക്ലാസ്സ് ഏറെ വിജ്ഞാനപ്രദവും അതോടൊപ്പം ആസ്വാദ്യകരവുമായിരുന്നു. യഥാർത്ഥ ആരോഗ്യത്തിന് വേണ്ട മുഖ്യ ഘടകങ്ങൾ ശരിയായ ഭക്ഷണം, ശരിയായ ശ്വസനം, വ്യായാമം, വിശ്രമം, ശരിയായ ചിന്ത എന്നിവയാണ്. ഏതൊരു സ്ത്രീയുടെ പ്രസവവും നടക്കുന്നത് അവൾ പോലുമറിയാതെ ഓംകാര മന്ത്രം ജപിച്ചു കൊണ്ടാണ്. പ്രസവ വേദനയുടെ പ്രധാന മൂന്നു ഘട്ടങ്ങളിൽ അവൾ ആദ്യം ഉച്ചരിക്കുന്ന ശബ്ദം 'അ' എന്നും രണ്ടാമത് 'ഒ' എന്നും മൂന്നാമതായി 'ഉം' എന്നുമാണ്. എന്നും രാവിലെ നമ്മൾ കേൾ

ക്കുന്ന പ്രസിദ്ധമായ ശ്ലോകം 'കൗസല്യ സുപ്രജാ രാമ' എന്നത് ഓരോ മനുഷ്യനും തരുന്ന ആരോഗ്യത്തിന്റെ മുന്നറിയിപ്പ് കൂടിയാണ്. പൂർവ്വ സന്ധ്യയിൽ അതായത് അതിരാവിലെ സൂര്യോദയത്തിന് തൊട്ടു മുൻപേ തന്നെ ഉണർന്ന് കർമ്മരംഗത്തെത്തണം. ഇന്ന് ഏറ്റവും ആരോഗ്യം ഉണ്ടായിരിക്കേണ്ട നന്നേ ചെറുപ്പകാലത്ത് തന്നെ പലരും ആരോഗ്യ ഹീനരായി തീരുന്നു.

ശ്രീമതി പ്രസന്ന വേണുഗോപാലിനെ തുളസീദളം ചീഫ് എഡിറ്റർ ശ്രീമതി എ.പി. സരസ്വതിയും സംഗീത രംഗത്ത് പ്രശസ്തനായികൊണ്ടിരിക്കുന്ന സംഗീത സംവിധായകൻ ശ്രീ. ടി.പി. രവികുമാറിനെ ശ്രീ. ടി.പി. മോഹനകൃഷ്ണനും പൊന്നാടയണിയിച്ച് ആദരിച്ചു.

ആശംസാ പ്രസംഗത്തിൽ ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ സമാജത്തിന്റെ ഓരോ ഘടകവും വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട് എന്നറിയിച്ചു. തുളസീദളത്തിന് ഓരോ മാസവും സ്പോൺസേഴ്സ് ഉണ്ടാകാൻ എല്ലാവരും ശ്രമിക്കണം. സാമ്പത്തീകമായി ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് സഹായമെത്തിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇവിടത്തെ ആഡിറ്റോറിയത്തിനു ഇപ്പോൾ വളരെ ചെറിയ സംഖ്യയാണ് വാടകയായി വാങ്ങുന്നത്. കഴിയുന്നതും നമ്മുടെ എല്ലാവരുടെയും പ്രധാന ചടങ്ങുകൾ, മീറ്റിങ്ങുകൾ തുടങ്ങിയവയൊക്കെ ഇവിടെ വെച്ച് നടത്തുകയാണെങ്കിൽ നല്ലതാണ്.നമ്മൾ തുടങ്ങി വെച്ച കഥകളി ക്ലാസ്സുകൾ അഭിനന്ദനീയമായ രീതിയിൽ മുന്നോട്ട് പോകുന്നുണ്ട്.

ആശംസകളിൽ മുൻ ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഹരികൃഷ്ണൻ ആരോഗ്യപരമായ പുതിയകാല പ്രവണതകളെക്കുറിച്ചാണ് സംസാരിച്ചത്. ശാരീരികമായ അസുഖങ്ങളെക്കാൾ ഇന്ന് മാനസികമായ വിഷമങ്ങൾ ആണ് കൂടുതലും സംഭവിക്കുന്നത്. അതിനുള്ള പ്രധാന പരിഹാരമാർഗ്ഗം ഒന്ന് ചേരുക എന്നതാണ്. ഇന്ന് എല്ലാവരും ഒറ്റപ്പെട്ട അവസ്ഥയാണ്. അത് അപകടമാണ്. ഇഷ്ടപ്പെട്ടവർ ചേർന്ന് ഒന്നിച്ചിരിക്കുക, സംസാരിക്കുക എന്നതൊക്കെ പണ്ടുള്ളവർ ചെയ്തിരുന്ന കാര്യങ്ങളാണ്. ഇന്ന് അത് നഷ്ടപ്പെട്ടിരിക്കുന്നു. തൃശൂർ ശാഖയുടെ നേതൃത്വത്തിൽ കൂട്ടായ്മകൾക്ക് അവസരമൊരുക്കണം.

ശാഖ നൽകിയ ആദരങ്ങൾക്ക് ശ്രീമതി പ്രസന്ന വേണുഗോപാൽ, ശ്രീ. ടി.പി. രവികുമാർ, ശ്രീ. പി. കരുണാകര പിഷാരോടി എന്നിവർ നന്ദി പറഞ്ഞു.

പട്ടാമ്പി ശാഖ സെക്രട്ടറി ശ്രീ. സുരേന്ദ്രൻ മാസ്റ്റർ, ഗുരുവായൂർ ശാഖ സെക്രട്ടറി ശ്രീ. രവീന്ദ്രൻ, വടക്കാഞ്ചേരി ശാഖയെ പ്രതിനിധീകരിച്ച് ശ്രീമതി ഗീത കൃഷ്ണദാസ്, ശ്രീ. രാജൻ സിത്താര (കൊടകര), എറണാകുളം ശാഖയെ പ്രതിനിധീകരിച്ച് കുമാരി ഐശ്വര്യ, തുളസീദളം ചീഫ് എഡിറ്റർ ശ്രീമതി എ.പി സരസ്വതി, തുളസിദളം എഡിറ്റർ ശ്രീ. ഗോപൻ പഴുവിൽ എന്നിവർ ആശംസകൾ പറഞ്ഞു.

ശാഖ വൈസ് പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരോടി അവിടെ വന്നു ചേർന്ന എല്ലാ കുട്ടികൾക്കും വിഷുക്കൈനീട്ടം നൽകി. കൂടാതെ യോഗത്തിൽ പങ്കെടുത്ത ഓരോ കുടുംബത്തിനും സമ്മാനങ്ങൾ നൽകി.

തുടർന്ന് സിനിമാതാരം കുമാരി ശ്രവണ കലാപരിപാടികൾ ഉദ്ഘാടനം ചെയ്തു. ശ്രവണയെ ശ്രീമതി പ്രസന്ന വേണുഗോപാൽ, ശ്രീമതി അനി

*With best compliments from*

LL 04872320835
Mob: 9633898468
Mob: 9744187674

# GK GROUP

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**

C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com

# ആദരാഞ്ജലികൾ

**നന്ദകുമാർ കെ.പി.**

കണ്ണനൂർ പിഷാരത്ത് പരേതയായ മാലു പിഷാരസ്യാരുടെയും കൊടുമുണ്ട പിഷാരത്ത് പരേതനായ കൃഷ്ണ പിഷാരോടിയുടെയും മകൻ കൊടകര പാറക്കാട്ടുകര ഗോവിന്ദാപുരം ക്ഷേത്ര സമീപം താമസിക്കുന്ന നന്ദകുമാർ (ബാബു-63) 04-04-2024 നു നിര്യാതനായി. ഭാര്യ: പെരുമ്പിള്ളി പിഷാരത്ത് രമാദേവി. മകൻ നീരജ്.

**ഗീത**

കാഞ്ഞൂർ രാമപുരത്ത് പിഷാരത്ത് പ്രകാശ് പിഷാരോടിയുടെ പത്നി ഗീത (50) 11-04-2024നു നിര്യാതയായി.

**എ.പി. മാലതി പിഷാരസ്യാർ**

മുണ്ടൂർ അനുപുരത്ത് പിഷാരത്ത് മാലതി പിഷാരസ്യാർ (62) 11-04-2024നു ഹൃദയാഘാതം മൂലം നിര്യാതയായി. ഭർത്താവ്: ആണ്ടാളെ പിഷാരത്ത് പരേതനായ സുധാകരൻ. മക്കൾ: സുമേഷ്, സുജിത്. മരുമകൾ: സൗമ്യ. സഹോദരങ്ങൾ: ഭാസ്കരൻ, ഹരിദാസൻ, മുരളീധരൻ, ശ്രീദേവി.

---

ത ഹരികൃഷ്ണൻ എന്നിവർ ചേർന്ന് ആദരിച്ചു.

ഉൽഘാടന ഭാഷണത്തിൽ ശ്രവണ കുട്ടിക്കാലം മുതലേ സമാജം വേദികളുമായുള്ള ആഴമേറിയ ബന്ധത്തെപ്പറ്റി വാചാലയായി. ഇപ്പോൾ ലഭിച്ച ഈ അനുമോദനം സത്യത്തിൽ ഞാൻ ആഗ്രഹിച്ചിരുന്നു. ഇനിയും ഈ വേദികളിൽ പുതിയ കുട്ടികളുടെ കഴിവുകൾ അരങ്ങേറണം. ധാരാളം കഴിവുകൾ ഉള്ള കുട്ടികൾ നമ്മുടെ ഇടയിൽ ഉണ്ട്. അവരെയും കണ്ടെത്തണം എന്നും അഭിപ്രായപ്പെട്ടു.

തുടർന്ന് നടന്ന വിവിധ കലാ പരിപാടികളിൽ ശ്രീ. ഗോവിന്ദ് പിഷാരോടി, ശ്രീമതി സൗമ്യ (ബാംഗ്ലൂരു), മാസ്റ്റർ കാർത്തിക്ക്, കുമാരി ദേവിക ഹരികൃഷ്ണൻ, കുമാരി ദേവിക ശ്രീകുമാർ, കുമാരി ദേവിക വിജു, തുടങ്ങി വളരെ പേർ പരിപാടികൾ അവതരിപ്പിച്ചു

കുമാരി ശ്രവണ നന്ദി പറഞ്ഞതോടെ വാർഷിക യോഗത്തിനും കുടുംബ സംഗമത്തിനും പരിസമാപ്തിയായി. ●



## ശ്രീദേവി പിഷാരസ്യാർ

കുത്തനൂർ നടുത്തറ പിഷാരത്ത് ശ്രീദേവി പിഷാരസ്യാർ (വേശ-87) 10-04-2024നു നിര്യാതയായി.

## ഉഷ എ.പി.

ആറങ്ങോട്ട് പിഷാരത്ത് പരേതയായ സരോജിനി പിഷാരസ്യാരുടെയും ലക്കിടി വടക്കേ പിഷാരത്ത് പരേതനായ നാരായണ പിഷാരോടിയുടെയും മകൾ ഉഷ (62) 13-04-2024നു ഹൃദയാഘാതം മൂലം നിര്യാതയായി. ഭർത്താവ്: മായന്നൂർ പിഷാരത്ത് പി.പി. ഉണ്ണികൃഷ്ണൻ. മക്കൾ: ശ്രീദേവി, ജ്യോതി. മരുമക്കൾ: രോഹിത്, അമർ. സഹോദരി. ശാന്ത.

## ഉണ്ണികൃഷ്ണ പിഷാരോടി

മായന്നൂർ ചിറങ്കര പിഷാരത്ത് ഉണ്ണികൃഷ്ണ പിഷാരോടി (67) 17-04-2024 നു തൃശൂർ മെഡിക്കൽ കോളേജിൽ വെച്ച് നിര്യാതനായി. ഭാര്യ: സുഗുണ. മകൾ: ശ്വേത പിഷാരോടി.

## ബാലചന്ദ്രൻ

ഗുരുവായൂർ ക്ഷേത്രം കഴകക്കാരനും കാളാട്ട് പിഷാരത്ത് മാധവിപിഷാരസ്യാരുടെ മകനുമായ ബാലചന്ദ്രൻ (49), 16-04-2024നു നിര്യാതനായി. ഭാര്യ: ശൈലജ. മക്കൾ: നവനീത്, ശ്യാമപ്രിയ, ശ്രീഭദ്ര. സഹോദരങ്ങൾ: ബാലകൃഷ്ണൻ, രാധിക.

## രാജശേഖരൻ

ആണ്ടാള പിഷാരത്ത് രാധാദേവിയുടെയും, പാലൂർ തെക്കേ പിഷാരത്ത് പരേതനായ ഉണ്ണിക്കൃഷ്ണന്റെയും മകൻ രാജശേഖരൻ (42) 17-04-2024 നു പുണെയിൽ നിര്യാതനായി. സഹോദരി: രമ ശർമ്മൻ

## വിജയലക്ഷ്മി കെ.

മാവേലിക്കര കണ്ടിയൂർ പിഷാരത്ത് വിജയലക്ഷ്മി (77) 21-04-2024നു നിര്യാതയായി. ഭർത്താവ്: ആലങ്ങാട് കൃഷ്ണപുരത്ത് പിഷാരത്ത് ശാർങ്ഗധര പിഷാരോടി. മക്കൾ: മണികണ്ഠൻ, ജയശ്രീ. മരുമക്കൾ: ദിവ്യ, ശ്രീക്കുട്ടൻ. സഹോദരങ്ങൾ: കെ.പി. പിഷാരോടി, ഭാനുമതി അമ്മ, ഇന്ദിര.

## ടി.വി. മുരളീധരൻ

ചെറുകുന്ന് തെക്കേ വീട്ടിൽ പരേതയായ ശാരദ പിഷാരസ്യാരുടെയും വിളയിൽ പിഷാരത്ത് പരേതനായ കൃഷ്ണ പിഷാരോടിയുടെയും മകൻ ടി.വി. മുരളീധരൻ (68), 26-04-2024നു ഹൃദയാഘാതം മൂലം കോഴിക്കോട് മായനാട് വീട്ടിൽ നിര്യാതനായി. ഭാര്യ: പുറയൻകുളങ്ങര പിഷാരത്ത് ഗീത. മകൻ: ശ്രേയസ്. മരുമകൾ: ഡോ. ഉമ. സഹോദരങ്ങൾ: പരേതനായ ടി.വി. ചന്ദ്രശേഖരൻ, ടി.വി. രാധാകൃഷ്ണൻ, ടി.വി. സത്യഭാമ, ടി.വി. സുമിത്ര.

## പി.സി. രുഗ്മിണി അമ്മ

കോട്ടയം മണർകാട് വിജയപുരത്ത് പിഷാരത്ത് രുഗ്മിണി അമ്മ (91), 27-04-2024നു നിര്യാതയായി. ഭർത്താവ്: അമയന്നൂർ തേവലക്കാട്ട് മഠത്തിൽ കൃഷ്ണനുണ്ണി. മക്കൾ: ഉണ്ണികൃഷ്ണ പ്രസാദ്, വേണുകുമാർ, രാധാമണി. മരുമക്കൾ: ഡോ. ഹേമലത, അനിതകുമാരി, കൃഷ്ണകുമാർ. സഹോദരങ്ങൾ: പരേതനായ പി.കെ. ഭരതപിഷാരോടി (മുൻ സമാജം പ്രസിഡണ്ട്), ദേവകി പിഷാരസ്യാർ.

## ശാരദ പിഷാരസ്യാർ

തലക്കുളത്തൂർ പിഷാരത്ത് പരേതരായ നാരായണി പിഷാരസ്യാരുടെയും ഗോപാല പിഷാരടിയുടെയും മകൾ ശാരദ പിഷാരസ്യാർ (86 - റിട്ട. ബലവാടി ടീച്ചർ) 30-04-2024നു നിര്യാതയായി. സഹോദരങ്ങൾ: രാധ പിഷാരസ്യാർ, പരേതയായ ദേവകി പിഷാരസ്യാർ, പദ്മാവതി പിഷാരസ്യാർ, കൃഷ്ണ പിഷാരോടി.

ഓഫീസ് മേൽവിലാസം: പിഷാരോടി സമാജം, മെയിൻ റോഡ്, ഉദയനഗർ,
അയ്യന്തോൾ, തൃശൂർ-680003. Ph: 0487-2384597

സമാജം/എഡ്യു. സൊസൈറ്റി/ട്രസ്റ്റ് പ്രസിഡണ്ടിന്റെ മേൽവിലാസം
**ശ്രീ. ആർ. ഹരികൃഷ്ണ പിഷാരോടി**
'സൗപർണ്ണിക', 98/24, റോസ് ലൈൻ, ബൈ ലൈൻ 5, തോട്ടക്കാട്ടുകര, ആലുവ-683108
Ph: 9446025132. Email: harikrishnapisharadyr@gmail.com

ജനറൽ സെക്രട്ടറിയുടെ വിലാസം
**ശ്രീ. കെ.പി. ഗോപകുമാർ**, 'പിഷാരം', 23/274, പന്തളത്ത് ലൈൻ, കാനാട്ടുകര, തൃശൂർ-680011
Ph: 9447085983. Email: rvgopakumar7@gmail.com
ട്രഷറർ - **ശ്രീ. ശ്രീധരൻ ആർ.**, 'ശ്രീനിലയം', 418, ഇന്ദിരഗാന്ധി റോഡ്,
പോട്ടോർ, തൃശൂർ, പിൻ- 680581. Ph: 9605478363. Email: sreedharanrp@hotmail.com

പിഷാരോടി എഡ്യൂക്കേഷണൽ & വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ മേൽവിലാസം
**ഡോ.രാംകുമാർ പി.ബി.**, "രാംനിവാസ്", പടിഞ്ഞാറെപിഷാരം, സൗത്ത് ചിറ്റൂർ, കൊച്ചി-682027
Ph: 9947746160. Email: ramkumar_pb@rajagiritech.edu.in
ട്രഷറർ - **ശ്രീ. രാജൻ പിഷാരോടി**, ത്രി ബംഗ്ലാവ്സ്, കൈനില ശിവക്ഷേത്രത്തിന് സമീപം,
കാറളം പി.ഒ., കരുവന്നൂർ (വഴി), തൃശൂർ - 680 711. Ph: 09819512811

പിഷാരോടി സമാജം ''വെബ്സൈറ്റി''ലേക്കുള്ള മാറ്റങ്ങൾ അയക്കേണ്ട മേൽവിലാസം
**Sri. MURALEEDHARAN.V.P.**,
Whatsaap: 7304470733, Mob: 09004359099,
e-mail: mail@pisharodysamajam.com / muralivp@hotmail.com

ഗുരുവായൂർ ഗസ്റ്റ്ഹൗസ് ഫണ്ടിലേക്കുള്ള സംഖ്യകൾ Pisharody Pilgrimage & Tourism Development Trust എന്ന പേരിൽ തൃശൂർക്കുള്ള ചെക്ക്/ഡ്രാഫ്റ്റ് അയക്കേണ്ട മേൽവിലാസം
**ശ്രീ. രവി കെ.പി.**, 'വിഷ്ണുമായ', കടുങ്ങല്ലൂർ വെസ്റ്റ് പി.ഒ., ആലുവ-683110
Ph: 8575351063, 9447869021 Email: ravikp1972@gmail.com
ഗസ്റ്റ് ഹൗസ് സംബന്ധമായ കാര്യങ്ങൾ 0487-2558801, 2558802, 91-6238743319 എന്നീ ഫോൺ നമ്പറുകളിൽ അന്വേഷിക്കാവുന്നതാണ്.
ട്രഷറർ - ശ്രീ. എ.പി. ഗോപി, 'അച്യുതം', ചെമ്പൂക്കാവ് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ.
Ph: 9447916278. Email: apgopi4@gmail.com

തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട വിലാസം
**ശ്രീ. ഗോപൻ പഴുവിൽ** (എഡിറ്റർ, തുളസീദളം)
"സാരസ്വതം", ഇക്കണ്ടവാരിയർ റോഡ്, എടക്കുന്നി, ഒല്ലൂർ പി.ഒ., തൃശൂർ - 680 306.
മൊബൈൽ: 9495225979. e-mail: gopanpazhuvil@gmail.com
ശാഖാവാർത്തകൾ ജനറൽ സെക്രട്ടറിക്ക് നേരിട്ട് അയക്കേണ്ടതാണ്.
തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ
അയക്കേണ്ട മറ്റൊരു ഇ-മെയിൽ വിലാസം: thulaseedalamedb@gmail.com

''തുളസീദള''ത്തിലേക്കും വെബ്സൈറ്റിലേക്കുമുള്ള പരസ്യങ്ങൾ, വരിസംഖ്യ, സംഭാവന, പരസ്യച്ചാർജ്ജ് എന്നിവ **THULASEEDALAM** എന്ന പേരിൽ ചെക്കായോ ഡ്രാഫ്റ്റായോ NEFT ആയോ, Google Pay വഴിയോ അയക്കുവാൻ അഭ്യർത്ഥിക്കുന്നു. അയക്കേണ്ട വിലാസം:
**മാനേജർ, ശ്രീ. ആർ.പി. രഘുനന്ദനൻ,** 7H ആർട്ടെക്ക് ഗേറ്റ് വേ,
ഹോട്ടൽ ജോയ്സ് പാലസിന് എതിർവശം, ടി.ബി. റോഡ്, തൃശൂർ - 680021. Ph: 9892240547
E-mail: thulaseedalamedb@gmail.com / raji.nandanam16@gmail.com
ചെക്ക്, ഡ്രാഫ്റ്റ് എന്നിവ അയച്ച വിവരവും NEFT ചെയ്ത വിവരവും
മാനേജരെ ഫോൺ മുഖാന്തിരം അറിയിക്കേണ്ടതാണ്.
ബാങ്ക് വഴിയുള്ള ഇടപാടുകൾക്ക് **THULASEEDALAM**
**SB A/c No. 0721101055775** **Canara Bank**
**IFSC Code: CNRB0000721** **West Palace Road, Thrissur.**

# സ്നേഹ സ്മരണയിൽ



## കാവശ്ശേരി പിഷാരത്ത്
# സേതുമാധവൻ

(റിട്ട. മാനേജർ, എസ്.ബി.ടി)

ശ്രീരാഗം, വെളപ്പായ, തൃശൂർ

ജനനം: 25-11-1956    മരണം: 17-05-2021

*ദുഃഖപൂർവ്വം*

ഭാര്യ : കാറളം കൈനില പിഷാരത്ത് ഗിരിജ

മക്കൾ : ശ്രീജിത്ത് സേതുമാധവൻ, അർജുൻ സേതുമാധവൻ

മരുമകൾ : ശ്രുതി ശ്രീജിത്ത്

പേരമകൻ : സാകേത്റാം ശ്രീജിത്ത്

THULASEDALAM

RNI Reg: No.36078/1981
Published on 07-05-2024

Posted at RMS, Thrissur

May 2024, Price-15.00

SAROJA NURSING HOME THRISSUR

SAROJ HOME CARE

A UNIT OF SAROJA NURSING HOME



ആരോഗ്യ സംരക്ഷണം
നിങ്ങളുടെ വീട്ടിലേക്ക്

നിങ്ങളുടെ പ്രിയപ്പെട്ടവർക്ക്
നിങ്ങൾ കൊടുക്കുന്ന
സ്നേഹ സംരക്ഷണം പോലെ

തൃശ്ശൂരിലെ പ്രധാന സ്ഥലങ്ങളിൽ സേവനം

- വീട്ടിൽ പരിശോധന
- പിക്കപ്പ് സംവിധാനം
- ഡോക്ടറുടെ സേവനം വീടുകളിൽ
- എമർജൻസി 24x7 പിക്ക് അപ്പ്

അപ്പോയ്ന്റ്മെന്റിനായി
വിളിക്കുക/വാട്സാപ്പ് ചെയ്യുക

+91 81380 19090

Printed and Published by Sri. K.P. Gopakumar, General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy